
# ദീപനാളം

2021 സെപ്റ്റംബർ 9 | ദീപം 54 | നാളം 23 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

സീറോ മലബാർസഭയിൽ സിനഡുതീരുമാന പ്രകാരം നടപ്പാക്കുന്ന നവീകരിച്ച ഏകീകൃത കുർബാനക്രമം സംബന്ധിച്ച് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പുറപ്പെടുവിച്ച ഇടയലേഖനത്തിൽനിന്ന്:

## ഐക്യത്തിനാവശ്യം ഐകരൂപ്യം

**1934** മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986 ൽ പുനരുദ്ധരിക്കപ്പെട്ട റാസക്രമം നിലവിൽ വന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായകമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ കർമക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റ് ആരാധനക്രമകർമങ്ങളും ഏകീകൃതരൂപത്തിലാക്കാൻ കഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണഫലപ്രാപ്തിയിലെത്തിയില്ല. 1999 ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നൽകിയെങ്കിലും അത് എല്ലാ രൂപതകളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാ അസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽസമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു.

▶12

# ചരിത്രത്തെ ചിത്രവധം ചെയ്യുന്നവർ


## ജവഹർലാൽ നെഹ്റു ജനമനസ്സുകളിൽ ജീവിക്കുന്നു



ജോർജ് കള്ളിവയലിൽ

**സ്വാ**തന്ത്ര്യാനന്തരഭാരതത്തിന്റെ ചരിത്രത്തിൽ മഹാത്മാഗാന്ധി കഴിഞ്ഞാൽ ഏറ്റവുമധികം ആദരിക്കപ്പെടുന്ന പേരാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. സ്വതന്ത്രേന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയെന്നതു മാത്രമല്ല നെഹ്റുവിന്റെ സവിശേഷത. ഇന്ത്യയെ ജനാധിപത്യ, മതേതര, സോഷ്യലിസ്റ്റ് രാജ്യമാക്കി മാറ്റിയതിൽ നെഹ്റുവിന്റെ ദീർഘവീക്ഷണവും പ്രായോഗികതയും പ്രധാനമാണ്. നെഹ്റുവിയൻ വികസനമാതൃകയാണ് ആധുനിക ഇന്ത്യയ്ക്കു കരുത്തായി മാറിയത്. ദാർശനികനും മനുഷ്യസ്നേഹിയും എഴുത്തുകാരനും പ്രഭാഷകനും മികച്ച ഭരണാധികാരിയുമായിരുന്ന മഹാനായ രാഷ്ട്രശില്പിയാണ് നെഹ്റുവെന്നതു വിസ്മരിക്കാനാകില്ല.

മഹാത്മാഗാന്ധിയുടെ ഏറ്റവും വിശ്വസ്തനായിരുന്ന നെഹ്റു സ്വാതന്ത്ര്യ സമരത്തിൽ നിർണായകമായ പങ്കാണു വഹിച്ചത്. ബ്രിട്ടീഷുകാർക്കെതിരേയുള്ള പോരാട്ടത്തിൽ വർഷങ്ങളോളം ജയിലിൽ കഴിഞ്ഞു. ഇംഗ്ലണ്ടിൽ പഠിച്ച് ബാരിസ്റ്റർ ബിരുദം നേടിയ നെഹ്റുജി രാജ്യത്തിനായി സ്വയം സമർപ്പിച്ചതിന്റെ സത്ഫലങ്ങളാണു പുതുതലമുറ അനുഭവിക്കുന്ന ജീവിതസൗകര്യങ്ങൾ. അലഹബാദ് ഹൈക്കോടതിയിൽ അഭിഭാഷകനായി ചേർന്നെങ്കിലും നിയമജീവിതം ഹ്രസ്വമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പൂർണമായും ഇടപെടാനാണു ജോലി ഉപേക്ഷിച്ചതെന്നതും മറക്കരുതല്ലോ. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റ് എന്ന നിലയിൽ, 1929 ൽ ബ്രിട്ടീഷ്‌രാജിൽനിന്ന് പൂർണസ്വാതന്ത്ര്യം ആവശ്യപ്പെട്ട നേതാവാണ് നെഹ്റു.



### എല്ലാത്തിന്റെയും തുടക്കക്കാരൻ

ഇന്ത്യയെ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ നെഹ്റു വിഭാവനം ചെയ്ത വിദ്യാഭ്യാസസ്ഥാപനങ്ങൾ, സ്റ്റീൽ പ്ലാന്റുകൾ, വലിയ പൊതുമേഖലാ സ്ഥാപനങ്ങൾ, ശാസ്ത്ര - സാങ്കേതിക ഗവേഷണസ്ഥാപനങ്ങൾ, അണക്കെട്ടുകൾ തുടങ്ങിയവയാണ് ആധുനിക ഇന്ത്യയുടെ അടിത്തറ. ചേരിചേരാനയത്തിലൂടെ ആഗോളതലത്തിൽ ഇന്ത്യയ്ക്കു പ്രസക്തിയും ശക്തിയും നേടാനും കാരണക്കാരൻ നെഹ്റുവായിരുന്നു. ദീർഘവീക്ഷണമുള്ള, ജനങ്ങളോടു പ്രതിബദ്ധതയുള്ള പണ്ഡിറ്റ് നെഹ്റുവാണ് രാജ്യത്തെ സ്വയംപര്യാപ്തതയിലേക്കു നയിച്ചതെന്നതിലും തർക്കമില്ല.

സ്വാതന്ത്ര്യസമരത്തിലും അരാജകത്വത്തിലേക്കു പോകുമായിരുന്ന സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രൂപീകരണത്തിലും നിർണായക പങ്കു വഹിച്ച ജവഹർലാൽ നെഹ്റുവിന്റെ സംഭാവനകൾ അംഗീകരിക്കാൻ കേന്ദ്രത്തിലെ ബിജെപി - ആർഎസ്എസ് സർക്കാരിനു വൈമുഖ്യമാണ്.

ഇന്ത്യയുടെ ചരിത്രം, സംസ്കാരം, ജനാധിപത്യം, മതേതരത്വം എന്നിവയിലെല്ലാം വെള്ളം ചേർക്കാനും കാവി പുതപ്പിക്കാനുമുള്ള തത്രപ്പാടിലാണു ബിജെപി സർക്കാരുകൾ. വിദ്യാഭ്യാസത്തിലും ചരിത്രത്തിലും ഇതിനായി തിരുത്തലുകളും വെട്ടലുകളും കൂട്ടിച്ചേർക്കലുമായി പലതരം പ്രഹസനങ്ങളാണു നടക്കുന്നത്.

സ്വാതന്ത്ര്യസമരത്തിൽ കാര്യമായ പങ്കാളിത്തമില്ലാത്ത ആർഎസ്എസ്, സംഘപരിവാർ നേതാക്കളെ സ്വാതന്ത്ര്യസമരസേനാനികളാക്കി ചിത്രീകരിക്കാനാണു പുതിയ ശ്രമം. ഒപ്പം, രാഷ്ട്രനിർമിതിയിലെ ഏറ്റവും പ്രബലരായ നേതാക്കളെ ഇകഴ്ത്തിക്കാട്ടാനും ചരിത്രരേഖകളിൽനിന്ന് വെട്ടിമാറ്റാനും നാണംകെട്ട, തരംതാണ നീക്കങ്ങളും നടക്കുന്നു.

### ഒഴിവാക്കിയത് സാങ്കേതികപിഴവല്ല

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷപോസ്റ്ററിൽനിന്ന് ജവഹർലാൽ നെഹ്റുവിന്റെ ചിത്രം ഒഴിവാക്കിയ നടപടി ചരിത്രത്തിൽനിന്ന് അദ്ദേഹത്തെ മായ്ച്ചുകളയാനുള്ള പാഴ്ശ്രമങ്ങളുടെ ഭാഗമാണെന്നതിൽ സംശയമില്ല. സാങ്കേതികപിഴവാണെന്നും ഭാവിയിലെ പോസ്റ്ററിൽ നെഹ്റുവിനെ ഉൾപ്പെടുത്തുമെന്നുമാണ് ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിൽ (ഐസിഎച്ച്ആർ) വിശദീകരിക്കുന്നത്. ഈ വിശദീകരണംതന്നെ അപഹാസ്യവും അപലപനീയവും അസംബന്ധവുമാണെന്നു പറയാതെ വയ്യ.

▶8

## കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചൻ

# പാലായിലെ സിംഹനാദവും മാന്നാനത്തെ മഹർഷിശബ്ദവും

സഭാചരിത്രം / പഠനം



മാർ ജോസഫ് കല്ലറങ്ങാട്ട്

**സു**റിയാനിപൈതൃകത്തിന്റെ ഉർവരമായ മീനച്ചിൽ താലൂക്കിലെ കട്ടക്കയം തറവാട്ടിലെ അസ്തമിക്കാത്ത സൂര്യനാണ് ഭാഗ്യസ്മരണാർഹനായ വലിയ ചാണ്ടിയച്ചൻ (1828 – 1909). അതിസമർത്ഥരായ കത്തനാർമാരുടെ പിതൃഗൃഹമാണ് കട്ടക്കയം. പ്രതിഭകളുടെ സംഗമവേദിയാണത്. ആഴത്തിൽ വേരുകളുള്ള വൃക്ഷങ്ങളേ ഉയരത്തിൽ വളർന്നു ശാഖകൾ വിടർത്തി പന്തലിക്കുകയുള്ളൂ. കട്ടക്കയം കത്തനാർമാരുടെ ഔന്നിത്യം എളുപ്പത്തിൽ അളക്കാനുള്ള വാരക്കോൽ നമ്മുടെ പക്കൽ കാണില്ല. വലിയ ചാണ്ടിയച്ചൻ കേവലം ഒരു വ്യക്തിയല്ല, ഒരു 'ദിശാബോധ'മാണ്. വണ്ണംകൊണ്ടും പൊക്കംകൊണ്ടും ബുദ്ധികൊണ്ടും വലിയ ആൾതന്നെയായിരുന്നു. ഗാംഭീര്യവും ലാവണ്യവും തിളങ്ങുന്ന മുഖഭാവം അദ്ദേഹം നയിച്ച മൂല്യാധിഷ്ഠിത ജീവിതത്തിന്റെ മികവാണു വ്യക്തമാക്കുന്നത്.

ഭക്തരായ മാതാപിതാക്കളും ശക്തരായ കത്തനാർമാരും ചാണ്ടിക്കുഞ്ഞിനു വളരാനുള്ള വളക്കൂറുള്ള മണ്ണായിരുന്നു. തമിഴ്ഭാഷയിൽ അസാധാരണപാണ്ഡിത്യം നേടിയ മാത്തുക്കത്തനാരുടെ പക്കൽനിന്നു തമിഴും, സുറിയാനിഭാഷയുടെ മറുകരകണ്ട ഇട്ടിമാത്തൻ കത്തനാരിൽനിന്നു സുറിയാനിയും കരസ്ഥമാക്കി. ഈ ഭാഷകളിൽ വ്യുത്പത്തി നേടിയപ്പോൾത്തന്നെ ചാണ്ടിക്കുഞ്ഞ് എല്ലാവരുടെയും ശ്രദ്ധാവിഷയമായി. പാലാ, മാന്നാനം സെമിനാരികളിൽ വൈദികപരിശീലനം നേടിയ ചാണ്ടിശ്ശെമ്മാശ്ശൻ 1845 ൽ ലുദ്‌വിക്കോസ് മെത്രാനിൽനിന്ന് ആസ്ഥപ്പാടുപട്ടവും 1851 ൽ അഞ്ചാം പട്ടവും 1853 ൽ കശീശാപ്പട്ടവും സ്വീകരിച്ചു. 1853 മാർച്ച് 17-ാം തീയതി പാലാപ്പള്ളിയിൽ പുത്തൻ കുർബാന അർപ്പിച്ചു.

**മാന്നാനം കൊവേന്തയിൽ**

പഠിപ്പിച്ചവരോ കുടുംബാംഗങ്ങളോ ആരും ചിന്തിക്കാത്ത ഒരു വഴിയിലേക്ക് കൊച്ചച്ചൻ മാറി മാന്നാനം ആശ്രമത്തിൽ ചേർന്നു. മാന്നാനം കൊവേന്തയിൽ ആദ്യം പറഞ്ഞൊപ്പു നടത്തിയ പതിനൊന്നുപേരിൽ ഒരാളായിരുന്നു ചാണ്ടിയച്ചൻ. അമ്മാവന്മാരായ മാത്തുക്കത്തനാരും ഇട്ടിമാത്തൻ കത്തനാരും അദ്ഭുതപ്പെട്ടു. ഈ മാറ്റത്തിലൂടെ സംഭവബഹുലമായ ഒരു ജീവിതത്തിലേക്ക് അദ്ദേഹം മാറുകയായിരുന്നു.

ചാണ്ടിയച്ചന്റെ കഴിവുകൾ മനസ്സിലാക്കിയ വരാപ്പുഴയിലെ ബർണർദീനോസ് മെത്രാൻ വൈദികവിദ്യാർത്ഥികളുടെ ആത്മീയോപദേഷ്ടാവായും മെത്രാസനപ്പള്ളിയിലെ പ്രസംഗകനായും നിയമിച്ചു. മാന്നാനത്തിനുവേണ്ടിയുള്ള നിയമാവലിയും പിതാവ് അച്ചനെ ഏല്പിച്ചു. 1855 ൽ മാന്നാനത്തിനു തിരികെ വന്ന് ധ്യാന (ജ്ഞാന) പ്രസംഗടീമിന്റെ നേതാവായി.


ചാണ്ടിയച്ചൻ 1865 ൽ കൂനമ്മാവിലേക്കു പോയി. അവിടെയാണ് കുര്യാക്കോസ് ചാവറയച്ചനും ലയോപോൾഡച്ചനും താമസിച്ചിരുന്നത്. ഈ സഹവാസം ചാണ്ടിയച്ചന്റെ ജീവിതത്തെ കൂടുതൽ ധന്യമാക്കി. കൂനമ്മാവ്, മുത്തോലി ആശ്രമങ്ങളുടെ നിർമാണപ്രവർത്തനങ്ങൾക്കായി സർവവിധേനയും ചാണ്ടിയച്ചൻ സഹായിച്ചു. നിർമാണപ്രവർത്തനങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ചു.

**ഏലിയാസ് മേലൂസ് മെത്രാൻ കേരളത്തിൽ**

1874 ഒക്ടോബർ രണ്ടിന് മാർ ഏലിയാസ് മേലൂസ് കേരളത്തിലെത്തി. ഇത് പരിശുദ്ധ സിംഹാസനത്തിന്റെ അറിവോടെയായിരുന്നില്ല. തൃശൂരുകാർ മേലൂസിന് ആവേശപൂർവമായ സ്വീകരണം നൽകി. ഇതിനുമുമ്പ് 1861 മെയ് ഒമ്പതിന് കേരളത്തിലെത്തിയ കൽദായ കത്തോലിക്ക മെത്രാനായിരുന്നു മാർ റോക്കോസ് (മാർ തോമ്മ). തദവസരത്തിൽ ചാവറയച്ചൻ വരാപ്പുഴ വികാരി ജനറാൾ ആയിരുന്നു. അനധികൃതമായിട്ടായിരുന്നു റോക്കോസ് എത്തിയതെന്ന് റോമിൽനിന്ന് അറിയിപ്പു കിട്ടി. 1861 സെപ്റ്റംബർ ഏഴിന് പാത്രിയാർക്കീസ്, റോക്കോസിനെ തിരികെ വിളിച്ചു. തനതായ മെത്രാനെ കിട്ടാനുള്ള ആഗ്രഹം റോക്കോസ് നസ്രാണികളുടെ ഇടയിൽ വളർത്തി.

മാർ റോക്കോസിനെ എതിർത്തതുപോലെ മേലൂസിനെതിരായും പ്രസംഗിക്കാൻ ചാണ്ടിയച്ചൻ ഏൽത്തുരുത്തിലേക്കു പോയി. മാർ റോക്കോസിനെ തിരിച്ചയയ്ക്കാൻ പ്രയത്നിച്ചവരിൽ മുഖ്യനായിരുന്നു ചാണ്ടിയച്ചൻ. 1886 ൽ ലെയോ മോയ്റിൻ മെത്രാൻ എഴുതി: "മാന്നാനത്തുനിന്ന് അയച്ച വിശദാംശങ്ങളോടുകൂടിയ കത്തു കിട്ടിയെന്നും ഇന്നലെ വിശ്വാസതിരുസംഘത്തിന്റെ തലവനായ കർദിനാൾ സിമയോണിക്ക് അത് അയച്ചുവെന്നും ബഹുമാനപ്പെട്ട ചാണ്ടിയച്ചനോടു പറയുക. നിങ്ങളുടെ സഭ ഒരു പ്രത്യേക രൂപതയാകും." രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കപ്പെടുന്നതിന് എട്ടുമാസംമുമ്പുള്ള കത്താണിത്.

1861 ൽ ഏൽത്തുരുത്തിൽ റോക്കോസ് ശീശ്മയ്ക്കെതിരേ പ്രസംഗിച്ചു പോരാടാൻ ചാണ്ടിയച്ചൻ അയയ്ക്കപ്പെട്ടു. ശക്തമായ എതിർപ്പുകൾ ഉണ്ടായെങ്കിലും വിജയിച്ചു. 1865 ൽ കൂനമ്മാവിലെത്തി കേരളത്തിലെ ആദ്യത്തെ കന്യാമഠം ആരംഭിച്ചു. തുടർന്ന് അമ്പഴക്കാട്, മുത്തോലി, കൊഴുവനാൽ എന്നിവിടങ്ങളിലും



മഠങ്ങൾ സ്ഥാപിച്ചു. പിന്നീട് മേലൂസ് മെത്രാൻ വന്നപ്പോഴും ചാണ്ടിയച്ചനെ നിയോഗിച്ചു. തൃശൂർ മേലൂസ് കീഴ്പ്പെടുത്തിയപ്പോൾ കത്തോലിക്കർക്കായി ചാണ്ടിയച്ചൻ സ്ഥാപിച്ച പള്ളിയാണ് റൊട്ടിപ്പള്ളി എന്നറിയപ്പെടുന്നത്. 1876 ൽ മാന്നാനം പള്ളി വികാരിയായി ചുമതലയേറ്റു. മൊയ്റിൻ മെത്രാനെ മാന്നാനത്തു സ്വീകരിച്ചു യോഗം ഗംഭീരമാക്കി.

മുത്തോലി കർമലീത്താമഠം ആരംഭിക്കുന്നത് അദ്ദേഹം മാന്നാനത്തു വികാരിയായിരിക്കുമ്പോഴാണ്. മാന്നാനം ഹൈസ്കൂൾ, ദീപിക പത്രം തുടങ്ങിയവയൊക്കെ ഈ കാലഘട്ടത്തിന്റെ സംഭാവനകളാണ്. 1885 ൽ മാന്നാനത്ത് പ്രിയോരായി. മോൺ. ലവീഞ്ഞ് മെത്രാന്റെ ആലോചനക്കാരിൽ ഒരാളായിരുന്നു ചാണ്ടിയച്ചൻ. സുറിയാനിക്കാർക്ക് വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ അവയിലേക്കു വികാരി അപ്പസ്തോലിക്കാമാരായി കർമലീത്താക്കാരെ നിയോഗിക്കണമെന്ന അഭിപ്രായത്തോട് ചാണ്ടിയച്ചൻ വിയോജിച്ചു. സഭയുടെ നിയമാവലി പരിഷ്കരണക്കമ്മറ്റിയിൽ അംഗമായി. 1902 ൽ കർമലീത്താസഭയ്ക്ക് സ്വയംഭരണം ലഭിക്കുകയും തുടർന്ന് പ്രിയോർ ജനറലായി ചാണ്ടിയച്ചനെ തിരഞ്ഞെടുക്കുകയും ചെയ്തു. 1905 ൽ രണ്ടാം തവണയും പ്രിയോർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു.

**വചനപ്രഘോഷകൻ**

ചാണ്ടിയച്ചൻ നസ്രാണികളുടെ ഇടയിൽ മാത്രമല്ല, മറ്റു മതധാരകളുമായും നല്ല ബന്ധം പുലർത്തി. കേരളം കണ്ട ഏറ്റവും നല്ല വചനപ്രഘോഷകരിൽ ഒരാളായിരുന്നു വലിയ ചാണ്ടിയച്ചൻ. ചാവറയച്ചനും പോരൂക്കരയച്ചനും ചാണ്ടിയച്ചനും ഒറ്റ ടീമായി പ്രവർത്തിച്ചു. കാടിളക്കി ചാണ്ടിയച്ചൻ പ്രസംഗിച്ചു. അദ്ദേഹം പ്രസംഗിക്കാത്ത പള്ളികൾതന്നെ ചുരുക്കമായിരിക്കും. ഇടിമുഴക്കംപോലുള്ള ശബ്ദം. സിംഹഗർജനമായിരുന്നെങ്കിലും മാധുര്യമുള്ള സ്വരമായിരുന്നു. ചാണ്ടിയച്ചനെ കേൾക്കാൻ എല്ലാവരും കൊതിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ട് വിശ്വാസികൾ വാവിട്ടു കരഞ്ഞിരുന്നു. യോഹന്നാൻ മാംദാനയുടെ ശൈലിയിലാണു സംസാരിച്ചിരുന്നത്. വചനപ്രഘോഷണത്തിലൂടെ സഭാനവീകരണവും കുടുംബസന്ദർശനങ്ങളിലൂടെ കുടുംബങ്ങൾ തമ്മിലുള്ള ഐക്യവും ഉറപ്പിച്ചു. താപസാഭിമുഖ്യമുള്ള പുരോഹിതൻ, സുറിയാനിപണ്ഡിതൻ, സമുദായസ്നേഹി, താരതമ്യങ്ങളില്ലാത്ത വചനോപാസകൻ, സന്ന്യാസമഠസ്ഥാപകൻ, ശീശ്മകൾക്കു കണ്ഠകോടാലി, ആദ്യത്തെ ഏതദ്ദേശീയ പ്രിയോർ ജനറൽ, കൊച്ചിയിലെയും തിരുവിതാംകൂറിലെയും രാജാക്കന്മാർ ആദരിച്ചിരുന്ന മുനിവര്യൻ, വിശ്രമമില്ലാതെ പോരാടിയവൻ, ഏതദ്ദേശീയ മെത്രാന്മാർക്കു വേണ്ടി വാദിച്ചവൻ... ഇങ്ങനെ നീളുന്നു വലിയ ചാണ്ടിയച്ചന്റെ വിശേഷണങ്ങൾ.

**കീർത്തിമുദ്രകൾ: രണ്ടാം ശൗരിയാർ**

സംഭവബഹുലമായിരുന്നു ചാണ്ടിയച്ചന്റെ പൗരോഹിത്യ-സന്ന്യാസജീവിതകാലം. ഇടവക ധ്യാനപ്രസംഗകൻ എന്ന നിലയിൽ അസാധാരണമായ ഖ്യാതി നേടി. മേലൂസ് ശീശ്മയ്ക്കെതിരേ ദൈവശാസ്ത്രപ്രബോധനങ്ങൾ ചാണ്ടിയച്ചൻ ഒന്നിനുപിറകേ ഒന്നായി അവതരിപ്പിച്ചു. വി. കുർബാനയിലും പരിശുദ്ധ സിംഹാസനത്തോടുള്ള ബന്ധത്തിലും മർത്ത്മറിയത്തോടുള്ള ഭക്തിയിലും കേന്ദ്രിതമായിരുന്നു ചാണ്ടിയച്ചന്റെ പ്രഭാഷണങ്ങൾ. കുളത്തിൽ കല്ലെറിയുന്നതുപോലെ മനുഷ്യഹൃദയങ്ങളിൽ അതുചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ് ചാണ്ടിയച്ചൻ ഡഫനിത്തോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടത്. 1903 ൽ ഗുരുപ്പട്ട ജൂബിലിയും 1905 ൽ വ്രതവാഗ്ദാനജൂബിലിയും ആഘോഷിച്ചു. ആഘോഷവേളയിൽ നിധീരിക്കൽ മാണിക്കത്തനാർ ചാണ്ടിയച്ചനെ ലോകജേതാവായ അലക്സാണ്ടറോട് ഉപമിക്കുകയുണ്ടായി. ജൂബിലി പ്രമാണിച്ച് Croce Bene Mereza എന്ന കീർത്തിമുദ്ര ലിയോ പതിമൂന്നാമൻ പാപ്പാ അയച്ചുകൊടുത്തു. ചാണ്ടിയച്ചന്റെ പ്രസംഗചാതുരി പരിഗണിച്ച് ഡോ. ലവീഞ്ഞ് മെത്രാപ്പോലീത്താ മുൻകൂട്ടി പറഞ്ഞിരുന്നു, "പ്രസംഗമധ്യേ ആയിരിക്കും ചാണ്ടിയച്ചൻ മരിക്കുന്നത്" എന്ന്. അപ്രകാരം സംഭവിക്കുകയും ചെയ്തു.

വിൻസ്റ്റൺ ചർച്ചിലിനെപ്പോലെയാണ് ചാണ്ടിയച്ചനെ എനിക്കു മനസ്സിലാകുന്നത്. സിംഹത്തിന്റെ ഹൃദയത്തോടെ തീരുമാനമെടുക്കുക, ഇടയന്റെ ഹൃദയത്തോടെ തീരുമാനങ്ങൾ നടപ്പാക്കുക. ഉറച്ച തീരുമാനങ്ങളുടെയും ഇടയനടുത്ത സ്നേഹമസൃണമായ പെരുമാറ്റത്തിന്റെയും ഉടമയായിരുന്നു ചാണ്ടിയച്ചൻ. ചാണ്ടിയച്ചൻ പ്രിയോർ ജനറൽ ആയിരിക്കുമ്പോൾ ദീർഘവീക്ഷണത്തോടെ യോഗാർത്ഥികൾക്കു ശിക്ഷണം നൽകി. പതിറ്റാണ്ടുകൾ നസ്രാണിസഭയെ സ്നേഹിക്കുന്ന നൂറുകണക്കിനു വൈദികരെ സഭയ്ക്കു സമ്മാനിച്ചു. അഗാധപണ്ഡിതനായിരുന്ന ചാണ്ടിയച്ചൻ 'കുസുമമകുടം' എന്ന ഗ്രന്ഥം രചിച്ചു.

ശേഷം 5-ാം പേജിൽ

# വേണ്ട, ഇനി ആണവായുധം



ടോണി ചിറ്റിലപ്പിള്ളി





ഭൂമുഖത്ത് ആദ്യമായി അണുബോംബു വർഷിച്ചത് അമേരിക്കയായിരുന്നു. ഒരുലക്ഷത്തിനാല്പതിനായിരത്തിലധികം മനുഷ്യജീവനുകൾ ജപ്പാനിൽ നിമിഷങ്ങൾക്കകം കത്തിച്ചാമ്പലായി. സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം സകല ജീവജാലങ്ങളും കത്തിക്കരിഞ്ഞു. അണുബോംബിന്റെ പാർശ്വഫലങ്ങളായി മാരകരോഗങ്ങളും പകർച്ചവ്യാധികളും ജപ്പാൻജനതയെ ഇപ്പോഴും കാർന്നുതിന്നുകൊണ്ടിരിക്കുന്നു.

നമ്മുടെ മുന്നിലെ വലിയൊരു ഭീഷണിയാണ് ആണവമാലിന്യങ്ങൾ. കോൺക്രീറ്റ് കുടീരങ്ങൾക്കുള്ളിൽ അടക്കം ചെയ്തിരിക്കുന്ന ഈ വിഷവസ്തുക്കൾ കടലിലേക്കും അന്തരീക്ഷവായുവിലേക്കും ചോർന്നെത്തുന്നത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. ഭൂമിയിൽ ജീവജാലങ്ങളുടെ നിലനില്പുതന്നെ അപകടത്തിലാക്കുംവിധം വിനാശകരമായ പരിസ്ഥിതിപ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ് ആണവമാലിന്യം.

ആണവനിലയദുരന്തങ്ങളുടെയും ആണവായുധപരീക്ഷണങ്ങളുടെയും ആണവയുദ്ധങ്ങളുടെയും ഫലമായുണ്ടാകുന്ന റേഡിയോവികിരണശേഷിയുള്ള അവശിഷ്ടങ്ങൾ പ്രകൃതിയിൽ സൃഷ്ടിക്കുന്ന ദുരന്തങ്ങൾ അതിഭീകരവും തലമുറകളോളം പ്രതികൂലമായി ബാധിക്കുന്നവയുമാണ്. അതുകൊണ്ടുതന്നെ, ലോകത്ത് ആണവപരീക്ഷണങ്ങൾ അവസാനിപ്പിക്കുന്നതിന് ലക്ഷ്യമിട്ട്, നിരവധി അന്താരാഷ്ട്ര ഉടമ്പടികൾ നിലവിലുണ്ട്. എന്നാൽ അത്തരം ഉടമ്പടികളിലെ വ്യവസ്ഥകൾ അവഗണിച്ചുകൊണ്ട് ആണവശക്തികൾ നടത്തുന്ന പരീക്ഷണങ്ങളുടെ ദുരന്തഫലം ലോകത്തിലെ പല രാജ്യങ്ങളും അവിടത്തെ ജനങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ആണവപരീക്ഷണങ്ങൾ നടന്ന ഇന്ത്യയുടെ പൊക്കറാനും അമേരിക്കയുടെ മാർഷൽ ദ്വീപസമൂഹവും റഷ്യയുടെ കസാക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ തുടങ്ങിയ പ്രദേശങ്ങളിലെ കേന്ദ്രങ്ങളിൽ സ്ഥിതിചെയ്ത ഇടങ്ങളും പരിസരങ്ങളും ചൈനയുടെ വിവിധ കേന്ദ്രങ്ങളും ആണവചോർച്ചകൾ ഉണ്ടായ മറ്റു പ്രദേശങ്ങളും ലോകത്തിന്റെ വിവിധഭാഗത്തായി അണുവികിരണങ്ങളുടെ ഫലം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യത്വത്തിനും, മനുഷ്യനുംനേരേ ആക്രമണം നടത്തുന്ന തീവ്രവാദികൾവരെ ഇന്ന് അണുബോംബിന്റെയും ആണവായുധങ്ങളുടെയും സൂക്ഷിപ്പുകാരാവുന്ന അവസ്ഥയിലേക്കെത്തിയിട്ടുണ്ട്.

അമേരിക്കയെയും റഷ്യയെയും മറികടന്ന് ലോകത്തെ ഏറ്റവും വലിയ ആണവശക്തിയായി മാറാനുള്ള ചൈനയുടെ ശ്രമങ്ങളുടെ ഫലമായി ജീവൻ നഷ്ടമായത് 1.94 ലക്ഷം പേർക്കെന്നാണ് റിപ്പോർട്ട്. 1964 നും 1996 നും ഇടയിൽ ചൈന വിജയകരമായി നടത്തിയ 45 ആണവപരീക്ഷണങ്ങളുടെ ഫലമായാണ് ഇത്രയും മനുഷ്യജീവൻ നഷ്ടമായതെന്ന് അമേരിക്കൻമാസികയായ ദ നാഷണൽ ഇന്ററസ്റ്റിൽ മാധ്യമപ്രവർത്തകൻ പീറ്റർ സൂസ്യുവിന്റെ ലേഖനത്തിൽ പരാമർശിക്കുന്നു.

ലോകമാഗ്രഹിക്കുന്നത് യുദ്ധമില്ലാത്ത നാളുകൾതന്നെയാണ്. ഇനിയൊരു യുദ്ധമുണ്ടായാൽ അത് ലോകനാശത്തിലേക്കായിരിക്കും നയിക്കുകയെന്നത് പ്രവചനത്തിനപ്പുറം സംഭവിക്കാൻ പോകുന്ന യാഥാർത്ഥ്യമാണ്. മനുഷ്യരാശിയെ സ്നേഹിക്കുന്ന രാഷ്ട്രനേതാക്കൾ അതുകൊണ്ട് ഇത്തരം പരീക്ഷണങ്ങളിൽനിന്നു പിന്മാറുകയാണു ചെയ്യേണ്ടത്. ഓരോ ഓഗസ്റ്റ് 29 ഉം ആണവപരീക്ഷണങ്ങൾക്കെതിരായ ദിനമായി ലോകമെങ്ങും ആചരിക്കുമ്പോൾ ആണവായുധമുക്തലോകത്തിനായി സമാധാനകാംക്ഷികളായ ലോകജനതയുടെ പ്രതീക്ഷകൾക്ക് ചിറകുമുളയ്ക്കുന്നു. ഇനിയും അത്തരത്തിലുള്ള ഒരു ആണവദുരന്തം താങ്ങാനുള്ള കരുത്തു ലോകത്തിനില്ല.

ആണവായുധങ്ങളുടെ കരിനിഴലിൽനിന്നു ലോകം മോചിതമാകണം. രാസായുധങ്ങളും ആണവായുധങ്ങളും ഉൾപ്പെടെ കൂട്ടനശീകരണത്തിനു ശക്തിയുള്ള എല്ലാ ആയുധങ്ങളും ഇല്ലാതാക്കണം. അതുമാത്രമാണ് സുരക്ഷിതലോകത്തിലേക്കുള്ള വഴി. ഈ ആയുധങ്ങൾ ഉള്ളിടത്തോളം ലോകം മുഴുവൻ ഭീതിയുടെ നിഴലിലായിരിക്കും. ആണവപരീക്ഷണങ്ങൾ ഒന്നിനും പരിഹാരമല്ല.

ആണവപരീക്ഷണംകൊണ്ട് ഒരു രാജ്യം രണ്ടു കാര്യങ്ങളാണ് ലക്ഷ്യമാക്കുന്നത്. ഒന്ന്, ഒരു അണുബോംബ് ഉണ്ടാക്കാനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക, രണ്ടാമത്തേതും പരമപ്രധാനവുമായ ലക്ഷ്യം, മറ്റുള്ളവരെ തങ്ങൾക്ക് ഒരു അണുബോംബ് ഉണ്ടാക്കാനാവശ്യമായ ശേഷിയുണ്ടെന്നു ബോധ്യപ്പെടുത്തുക. സംഘർഷങ്ങൾക്കു പരിഹാരമായി ആണവായുധപ്രയോഗം ആകാമെന്ന ഭീഷണി സ്ഥിരമായി നിലനിൽക്കുമ്പോൾ എങ്ങനെയാണു നമുക്കു സമാധാനത്തെക്കുറിച്ചു പറയാനാകുക?

ചരിത്രത്തിലുടനീളം ഇത്തരം പരീക്ഷണങ്ങൾ മനുഷ്യവംശത്തിനു നഷ്ടങ്ങൾ മാത്രമേ സമ്മാനിച്ചിട്ടുള്ളൂ. കൂട്ടമരണങ്ങൾ, തലമുറകളിലേക്കു പടരുന്ന ജനിതകരോഗങ്ങൾ, അനാഥത്വം, സമ്പത്തിന്റെ ജീവനോപാധികളുടെയും നാശം. ഇതു മാത്രമാണ് ആണവപരീക്ഷണങ്ങൾ ഈ ഭൂമണ്ഡലത്തിൽ സൃഷ്ടിച്ചത്. മാനവരാശിയുടെ സുരക്ഷ മുൻനിർത്തി ഹൃദയം തുറന്ന ചർച്ചകൾ നടത്തി ആണവായുധമുക്തലോകം എന്ന ലക്ഷ്യം കൈവരിക്കാൻ ലോകനേതാക്കൾക്കു കഴിയട്ടെ. ■

---

കവിത

പാപ്പച്ചൻ കടമക്കുടി

## അമ്മഭാഷ

ആയിരം നാവിലൂടോമനത്തിങ്കളെ
ആലോലമാട്ടുവോളെന്റെ ഭാഷ.
വാത്സല്യം കൊഞ്ചുമെന്നമ്മതൻ ചുണ്ടിലെ
വാഗ്ദുഗ്ദ്ധമാണെന്റെ പുണ്യഭാഷ.
പുന്നെല്ക്കതിർപ്പാടത്തോളമിടും കാറ്റിൽ-
പുന്നാരവായ്ത്താരിയെന്റെ ഭാഷ.

നാഴൂരിസംഗീതം നട്ടുവളർത്തിയ
നാടൻപാട്ടിന്റെ കിലുക്കഭാഷ.
പിച്ചവയ്ക്കുമ്പൊഴേ പിച്ചകപ്പൂവിടും
കൊച്ചിളം പൈതൽക്കുരുന്നുഭാഷ.
കടങ്കഥക്കളികളിൽ മുത്തശ്ശിമാരോടു
കടംപറഞ്ഞിടയുന്ന മധുരഭാഷ.
നട്ടാൽ മുളയ്ക്കാത്ത നുണതൻ തലക്കനം
നാട്ടാരെ കാട്ടും തിടുക്കഭാഷ.

കരയാൻ, ചിരിക്കാ,നിണങ്ങാൻ പിണങ്ങാനും
കരതൊടും തിരതൻ കളിമ്പഭാഷ.
തുമ്പിയെ, പൊന്നോണവെണ്ണിലാപ്പൊൻകുടം,
തുമ്പയെ, പൊന്നൂഞ്ഞാൽ താളത്തെയും
പൂവിനെ, കിളികളെ, മണ്ണിനെ, മരങ്ങളെ,
പുഴകളെ, പുല്കും പുതുക്കഭാഷ.

അറിയാതെ നാവിന്റെ കൂമ്പിൻക്കിനാവുപോൽ
കുറുകുന്ന പ്രണയത്തിൻ ഹൃദയഭാഷ
കുതികാലുവെട്ടുന്ന ചിരിയോടെ ചുംബന-
മധുനല്കും യൂദാസിൻ ഗരളഭാഷ.

അമ്മിഞ്ഞപ്പാലിനുമമ്പിളിമാമനും
അമ്മയാം ഭാഷയ്ക്കും മരണമില്ലാ,
നാളികേരത്തിന്റെ നാടിന്റെ ശ്വാസമായ്
നാളുകൾ താണ്ടുമെന്നമ്മഭാഷ.

---



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## സർവ്വഥാ, സർവ്വദാ

അതിഖരം ഉച്ചാരണത്തിൽ മൃദുവാകാറുണ്ട്. 'ഥ' വാമൊഴിയിൽ 'ദ' എന്നാകുന്നു. ഉച്ചാരണത്തിൽ സംഭവിക്കുന്ന വ്യതിയാനം എഴുത്തിലേക്കു കടക്കുമ്പോൾ അർത്ഥം മാറിപ്പോകാം. പ്രകാരത്തെ കുറിക്കാൻ 'ഥാല്' (പ്രയോഗത്തിൽ ഥാ) എന്നൊരു പ്രത്യയം സംസ്കൃതത്തിലുണ്ട്. പ്രാകാരവചനേ ഥാല്. തഥാ, യഥാ എന്നിവപോലെ സർവ്വഥാ (സർവ്വ + ഥാ). എല്ലാ പ്രകാരത്തിലും എന്നർത്ഥം.

സർവ്വഥാ എന്നല്ലാതെ 'സർവ്വധാ' എന്നൊരു രൂപമില്ല. സംഖ്യയുടെ വിധം (തവണ) സൂചിപ്പിക്കാനേ ധാ പ്രത്യയം ചേർക്കാവൂ. സംഖ്യായാ വിധാർത്ഥേ ധാ എന്നു സൂത്രം. ഉദാ. ദ്വിധാ = രണ്ടു വിധം; ത്രിധാ = മൂന്നു വിധം; ചതുർധാ = നാലുവിധം; പഞ്ചധാ = അഞ്ചുവിധം; ബഹുധാ = പലവിധം. ഒരിക്കൽ എന്നർത്ഥമുള്ള ഏകദാ എന്നതിനു പകരം ഏകധാ എന്നു പ്രയോഗിക്കരുത്. ഏകധായ്ക്ക് ഒരേ പ്രകാരത്തിൽ അഥവാ ഒരേ തരത്തിൽ എന്നാണു വിവക്ഷിതം. "ക്രിയാപ്രകാരമർത്ഥത്തിൽ ധാ സംഖ്യാ വാചകങ്ങളിൽ" എന്നു രാജരാജവർമ്മ ഇതിന് നിയമം കല്പിച്ചിട്ടുണ്ട്.*

സർവ്വഥാ എന്നാൽ എല്ലാ പ്രകാരത്തിലും എന്നാണ് അർത്ഥമെന്നു സൂചിപ്പിച്ചല്ലോ. സർവ്വ എന്ന വിശേഷണത്തോട് 'ദാ' എന്ന പ്രത്യയം ചേർന്നു വരുന്ന സർവ്വദായ്ക്ക് എല്ലായ്പ്പോഴും എന്നാണർത്ഥം. (സർവ്വ + ദാ = സർവ്വദാ). ദാ പ്രത്യയം കാലവാചിയും ഥാ പ്രത്യയം പ്രകാരവാചിയും ആകുന്നുവെന്നാണല്ലോ പ്രമാണവും. എല്ലായ്പ്പോഴും എന്ന അർത്ഥത്തിൽ സർവ്വഥായും പ്രചരിച്ചിട്ടുണ്ടെങ്കിലും സൂക്ഷ്മാംശത്തിൽ അവ വ്യത്യസ്തങ്ങളാണ്. സർവഥാ, സർവദാ ഇവയ്ക്ക് ഒരേ വിവക്ഷ കല്പിച്ചാലും ഇല്ലെങ്കിലും രൂപപരമായി രണ്ടും ശുദ്ധപദങ്ങൾതന്നെ. 'സർവ്വധാ' എന്നത് ഉച്ചാരണത്തിലും എഴുത്തിലും വർജിക്കണം.

*രാജരാജവർമ്മ, മണിദീപിക, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1987, പുറം – 141.

15 പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

# മിയാവാക്കി ഫോറസ്റ്റ്

**മി**യാവാക്കി എന്നു കേട്ടാൽത്തന്നെ അറിയാം, ഈ നാട്ടുകാരനല്ല. ശരിയാണ്, നാടങ്ങ് ജപ്പാനിലാണ്. നല്ലൊരു സസ്യശാസ്ത്രജ്ഞനായിരുന്നു. മുഴുവൻ പേര് ഡോ. അകിരാ മിയാവാക്കി. ഇക്കഴിഞ്ഞ ജൂലൈ 16-ാം തീയതി 93-ാമത്തെ വയസ്സിൽ ലോകത്തോടു വിട പറഞ്ഞു. വനവത്കരണത്തിനായി ഒരു നൂതനപദ്ധതി നടപ്പാക്കിയാണു മടക്കം. ലോകശ്രദ്ധയാകർഷിച്ച ഈ ബദൽ മാതൃക അദ്ദേഹത്തിന്റെ പേരിലാണറിയപ്പെടുന്നത്. മിയാവാക്കി ഫോറസ്റ്റ്.




ആഗോളതാപനത്തിനും ഭക്ഷ്യക്ഷാമത്തിനുമുള്ള ഒരു മറുപടിയാണ് മിയാവാക്കി ഫോറസ്റ്റ്. സ്വാഭാവികമായി ഒരു വനം രൂപപ്പെടാൻ 300 മുതൽ 500 വരെ വർഷങ്ങൾ എടുക്കും. മനുഷ്യപ്രയത്നത്തിലൂടെ കൃത്രിമവനങ്ങൾ രൂപപ്പെടുത്താൻ കുറഞ്ഞത് 20 -30 വർഷങ്ങൾ എടുക്കുമെന്നിരിക്കേ, വെറും അഞ്ചു മുതൽ പത്തുവരെ വർഷങ്ങൾകൊണ്ട് സ്വാഭാവികവനങ്ങൾ നിർമിക്കാൻ കഴിയും എന്നതാണ് മിയാവാക്കി മോഡലിന്റെ പ്രത്യേകത. 1970 കളിൽ ജപ്പാനിൽ മിയാവാക്കി നടത്തിയ നിരന്തരഗവേഷണങ്ങളുടെയും നിതാന്തപരിശ്രമത്തിന്റെയും ഫലമാണ് മിയാവാക്കി ഫോറസ്റ്റ്. വിദേശസസ്യജാലങ്ങളെ ഒഴിവാക്കി പ്രാദേശികമായ തനതു സ്പീഷിസുകളെ പ്രത്യേകമാംവിധം മണ്ണൊരുക്കി നട്ടുവളർത്തുന്ന രീതിയാണ് 'മിയാവാക്കി മാതൃക'യിൽ അവലംബിച്ചിരിക്കുന്നത്. ഒരു സെന്റ് സ്ഥലത്തുപോലും ഹ്രസ്വമായ കാലയളവിനുള്ളിൽ ഒരു ചെറിയ വനം വളർത്തിയെടുക്കുവാൻ സാധിക്കുമെന്നതാണ് ഈ ബദൽ മാതൃകയുടെ പ്രത്യേകതയും മേന്മയും. ഗ്രാമങ്ങളിൽ മാത്രമല്ല തിരക്കേറിയ പട്ടണങ്ങളിലും റോഡരികിലും വെളിമ്പ്രദേശത്തും ഫ്ളാറ്റുകൾക്കു ചുറ്റിലും തീരപ്രദേശത്തുമൊക്കെ നിബിഡവനങ്ങളുടെ സാന്നിധ്യം കണ്ണുകൾക്കു കൗതുകമാകുന്നു. മാത്രമല്ല, ഓക്സിജൻ ബൂത്തായും ഭക്ഷ്യസുരക്ഷാമാർഗമായും പ്രകൃതിക്ഷോഭപ്രതിരോധസംവിധാനമായുമൊക്കെ വ്യത്യസ്തസേവനങ്ങൾ മനുഷ്യർക്കു പകർന്നു നല്കുന്ന സുസ്ഥിര ആവാസവ്യവസ്ഥയായും മിയാവാക്കി വനങ്ങൾ മാറുന്നു എന്നതു ശ്രദ്ധേയമാണ്.

സ്വാഭാവികവനം രൂപപ്പെടുന്നതിന്റെ പത്തിരട്ടി വേഗത്തിലും മുപ്പതിരട്ടി നിബിഡതയാർന്നും വനവത്കരണം സാധ്യമാകുന്നുവെന്ന യാഥാർത്ഥ്യമറിഞ്ഞാണ്, ജപ്പാനിലെ അകിര മിയാവാക്കി വികസിപ്പിച്ചെടുത്ത ഈ സാങ്കേതികവിദ്യ ഇന്ന് ചൈന, മലേഷ്യ, ഇറ്റലി, ഇൻഡ്യോനേഷ്യ, ഫ്രാൻസ്, ലണ്ടൻ, ശ്രീലങ്ക, ഇന്ത്യ തുടങ്ങിയ നിരവധി രാജ്യങ്ങൾ രണ്ടു കൈയും നീട്ടി സ്വീകരിച്ച് സർക്കാർ തലത്തിലും സ്വകാര്യതലത്തിലും വിജയകരമായി പ്രാവർത്തികമാക്കിവരുന്നത്. പരിസ്ഥിതിമേഖലയിലെ മികച്ച സംഭാവനകൾക്ക് Blue Plant Prize നല്കി ലോകം മിയാവാക്കിനെ ആദരിച്ചു.

മൂന്നു വർഷങ്ങൾക്കുമുമ്പ് 2018 ലാണ് കേരളത്തിൽ ആദ്യമായി ഈ നൂതനവിദ്യ വിജയകരമായി പ്രാവർത്തികമാക്കിയത്. അതിനു നേതൃത്വം കൊടുത്തത് ഇൻവിക് മൾട്ടിമീഡിയ കമ്പനിയുടെ മാനേജിങ് ഡയറക്ടർ എം.ആർ. ഹരി എന്ന പ്രകൃതിസ്നേഹിയാണ്. തിരുവനന്തപുരം നഗരത്തിൽനിന്ന് 12 കി.മീറ്ററിനുമപ്പുറം പുലിയാർകോണമെന്ന സ്ഥലത്ത് വലിയ പാറമടകൾക്കടുത്ത് പാറകളാൽ നിറഞ്ഞ രണ്ടര ഏക്കർ സ്ഥലം വില കൊടുത്തു വാങ്ങി അതിലെ മൂന്നു സെന്റിൽ പരീക്ഷണാർത്ഥം മണ്ണൊരുക്കി, 460 സസ്യങ്ങൾ നട്ടു പരീക്ഷിച്ച മിയാവാക്കി മോഡൽ ഇന്ന് മൂന്നുവർഷങ്ങൾക്കുമിപ്പുറം ആരെയും വശീകരിക്കുന്ന ഒരു ചെറുവനമായി രൂപപ്പെട്ടിരിക്കുന്നു. ഇതേ സ്ഥലത്ത് മൂന്നു സെന്റ് വീതം പത്തിടങ്ങളിൽ ഈ വനവത്കരണം നടത്തുമ്പോൾ, മൂന്നുവർഷംകൊണ്ട് മരങ്ങൾക്ക് 30 അടി ഉയരവും 20 വർഷംകൊണ്ട് 100 വർഷം പഴക്കവും തോന്നിക്കുന്ന വനവത്കരണം എന്ന സ്വപ്നത്തിന്റെ ആവേശത്തിലാണ് അദ്ദേഹം. എം.ആർ. ഹരിയോടൊപ്പം അദ്ദേഹം രൂപപ്പെടുത്തിയ പുലിയാർകോണത്തിലെ വനത്തിനുള്ളിലൂടെ നടന്നപ്പോൾ ഞാനനുഭവിച്ചത് കാൽനൂറ്റാണ്ടുമുമ്പ് കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷണപദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിത്യഹരിത വനങ്ങളിലൂടെ നടന്നപ്പോൾ അനുഭവിച്ച അതേ സുഖദമായ അവസ്ഥയാണ്. സസ്യവൈവിധ്യത്തോടൊപ്പം പക്ഷികളും തേനീച്ചകളും ശലഭങ്ങളും, അണ്ണാറക്കണ്ണന്മാരുമൊക്കെയടങ്ങുന്ന ജന്തുവൈവിധ്യത്തിന്റെ സമ്പന്നതയും ഈ കാട് അടയാളപ്പെടുത്തുന്നു. നടക്കുന്നതിനിടയിൽ, ഒരു സെന്റിൽ 160 ഫലസസ്യങ്ങൾ നട്ടു രൂപപ്പെടുത്തുന്ന ഒരു പഴത്തോട്ടത്തിന്റെ മാതൃക വിവരിച്ച് ഒരു സ്വപ്നവും അദ്ദേഹം പങ്കിട്ടു; കേരളത്തിൽ 10,000 പേർ ഒരു സെന്റിൽ ഇത്തരത്തിൽ കൃഷി ചെയ്താൽ അഞ്ചു വർഷംകൊണ്ട് 100 ഏക്കർ കാടുണ്ടാകും എന്ന കണക്ക്.

ചകിരിച്ചോറും ചാണകപ്പൊടിയും ഉമിയും കടച്ചിൽച്ചീളുമൊക്കെ ചേർത്ത് മണ്ണൊരുക്കി ഒരു സ്ക്വയർഫീറ്റിൽ മൂന്നു സസ്യങ്ങൾ നട്ട് മൂന്നു വർഷം മാത്രം പരിചരണം ആവശ്യമുള്ള ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ഏതു സ്ഥലത്തും നമുക്കിഷ്ടപ്പെട്ട തരത്തിലൊരു വനം സൃഷ്ടിക്കുമ്പോൾ അതിന്റെ പ്രയോജനങ്ങൾ വാക്കുകൾക്കും ചിന്തകൾക്കുമതീതമാണ്. വരും തലമുറകൾക്കുവേണ്ടിയുള്ള പച്ചപ്പിന്റെ ഒരു കരുതലായി ഈ വനങ്ങൾ മാറുമെന്നതിനു സംശയമില്ല.

ശാശ്വതവും സുസ്ഥിരവുമായ ഈ ഹരിതസ്വപ്നത്തെ ഒരു സെന്റ് കൊടുത്ത് നെഞ്ചേറ്റുവാൻ ധൈര്യമുള്ള 1000 യുവജനങ്ങളെങ്കിലും ഈ കോട്ടയം ജില്ലയിലുണ്ടായാൽ, 14 ജില്ലകളിൽനിന്ന് 14000 സെന്റിൽ ഭൂമുഖത്തുയരാൻ പോകുന്നത് വരും നാളുകളിലെ അതിജീവനത്തിന്റെ ഏറ്റവും മഹത്തായ ഒരു മാതൃകയായിരിക്കും. അതായിരിക്കട്ടെ കേരളം മിയാവാക്കി എന്ന ദാർശനികനു നല്കുന്ന ആദരാഞ്ജലി. ■

---

ദളം ഏഴ്



മോബിൻ മോഹൻ



# പരിഹാസങ്ങളിൽ മനമിടറാതെ

**കു**ഞ്ഞുണ്ണി അമ്മാളുവിനെക്കാൾ വെളുത്തതായിരുന്നു. അതുകൊണ്ടുതന്നെ കുഞ്ഞുണ്ണി അവളെ കുഞ്ഞുകറുമ്പീ എന്നു വിളിച്ചു കളിയാക്കും. ഈ സങ്കടം ഉണ്ണീരിയമ്മയോടു പറയാൻ എത്തിയതാണ് അമ്മാളു. അവളുടെ വർത്തമാനം കേട്ടപാടേ ഉണ്ണീരിയമ്മ ഒന്നു ചിരിച്ചു. എന്നിട്ട് പതിവുപോലെ ഒരു കഥ പറഞ്ഞുതുടങ്ങി.


സ്വാമി വിവേകാനന്ദൻ നിയമപഠനത്തിനായി ലണ്ടനിൽ താമസിക്കുന്ന സമയം. അദ്ദേഹത്തിന് വെള്ളക്കാരനായ ഒരു പ്രൊഫസർ ഉണ്ടായിരുന്നു. ഇന്ത്യക്കാരനായ നിറം കുറഞ്ഞ വിവേകാനന്ദനെ അവജ്ഞയോടെയാണ് അയാൾ കണ്ടിരുന്നത്. തരംകിട്ടുമ്പോഴൊക്കെ വിവേകാനന്ദനെ കളിയാക്കുകയും ചെയ്യുമായിരുന്നു. അത്തരം സന്ദർഭങ്ങൾ സ്വാമി എങ്ങനെയായിരുന്നു കൈകാര്യം ചെയ്തിരുന്നത് എന്നു കേൾക്കണ്ടേ?

ഒരിക്കൽ ക്ലാസ്സിൽ എത്തിയ പ്രൊഫസർ ബാക്കിയുള്ള വിദ്യാർഥികളുടെ മുന്നിൽ പരിഹസിക്കുവാനായി വിവേകാനന്ദനോട് ഒരു ചോദ്യം ചോദിച്ചു:

"താങ്കൾക്കു വഴിയിൽക്കിടന്ന് രണ്ടു ബാഗുകൾ കിട്ടുന്നു എന്നു വിചാരിക്കുക. ഒന്നിൽ നിറയെ പണമാണ്, അടുത്തതിൽ നിറയെ അറിവാണ്. താങ്കൾ ഏതു തിരഞ്ഞെടുക്കും."

പ്രൊഫസറുടെ ഉദ്ദേശ്യം മനസ്സിലായ വിവേകാനന്ദൻ പണമുള്ള ബാഗ് എടുക്കുമെന്നാണ് ഉത്തരം പറഞ്ഞത്. പ്രതീക്ഷിച്ച ഉത്തരംതന്നെ ശിഷ്യനിൽനിന്നു ലഭിച്ചതിൽ സന്തോഷവാനായ പ്രൊഫസർ മറ്റുള്ള വിദ്യാർഥികൾക്കു മുമ്പിൽ വിവേകാനന്ദനെ കളിയാക്കാൻ തുടങ്ങി. പ്രൊഫസറെ സന്തോഷിപ്പിക്കാനായി മറ്റു വിദ്യാർഥികളും ഒപ്പം ചിരിച്ചു.

"ഞാൻ ഉറപ്പായും അറിവ് നിറച്ച ബാഗ് ആയിരിക്കും എടുക്കുക." പ്രൊഫസർ പറഞ്ഞു.



തൊട്ടുപിന്നാലെ സ്വാമി പറഞ്ഞു:

"സർ, ഓരോരുത്തരും തിരഞ്ഞെടുക്കുന്നത് അവർക്ക് ഇല്ലാത്തതെന്താണോ അതല്ലേ..."

ക്ലാസ്സിൽ കൂട്ടച്ചിരി ഉയർന്നു. പ്രൊഫസർ നാണം കെട്ടു.

മറ്റൊരു ദിവസം കാന്റീനിൽ വച്ച് ഇരുവരും കണ്ടുമുട്ടി. ഭക്ഷണം കഴിക്കാനായി വിവേകാനന്ദന് ഇരിപ്പിടം ലഭിച്ചത് പ്രൊഫസറുടെ അടുത്താണ്. എല്ലാവരുടെയും മുന്നിൽവച്ച് പ്രൊഫസർ വിവേകാനന്ദനോട് ഒറ്റച്ചോദ്യം:

"വിവേകാനന്ദാ, പക്ഷികൾക്കൊപ്പം പന്നികൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുമോ."

കാന്റീനിൽ ചിരി മുഴങ്ങി. എന്നാൽ, വിവേകാനന്ദന്റെ മറുപടിയോടുകൂടി ആ ചിരി പൊട്ടിച്ചിരിയായി മാറി:

"എങ്കിൽ അങ്ങു കഴിച്ചോളൂ, ഞാൻ മറ്റെവിടേക്കെങ്കിലും പറന്നുപൊയ്ക്കോളാം."

തന്റെ പരിഹാസങ്ങളെ വിവേകാനന്ദൻ കൈകാര്യം ചെയ്യുന്ന വിധം പ്രൊഫസർക്ക് വലിയ അലോസരമുണ്ടാക്കി. വിവേകാനന്ദന്റെ ഉത്തരക്കടലാസ് പരിശോധിക്കില്ല എന്ന് പ്രൊഫസർ ഉറപ്പിച്ചു. മറ്റെല്ലാ വിദ്യാർഥികളുടെയും ഉത്തരക്കടലാസ് പരിശോധിച്ചു മാർക്ക് നൽകിയ പ്രൊഫസർ വിവേകാനന്ദന്റെ ഉത്തരക്കടലാസിൽ വലിയ അക്ഷരത്തിൽ 'ഇഡിയറ്റ്' എന്ന് എഴുതിവച്ചു.

ഇതുകണ്ട് ബാക്കി വിദ്യാർഥികൾ ചിരിക്കാൻ തുടങ്ങി. പ്രൊഫസർക്കും സന്തോഷമായി. അപ്പോഴും വിവേകാനന്ദൻ തന്റെ സ്വതഃസിദ്ധമായ നർമബോധത്തോടെ പറഞ്ഞു:

"സർ, അങ്ങ് എന്റെ ഉത്തരക്കടലാസിൽ ഒപ്പു മാത്രമേ ഇട്ടൊള്ളു, മാർക്ക് ഇടാൻ മറന്നു പോയിരിക്കുന്നു."

ശേഷം എന്താവും നടന്നത് എന്നു ചിന്തിക്കാമല്ലോ? പരിഹാസങ്ങൾ ഒരിക്കലും നമ്മുടെ ആത്മവിശ്വാസത്തെ തകർക്കരുത്. നർമബോധത്തോടെ അവയെ സ്വീകരിക്കുക. നമ്മുടെ വളർച്ചയ്ക്ക് അത് ഏറെ സഹായിക്കും.

കഥ കേട്ട അമ്മാളു നിറഞ്ഞ ചിരിയോടെ ഉണ്ണീരിയമ്മയെ കെട്ടിപ്പിടിച്ചു. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



സ്നേഹപൂർവം വിളമ്പുന്ന സസ്യാഹാരമാണ് വെറുപ്പോടെ വിളമ്പുന്ന കാളയിറച്ചിയെക്കാൾ മെച്ചം. മുൻകോപി കലഹം ഇളക്കിവിടുന്നു. ക്ഷമാശീലൻ അതു ശമിപ്പിക്കുന്നു.

സുഭാഷിതങ്ങൾ 15:17,18

## എഡിറ്റോറിയൽ

# മയക്കുമരുന്നു റാക്കറ്റിനെ തളയ്ക്കാൻ മടിക്കുന്നതെന്തേ?

മയക്കുമരുന്നുറാക്കറ്റുകളുടെ ഇരകളാകുന്നവരുടെ എണ്ണം സംസ്ഥാനത്തു പെരുകുന്നുവെന്ന സമീപകാലറിപ്പോർട്ടുകൾ സമൂഹമനഃസാക്ഷിയെ വല്ലാതെ നൊമ്പരപ്പെടുത്തുന്നതാണ്. ഇവരിൽ ഭൂരിഭാഗവും വിദ്യാസമ്പന്നരായ യുവതികളടക്കമുള്ള ചെറുപ്പക്കാരാണെന്നതും അവർ പൊതുവെ സമ്പന്നകുടുംബങ്ങളിൽ ജനിച്ചുവളർന്നവരാണെന്നതും നമ്മെ ഞെട്ടിക്കുന്നു. മാത്രമല്ല, ഇത്തരം കറുത്ത കൃത്യങ്ങൾക്ക് ഓശാന പാടാനും ഓഹരി പങ്കിടാനും ഇവിടുത്തെ ഉന്നതോദ്യോഗസ്ഥരുടെ 'അനുഗ്രഹാശിസ്സു' കൂടിയുണ്ടെന്നറിയുമ്പോൾ അക്ഷരാർത്ഥത്തിൽ നാം പകച്ചുപോകുന്നു!

സിന്തറ്റിക് നാർക്കോട്ടിക് മരുന്നുകളുടെ ലഭ്യതയും ഉപയോഗവും കഴിഞ്ഞ രണ്ടു വർഷമായി കേരളത്തിൽ ഗണ്യമായി വർദ്ധിച്ചുവെന്നാണ് എക്സൈസ്-പോലീസ് അടക്കമുള്ള നാർക്കോട്ടിക് നിയന്ത്രണാധികാരികൾ ചൂണ്ടിക്കാട്ടുന്നത്. കഞ്ചാവ്, ഹാഷിഷ് ഓയിൽ എന്നിവയ്ക്കു പുറമെ കൃത്രിമമരുന്നുപയോഗത്തിലും വ്യാപാരത്തിലുമേർപ്പെട്ടിരിക്കുന്ന ചെറുപ്പക്കാരുടെ ലോബി ഇന്ത്യയിലാകെ തഴച്ചുവളരുന്നുണ്ട്. വിദേശരാജ്യങ്ങളിൽനിന്നാണ് ലഹരിമരുന്നുകൾ വൻതോതിൽ കേരളത്തിലേക്കും ഇതരസംസ്ഥാനങ്ങളിലേക്കും എത്തുന്നതെന്നാണ് രഹസ്യാന്വേഷണ ഏജൻസികളുടെ വിലയിരുത്തൽ. സ്പെയിൻ, ക്രൊയേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഉന്നതോദ്യോഗസ്ഥരുടെ അറിവോടും സമ്മതത്തോടുംകൂടിത്തന്നെയാണ് ലഹരിമരുന്നുകൾ കേരളത്തിലേക്ക് ഒഴുകുന്നത്. ജർമനിൽനിന്നു തപാൽ വഴിയെത്തിയ നാല്പതുലക്ഷം രൂപയുടെ ലഹരിമരുന്നുകളാണ് കഴിഞ്ഞ ദിവസം ബംഗളൂരുവിൽ പിടിച്ചെടുത്തത്. ചോക്ലറ്റുകൾ, കായികോപകരണങ്ങൾ, സൗന്ദര്യസംരക്ഷണോപാധികൾ എന്നിവയുൾപ്പെട്ട പാഴ്സലുകളിൽ ഒളിപ്പിച്ച നിലയിലായിരുന്നു ലഹരിമരുന്ന്. ലഹരിക്കടത്തുസംഘത്തിലെ മുഖ്യകണ്ണി എൻജിനീയറിങ് ബിരുദധാരിയായ മുപ്പത്തിരണ്ടുകാരിയായിരുന്നുവത്രേ.

മയക്കുമരുന്നു റാക്കറ്റുകൾക്ക് അനായാസം പ്രവർത്തിക്കാനുള്ള സാഹചര്യമാണ് ഈയിടെയായി കേരളത്തിലുള്ളത്. കാക്കനാട്ടെ ഫ്ളാറ്റിൽനിന്നു പിടികൂടിയ മയക്കുമരുന്നുകേസ് അട്ടിമറിക്കുന്നതിന്റെ പിന്നിൽ ഉദ്യോഗസ്ഥലോബിയുടെ ഒത്താശയുണ്ടെന്ന കാര്യം പകൽപോലെ വ്യക്തമാണ്. പ്രതിപ്പട്ടികയിൽനിന്ന് ഒരു യുവതിയും മറ്റൊരാളും ഒഴിവാക്കപ്പെട്ടതും 1.84 കിലോഗ്രാം എംഡിഎംഎ പിടികൂടിയെന്നു പറഞ്ഞിട്ട് പിന്നീടത് എഫ്ഐആറിൽ 84 ഗ്രാമായി ചുരുങ്ങിയതുമടക്കമുള്ള ഒട്ടേറെക്കാര്യങ്ങളിൽ ദുരൂഹത നിലനില്ക്കുന്നുണ്ട്. പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ട യുവതി ലഹരിമരുന്ന് ഒളിപ്പിക്കുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തായതോടെ കേസ് അട്ടിമറിക്കുന്നതിന്റെ ആസൂത്രിതനീക്കങ്ങൾ വെളിച്ചത്തായി. സംഭവം വിവാദമായതോടെ എക്സൈസ് ക്രൈംബ്രാഞ്ച് സംഘം അന്വേഷണം ഏറ്റെടുക്കുകയും നേരത്തെ വിട്ടയച്ച യുവതിയെ അറസ്റ്റുചെയ്യുകയുമുണ്ടായി.

കാക്കനാട്ടെ ഫ്ളാറ്റിൽ കസ്റ്റംസും എൻഫോഴ്സ്മെന്റ് സ്ക്വാഡും സംയുക്തമായി നടത്തിയ റെയ്ഡിനു തൊട്ടുമുമ്പ് മയക്കുമരുന്നടങ്ങിയ പ്ലാസ്റ്റിക് ബാഗ് ഒളിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ക്യാമറാദൃശ്യങ്ങളാണ് വൻവിവാദമായത്. മയക്കുമരുന്നു കടത്തുകാരെ കൈയയച്ചു സഹായിക്കുന്ന 'മുഖ്യകള്ളന്മാർ' കപ്പലിൽത്തന്നെയുണ്ടെന്നു വ്യക്തം. അതേ, അന്വേഷണോദ്യോഗസ്ഥന്മാരുടെ കൈകളിൽ പാപക്കറ പുറണ്ടിരിക്കുന്നു. ആരോപണങ്ങളെത്തുടർന്ന് ഒരു എക്സൈസ് ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തതുകൊണ്ടോ നാലുപേരെ സ്ഥലം മാറ്റിയതുകൊണ്ടോ തീരുന്നതാണ്, ഇവിടുത്തെ ഉദ്യോഗസ്ഥ-മയക്കുമരുന്നുലോബിയുടെ അവിശുദ്ധ കൂട്ടുകെട്ടെന്ന് വിവരമുള്ള മലയാളികളാരും കരുതുന്നില്ല.

ചുരുക്കത്തിൽ, മയക്കുമരുന്നു റാക്കറ്റുകൾക്കു നിർലോഭം അഭയം നല്കുന്ന 'സ്വർണക്കര'ങ്ങൾക്കു വിലങ്ങണിയിക്കാൻ ഭരണകൂടത്തിന് ഇച്ഛാശക്തിയുണ്ടാവണം. സ്വർണക്കടത്തുകേസിലും മരംമുറിക്കേസിലും സംഭവിച്ചതിന്റെ തനിയാവർത്തനമാണ് മയക്കുമരുന്നു കേസിലുമുണ്ടായിരിക്കുന്നത്. മയക്കുമരുന്നിനെതിരെ നടപടിയെടുക്കേണ്ടവർതന്നെ മയക്കുമരുന്നുലോബികളോടു ചങ്ങാത്തം കൂടുന്നത് സാംസ്കാരിക കേരളത്തിനപമാനമാണ്. ഇത്തരം അപരാധങ്ങൾ ആവർത്തിക്കാൻ പാടില്ലെന്നു മാത്രമല്ല, വച്ചുപൊറുപ്പിക്കാനുമാവില്ല. ഇത്തരത്തിലുള്ള വിധ്വംസകശക്തികൾക്കു ചൂട്ടുകറ്റ തെളിക്കുന്നവർക്കു സർക്കാർ സർവീസിൽ തത്കാലത്തേക്കെന്നല്ല, ഒരു കാലത്തും സ്ഥാനമുണ്ടാവാൻ പാടില്ല. ഒരു തലമുറയെയാകെ നശിപ്പിക്കുന്ന പൈശാചികകൃത്യങ്ങൾ ചെയ്യുന്നവരെയും അവയ്ക്കു കൂട്ടുനില്ക്കുന്ന ഉദ്യോഗസ്ഥപ്രമാണിമാരെയും 'നല്ല ചികിത്സ'യ്ക്കയയ്ക്കാൻ അധികാരവും ആർജവവുമുള്ള ഭരണകൂടമാണ് നമുക്കാവശ്യം. ■

# പാലായിലെ സിംഹനാദവും മാന്നാനത്തെ മഹർഷിശബ്ദവും

രണ്ടാം പേജ് തുടർച്ച

**രാജാക്കന്മാരുടെ സൗഹൃദം**

അറിവും കഴിവുമുള്ള ചാണ്ടിയച്ചനെ പരിചയപ്പെട്ടപ്പോൾ രാജാക്കന്മാർക്കും വിദേശികൾക്കും ഒരുപോലെ മതിപ്പുതോന്നി. വജ്രവും മരതകവും മാണിക്യവും വിളയുന്ന അപൂർവം സമതലപ്രദേശങ്ങളും നദീതടങ്ങളുമുണ്ട്. കട്ടക്കയത്തെ തിളങ്ങുന്ന മാണിക്യമാണ് വലിയ ചാണ്ടിയച്ചൻ. നേതൃത്വത്തിൽ ഒരു രണ്ടാം മോശതന്നെയാണ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളെല്ലാം നവോത്ഥാനത്തിന്റെ വഴിവിളക്കുകളായിരുന്നു. കുലീനനായ തന്ത്രജ്ഞനും വിവേകമുള്ള തന്ത്രജ്ഞന്മാരെ കണ്ടെത്തുന്നവനുമായിരുന്നു ചാണ്ടിയച്ചൻ.

രാജാക്കന്മാർക്ക് ഇഷ്ടപ്പെട്ട മുനിയായിരുന്നു ചാണ്ടിയച്ചൻ. വിവിധ ഭാഷകളിൽ പ്രാവീണ്യം നേടിയ, മികച്ച മധ്യസ്ഥപാടവവും നയചാതുരിയുമുള്ളവനായിരുന്നു. പ്രസംഗപീഠങ്ങളിൽ മായാത്ത കൈയൊപ്പു ചാർത്തി. ഉറപ്പോടും വെടിപ്പോടുംകൂടി തന്റെ മനസ്സാക്ഷി പറഞ്ഞ സ്വരം കേൾക്കുകയും സുവിശേഷത്തിന്റെ ഇടുങ്ങിയ പാതയിലൂടെ സഞ്ചരിക്കുകയും ചെയ്തു. ആയിരക്കണക്കിനു പാപികളെ നീതിനിഷ്ഠയിലേക്കും അതിൽനിന്നു പുണ്യജീവിതത്തിലേക്കും നയിച്ച ചാണ്ടിയച്ചന്റെ നാമം ഉജ്ജ്വലതരംഗംപോലെ മലയാളക്കരയിൽ ഇന്നും ശോഭിക്കുന്നു. അസാധാരണമായ ഒരു നേതൃത്വസംസ്കാരത്തിന്റെ പിതൃത്വം ചാണ്ടിയച്ചനിലുണ്ട്.

തിരുവിതാംകൂർ രാജാവ് ശ്രീമൂലം തിരുനാൾ, മാർത്താണ്ഡവർമ ഇളയരാജാവ്, ബ്രിട്ടീഷ് റസിഡന്റ് ഗ്രാറ്റ് സായിപ്പ്, കേരളവർമ വലിയകോയിത്തമ്പുരാൻ തുടങ്ങിയവരും ചാണ്ടിയച്ചനെ ബഹുമാനിച്ചിരുന്നു. അവരെല്ലാം മാന്നാനത്തെത്തി ചാണ്ടിയച്ചന്റെ ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് എപ്പോൾ വേണമെങ്കിലും മഹാരാജാവിനെ സന്ദർശിക്കാൻ അനുമതി ലഭിച്ചിരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിലും കുഷ്ഠരോഗാശുപത്രിയിലും വി. കുർബാന അർപ്പിക്കുന്നതിന് അനുമതിയും ലഭിച്ചിരുന്നു. തിരുവനന്തപുരം വലിയകൊട്ടാരലായത്തിൽനിന്ന് ചാണ്ടിയച്ചന്റെ യാത്രയ്ക്കായി ഇരട്ടക്കുതിരവണ്ടിയും അനുവദിച്ചിരുന്നു.

റോക്കോസിനും മേലൂസിനുമെതിരേ നടത്തിയ പ്രഭാഷണങ്ങൾ സഭയിലാകമാനം സംസാരവിഷയമായി. പരിശുദ്ധ പിതാവ് മിഷനറി അപ്പസ്തോലിക്ക എന്ന ബഹുമതി നല്കി ചാണ്ടിയച്ചനെ ആദരിച്ചു. ഡോ. ലവീഞ്ഞ് ഈ കീർത്തിമുദ്ര മാന്നാനത്തുവച്ച് കൊല്ലം മെത്രാൻ ഡോ. ഫെർണാണ്ടസിനെക്കൊണ്ട് വലിയ ഒരു സദസ്സിൽവച്ച് ചാണ്ടിയച്ചനു നല്കി.

**പുതിയ മെത്രാന്മാർക്കു സ്വീകരണം**

1887 ൽ സീറോ മലബാർ സഭയ്ക്ക് രണ്ടു വികാരിയാത്തുകൾ ലഭിച്ചു. പരിശുദ്ധ പിതാവിന്റെ കത്ത് ഇവിടെയുണ്ടായിരുന്ന ഡെലഗേറ്റ് അപ്പസ്തോലിക്കാ ചാണ്ടിമെത്രാനാണ് അയച്ചത്. പ്രധാനമായും, ചാൾസ് ലവീഞ്ഞിനെ കോട്ടയത്തിന്റെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചതിനെക്കുറിച്ച്. വികാരിയാത്തിലുള്ള പള്ളികളിലേക്ക് ചാണ്ടിയച്ചൻ ഈ അറിയിപ്പു നല്കി. 1887 ഡിസംബർ 18 ന് വടക്കാംചേരിയിലെത്തിയ അഡോൾഫ് മെഡ്ലിക്കോട്ടിനെ (തൃശൂർ വികാർ അപ്പസ്തോലിക്കാ) സ്വീകരിക്കാൻ നിധീരിക്കൽ മാണിയച്ചനും ചാണ്ടിയച്ചനുംകൂടി പോയി. തുടർന്ന്, മാന്നാനത്ത് ലവീഞ്ഞ് മെത്രാന്റെ സ്വീകരണത്തിനായി ആലോചനാസമ്മേളനം വിളിച്ചു. അതിന്റെ തീരുമാനപ്രകാരം നിധീരിക്കൽ മാണിയച്ചനും ചാണ്ടിയച്ചനും പഴേപറമ്പിൽ ജയിംസച്ചനുംകൂടി ഊട്ടക്കമണ്ടിൽ പോയി പുതിയ വികാരി അപ്പസ്തോലിക്കാ മാന്നാനത്തേക്കു കൊണ്ടുവന്നു. അവിടെ അദ്ദേഹത്തിനു ഗംഭീരമായ സ്വീകരണം നൽകി. ലവീഞ്ഞ് മെത്രാൻ ചുമതലയേറ്റപ്പോൾ അദ്ദേഹത്തിന്റെ നാല് ആലോചനക്കാരിൽ ഒരുവൻ ചാണ്ടിയച്ചനായിരുന്നു.

> **ഇടിമുഴക്കംപോലുള്ള ശബ്ദമായിരുന്നു വലിയ ചാണ്ടിയച്ചന്റേത്. സിംഹഗർജനമായിരുന്നെങ്കിലും മാധുര്യമുള്ള സ്വരമായിരുന്നു. ചാണ്ടിയച്ചനെ കേൾക്കാൻ എല്ലാവരും കൊതിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ട് വിശ്വാസികൾ വാവിട്ടു കരഞ്ഞിരുന്നു. യോഹന്നാൻ മാംദാനയുടെ ശൈലിയിലാണു സംസാരിച്ചിരുന്നത്.**

ഉത്തമമായ സഭൈക്യചിന്തകളും ചാണ്ടിയച്ചനിൽ ഉണ്ടായിരുന്നു. പുലിക്കോട്ടിൽ ഡയനീഷ്യസ് മെത്രാനുമായി ഏറെ ആത്മബന്ധം പുലർത്തിയിരുന്നു. ആന്റണി തൊണ്ടനാട്ടി(1862-1900) നെതിരേ ശബ്ദമുയർത്തി. ആന്റണി തൊണ്ടനാട്ട് മേലൂസ് നല്കിയ മെത്രാൻവേഷം ധരിപ്പിച്ച് ഇളംതോട്ടം കേന്ദ്രമാക്കി പ്രവർത്തിച്ചു. പല പള്ളികളും അക്കൂട്ടത്തിൽ ചേരാൻ ആലോചനകൾ മുറുകി.

**അന്ത്യം**

1908 ൽ പ്രിയോർസ്ഥാനത്തുനിന്നു ചാണ്ടിയച്ചൻ വിരമിച്ചു. കഠിനമായ അനാരോഗ്യത്തിലും പള്ളിപ്രസംഗങ്ങൾ അവസാനിപ്പിച്ചിരുന്നില്ല. അവസാനനാളുകളിൽ ആലപ്പുഴ മാർ സ്ലീവാ പള്ളിയിലും, വിളക്കുമാടം (പാലാ) പള്ളിയിലും, തുടർന്ന്, തിടനാട് (പാലാ) പള്ളിയിലും ധ്യാനപ്രസംഗങ്ങൾ നടത്തി. തിടനാട് പള്ളിയിലെ പ്രസംഗത്തിനിടയിൽ ശ്വാസതടസ്സം നേരിട്ടു. തുടർന്ന് മുത്തോലിയിൽ താമസിച്ചു ചികിത്സിച്ചു. അവസാനശ്വാസംവരെ പ്രസംഗിച്ചു. 1909 സെപ്റ്റംബർ 17 ന് മാന്നാനത്ത് എത്തി. ഒക്ടോബർ 7 ന് ഇഹലോകവാസം വെടിഞ്ഞു. ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കാ മാർ മാക്കീലിന്റെ മുഖ്യകാർമികത്വത്തിൽ സംസ്കാരശുശ്രൂഷകൾ മാന്നാനത്തു നടന്നു.

പ്രസംഗവേദികളിലും ഭരണരംഗങ്ങളിലും ഇതിഹാസം സൃഷ്ടിച്ചാണ് വലിയ ചാണ്ടിയച്ചൻ കടന്നുപോയത്. ഗർജിക്കുന്നവനായിരുന്നെങ്കിലും ഹൃദയാർദ്രമായ സൗമ്യഭാവങ്ങളുടെ ഉടമയുംകൂടിയായിരുന്നു. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയാണ് അദ്ദേഹം എല്ലാ ഇടവകയിലും കയറിയിറങ്ങി പ്രസംഗിച്ചത്. സത്യസഭയ്ക്കു വിരുദ്ധമായിട്ടുള്ള ഒരു നിലപാടും സ്വീകരിക്കാൻ ചാണ്ടിയച്ചൻ തയ്യാറല്ലായിരുന്നു. കയ്യിൽ നീണ്ട വടിയും മണിനാദംപോലുള്ള ശബ്ദവും ദീർഘകായകത്വവുമെല്ലാം ചാണ്ടിയച്ചനെ മനുഷ്യമനസ്സുകളിൽ അനശ്വരനാക്കുന്നു. ഉരുക്കുമനുഷ്യനായിരുന്ന ചാണ്ടിയച്ചന്റെ സഭാത്മകചിന്തകൾ ഇന്നും സൗവർണദ്യുതിയോടെ നിലനില്ക്കുന്നു. ■

# കരിമഷി തേക്കുന്ന കാലം

കഥ



രാധാകൃഷ്ണൻ കാര്യക്കുളം

നേരം നന്നേ പുലർന്നുകഴിഞ്ഞു. ശാരി, പുറത്ത് ആരോടോ സംസാരിക്കുന്നതു കേട്ടാണ് ഞാൻ ഉണർന്നത്. ''ചേട്ടൻ അകത്തുണ്ട്. രാത്രി വൈകിയാ വന്നത്. നല്ല ഉറക്കത്തിലാണ്. ഞാൻ വിളിക്കാം.'' അവൾ അങ്ങനെയാണ് അവരോടു പറഞ്ഞതെന്ന് ഞാൻ കേട്ടു. സമയം പത്തു കഴിഞ്ഞിരിക്കുന്നു. ശാരിയുടെ പാദപതനശബ്ദം അടുത്തു വരുന്നതിനു മുമ്പുതന്നെ ഞാൻ കട്ടിലിൽ എഴുന്നേറ്റിരുന്നു.

''ആരാണ് ശാരി? എന്താ പ്രശ്നം?''

ഞാൻ ചോദിച്ചു.

"പോലീസുകാരാണ്." പരിഭ്രമത്തോടെ അവൾ പറഞ്ഞപ്പോൾ ഞാൻ അമ്പരന്ന് അവളെ നോക്കി.

"പോലീസുകാരോ?" അവരിപ്പോ ഇവിടെയെന്തിനെന്ന രീതിയിൽ ഞാൻ അവളെ നോക്കി. "എനിക്കറിയില്ല. എന്തോ കുഴപ്പമാണ്." അവൾ സങ്കടപ്പെട്ടു. ഞാൻ പുറത്തേക്കു ചെല്ലുമ്പോൾ ഒരു പോലീസ് വാഹനം മുറ്റത്തു കിടപ്പുണ്ട്. എസ്.ഐ.യും രണ്ടു പോലീസുകാരും.

"കണ്ടക്ടർ സുദേവനല്ലേ...?" എസ്. ഐ. എന്നോടു ചോദിച്ചു.

"അതേ, എന്താണ് സാർ?" ഞാൻ ചോദിച്ചു.

''ഈ സ്ത്രീയെ അറിയുമോ?'' ഒരു ഫോട്ടോ എന്റെ നേരേ ഉയർത്തിപ്പിടിച്ചാണ് അയാളുടെ ചോദ്യം. ഞാൻ ആ ഫോട്ടോയിലേക്കു നോക്കി.

ഇത് അവളല്ലേ? എന്റെ മനസ്സിൽ ഒരു മിന്നൽപ്രകാശംപോലെ അവൾ തെളിഞ്ഞു.

"അറിയും." ഞാൻ പറഞ്ഞു.

"എങ്ങനെ?'' അയാൾ വീണ്ടും ചോദിച്ചു.

''ഇന്നലെ ഞങ്ങളുടെ ബസിൽ ഇവൾ യാത്ര ചെയ്തിരുന്നു."

ഞാൻ പറഞ്ഞു.

"ശരിക്കും ഓർമയുണ്ടോ?" എസ്.ഐ. എടുത്തു ചോദിച്ചു.

"ഉണ്ട് സാർ... എന്താ... എന്തു പറ്റി?"

എന്റെ ഉള്ളിലും പരിഭ്രമം ഉടലെടുത്തു.

"ഈ സ്ത്രീ മിസ്സിങ്ങാണ്... ഇന്നലെ രാത്രി ഒന്നരയ്ക്കുശേഷം. ഇവരെ അവസാനമായി കണ്ടത് നിങ്ങളാണെന്ന് അവരുടെ ഭർത്താവ് പറയുന്നു.'' അയാൾ കേസ് തന്നിരിക്കയാണ്. ഞാൻ ശരിക്കും ഞെട്ടി. അടുത്തുനിന്ന ശാരി നിലവിളിയുടെ വക്കിലുമെത്തി.

''നിങ്ങൾ സ്റ്റേഷനിൽവരെ വരണം. ഇപ്പോൾ വരണമെന്നില്ല. ഉച്ചയ്ക്കുശേഷം മതി."

അതുംകൂടി പറഞ്ഞിട്ട് എസ്.ഐയും പൊലീസുകാരും ജീപ്പിൽ കയറിപ്പോയി. ഞാൻ സ്തംഭനാവസ്ഥയിലായിപ്പോയി.

''വരലക്ഷ്മി...'' അങ്ങനെയാണ് അവൾ പേരു പറഞ്ഞത്.

മൂന്നാറിൽനിന്നുള്ള അവസാന ട്രിപ്പ് യാത്രയായിരുന്നു അത്. ചങ്ങനാശേരിയിലാണ് ഹാൾട്ട് ചെയ്യുക. രാത്രിയായിരുന്നതുകൊണ്ട് അധികമാളുകൾ ഉണ്ടായിരുന്നില്ല. മൂന്നു സ്ത്രീകൾ ഉൾപ്പെടെ കൂടിപ്പോയാൽ ഒരു ഇരുപത്തഞ്ചു പേർ.

മൂടൽമഞ്ഞു ചുറ്റും കനത്തിരുന്നു. ബസിന്റെ ഓട്ടത്തിൽ ചൂളം വിളിച്ചുവരുന്നതുപോലെ തണുത്ത കാറ്റ് ബസിനുള്ളിലേക്ക് നൂഴ്ന്നു കയറാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഷട്ടറെല്ലാം താഴ്ത്തിയിട്ടിരിക്കുകയാണ്. എങ്കിലും അതിന്റെ വിടവുകൾ തേടി അലയുകയായിരുന്നു കാറ്റ്. കുളിരുകൊണ്ട് ചിലർ കൈകൾ



നെഞ്ചിനോടു ചേർത്ത് കൂട്ടിപ്പിടിച്ചിരുപ്പുണ്ട്. സ്ത്രീകൾ സാരിത്തലപ്പ് തല മൂടി പുതച്ചിരുന്നു. മഞ്ഞ വെളിച്ചത്തിലാണ് ബസ്സിന്റെ ഓട്ടം. അടിമാലിയായപ്പോൾ കുറച്ചുപേർ ഇറങ്ങി. വേറെ ചിലർ കയറി. തുടർന്നുള്ള യാത്രയിൽ... അടിമാലി പത്താം മൈൽ പിന്നിടവേ, ഒരു സ്ത്രീ ബസ്സിനു മുന്നിൽ കൈനീട്ടുന്നത് ഫ്രണ്ട് ഗ്ലാസിലൂടെ മഞ്ഞവെളിച്ചത്തിൽ ഞാൻ കണ്ടു. ഡ്രൈവർ ശ്രദ്ധിച്ചിരുന്നോ എന്നറിയില്ല. ഞാൻ ബെല്ലടിച്ചു. സ്ത്രീകളല്ലേ, അതും രാത്രി. എന്റെ ചിന്ത അപ്പോഴങ്ങനായിരുന്നു.

അല്പം മുന്നോട്ടുമാറി ബസ് നിന്നു. അവർ ഓടിക്കിതച്ചു വന്ന് ബസ്സിന്റെ പിൻവാതിലിലൂടെ ഉള്ളിൽ കടന്നു. അപ്പോൾ സമയം പത്തു മുപ്പത്. ചുരിദാറായിരുന്നു വേഷം. ആ സ്ത്രീ ബസ്സിനകത്തുകൂടി മുന്നിലേക്കു നടന്ന് സ്ത്രീകളുടെ സീറ്റിലിരുന്നു. ബസ് മുന്നോട്ടു നീങ്ങി. അവർ ദുപ്പട്ടകൊണ്ടു തല മൂടിപ്പൊതിയാനൊരുങ്ങുന്നതിനിടയിലായിരുന്നു ടിക്കറ്റ് കൊടുക്കാൻ അവളുടെ അരികിൽ ഞാനെത്തിയത്. അവൾ എന്നെ നോക്കി. പെട്ടെന്ന് തലയിൽ മൂടിപ്പുതച്ചിരുന്ന ദുപ്പട്ട അവളുടെ കഴുത്തിടങ്ങളിലേക്കു തെന്നിമാറി.

''സാർ... തുരുത്തിയിൽ ഇറങ്ങാൻ പറ്റില്ലേ?'' അവൾ പെട്ടെന്നു ചോദിച്ചു.

"തുരുത്തിയോ, ചങ്ങനാശേരിക്കടുത്തുള്ള?" ഞാൻ ചോദിച്ചു.

"അതേ." അവൾ പറഞ്ഞു.

"പിന്നെന്താ ഇറക്കാമല്ലോ" എന്നു പറഞ്ഞിട്ട് അവൾ നീട്ടിയ പണം വാങ്ങി ടിക്കറ്റ് കൊടുത്തശേഷം ബാക്കിയും നൽകി കണ്ടക്ടർസീറ്റിൽ വന്നിരിക്കുമ്പോഴും എന്റെ ശ്രദ്ധ അവളിത്തന്നെയായിരുന്നു. ചെറുപ്പമാണ്. കൂടിയാൽ, ഇരുപത്തഞ്ചു വയസ്സ്. വലിയ സൗന്ദര്യം ഇല്ലെങ്കിലും കാഴ്ചയ്ക്കു മോശമെന്നു പറയാനൊക്കില്ല.

അവൾ ഈ രാത്രിയിൽ... അതും ഒറ്റയ്ക്ക്... ഞാൻ അങ്ങനെ ചിന്തിച്ചു. അല്ല, താനെന്തിനു ഇങ്ങനെയൊക്കെ ചിന്തിക്കണമെന്ന് ഉടൻ വീണ്ടുവിചാരവും നടത്തി.

യാത്രക്കാരുടെ ബയോഗ്രഫിയും ജോഗ്രഫിയുമൊക്കെ അന്വേഷിക്കലല്ലല്ലോ തന്റെ ജോലിയെന്ന് സ്വയം തീരുമാനത്തിൽ എത്തുകയും ചെയ്തു.

ബസ് തൊടുപുഴ എത്തിയപ്പോൾ ബസിലുണ്ടായിരുന്ന മിക്കവാറും പേർ അവിടിറങ്ങി, സ്ത്രീകൾ ഉൾപ്പെടെ. അവിടെ നിന്നു നാലഞ്ചുപേർ കയറി. യാത്ര തുടർന്നു.

കോട്ടയം കഴിഞ്ഞപ്പോൾ മൂന്നോ നാലോ പേരായി. ചിങ്ങവനം കടന്നപ്പോൾ ഞാനും അവളും ഡ്രൈവറും മാത്രമായി. ഇതിനിടയിൽ, അവൾ പലവട്ടം മൊബൈൽ ഫോണിൽ ആരെയോ വിളിക്കുന്നുണ്ടായിരുന്നു. മറുവശത്തെ മറുപടി അത്ര തൃപ്തികരമല്ലാത്തതുപോലെ അവൾ ആശങ്കപ്പെടുന്നത് ഞാൻ കണ്ടു. ഞാൻ അവളുടെ അടുത്തെത്തി.

"സ്റ്റോപ്പ് അടുത്തുകൊണ്ടിരിക്കുന്നു." അവളെ അറിയിച്ചു.

"അറിയാം സാർ."

"എന്താ മുഖത്ത് ഒരു പരിഭ്രമം. അടുത്തല്ലേ വീട്?"

"അല്ല സാർ, രണ്ടു കിലോമീറ്റർ ഉള്ളിലാ." അവൾ പറഞ്ഞു.

''കൂട്ടിക്കൊണ്ടുപോകാൻ ആരെങ്കിലും വരുമോ?'' ഞാൻ ചോദിച്ചു.

"ഭർത്താവ് വരാമെന്നാ പറഞ്ഞിരുന്നത്... ഇപ്പോ.." അവളുടെ ശബ്ദം മുറിഞ്ഞു.

"എന്താ വരില്ലേ?"

"ഇല്ല."

"എന്തുപറ്റി?"

''ചേട്ടൻ പോരാന്നേരം ബൈക്ക് സ്റ്റാർട്ടാകുന്നില്ലെന്ന് അറിയിച്ചു."

"ഇനീപ്പം എന്തു ചെയ്യും? നടക്കാനാണോ പ്ലാൻ. അതും ഈ രാത്രിയിൽ..." ഞാൻ ചോദിച്ചു.

"ഇല്ല, കൂട്ടുകാരുടെ ആരുടെയെങ്കിലും ഓട്ടോറിക്ഷ പറഞ്ഞയയ്ക്കാമെന്നു പറഞ്ഞു."

ഞാൻ ആലോചിച്ചു.

"ഒരു കാര്യം ചെയ്യ്... ഭർത്താവിന്റെ നമ്പരൊന്നു വിളിച്ചു തരാമോ?"

അവൾ എന്നെ ഒന്നു നോക്കിയശേഷം നമ്പർ ഡയൽ ചെയ്ത് എനിക്കു തന്നു. മറുവശത്തു നിന്ന് "ഹലോ" കേട്ടു.

"ഇത് നിങ്ങളുടെ ഭാര്യ യാത്ര ചെയ്യുന്ന ബസിലെ കണ്ടക്ടറാണ്. നിങ്ങൾ അവരെ കൊണ്ടുപോകാൻ വരുമെന്നുള്ള പ്രതീക്ഷയിലായിരുന്നു. ഇനി എന്തു ചെയ്യണം?"

ഞാൻ പറഞ്ഞു.

"കുഴപ്പമില്ല. സാർ... ഞാൻ ഒരു ഓട്ടോറിക്ഷ പറഞ്ഞു വിട്ടോളാം." മറുപടി കേട്ടു.

''ഓട്ടോറിക്ഷക്കാരൻ അടുത്തറിയാവുന്ന ആളാണോ?'' കരിമഷി തേക്കുന്ന കാലമായതുകൊണ്ട് ഒരു മുന്നറിയിപ്പുപോലെയായിരുന്നു എന്റെ ചോദ്യം.

"ഇല്ല സർ, എന്റെ ഉറ്റചങ്ങാതിയാണ്. എന്റെ ഭാര്യേം അറിയാം.'' ഭർത്താവിന്റെ വാക്ക് ഞാൻ വിശ്വസിച്ചു. പിന്നെ, അവളോടു വെറുതേ ചോദിച്ചു.

"കുട്ടി... എവിടെങ്കിലും വർക്ക് ചെയ്യുകയാണോ?"

"അതേ, അടിമാലി പത്താം മൈലിലെ എൽ.പി. സ്കൂളിലെ റ്റീച്ചറാ.'' അവൾ പറഞ്ഞു. "ആഴ്ചയിലാണോ വീട്ടിൽ വരുന്നത്...?"

"അല്ല. മാസത്തിലാ."

"പേരു പറഞ്ഞില്ല."

അടുപ്പം വന്നപ്പോഴെന്നപോലെ ഞാൻ ചോദിച്ചു.

"വരലക്ഷ്മി."

അവൾ പേരു പറഞ്ഞു.

ബസ് തുരുത്തിയിലെത്തി. നിരത്തിലെങ്ങും ആളനക്കമില്ല. സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചം ചുറ്റുപാടും വിതറിക്കിടപ്പുണ്ട്. അവൾ ബാഗുമെടുത്ത് ഇറങ്ങാനൊരുങ്ങിയപ്പോൾ ഞാൻ പറഞ്ഞു. ''ധൃതി പിടിക്കേണ്ട. അയാൾ വരട്ടെ. വന്നിട്ടേ ഞങ്ങൾ പോകുന്നുള്ളൂ."

ഒരു സ്ത്രീയെ തനിച്ചാക്കി പോകുന്നതിലുള്ള വിഷമം അപ്പോൾ എനിക്കുണ്ടായി. ഞാൻ അക്കാര്യം ഡ്രൈവറുചേട്ടനെ അറിയിച്ചു. ചേട്ടനും സമ്മതമായി. അഞ്ചു മിനിറ്റ് ഞങ്ങൾ അവിടെ വെയിറ്റ് ചെയ്തു. ഓട്ടോറിക്ഷയെത്തി. മുപ്പത്തഞ്ചു വയസ്സു തോന്നിക്കുന്ന യുവാവായിരുന്നു ഓട്ടോ ഡ്രൈവർ.

അവൾ അതിൽ കയറിപ്പോയതിനുശേഷമാണ് ഞങ്ങളുടെ ബസ് മുന്നോട്ടു നീങ്ങിയത്.

അവൾക്ക് എന്തുപറ്റിയെന്ന് ആലോചിച്ചുനിന്നപ്പോഴാണ് ശാരി ഓടിവന്ന് എന്നെ വിളിച്ചത്. ടി.വിയിൽ അപ്പോൾ വാർത്ത തുടരുകയാണ്:

''ഓട്ടോറിക്ഷക്കാരനായ യുവാവിന്റെ മൃതദേഹം കൈത്തോട്ടിൽ... ഒപ്പമുണ്ടായിരുന്ന സ്ത്രീയെ കാണാനില്ല."

ഞാൻ ശബ്ദമില്ലാത്തവനായി അവിടെ നിന്നു.

ഉച്ചയ്ക്കുശേഷം പോലീസ് സ്റ്റേഷനിൽ എത്തിയപ്പോഴാണ് പൂർണവിവരം കിട്ടിയത്.

''എടോ... അവൾ ചില്ലറക്കാരിയല്ല. മിടുക്കിയാണ്. ബ്ലാക്ക് ബെൽറ്റുള്ള പെൺപുലി. അവളെ മറ്റവൻ തോണ്ടിയപ്പോൾ അവൾ അവന്റെ കുഴിയെടുത്തു. അത്രേയുള്ളൂ. എന്നിട്ട് അവൾ, അവളുടെ കൂട്ടുകാരിയായ അഡ്വക്കേറ്റിനെ കണ്ടശേഷം കോടതിയിൽ വന്ന് സറണ്ടർ ചെയ്തു. ഇപ്പോൾ അവൾ റിമാന്റിലാ... പിന്നെ, തനിക്കും ഡ്രൈവർക്കും ഇതിൽനിന്നു പെട്ടെന്ന് ഊരാനൊക്കില്ല. നിങ്ങൾ രണ്ടുപേരും പ്രധാന സാക്ഷികളാണ്."

എസ്. ഐ. പറഞ്ഞുനിർത്തി.

എന്റെ കാലുകൾ വിറക്കുന്നുണ്ടെന്നു തോന്നി.

■

# കഥയറിയാത്ത ചൊല്ലിയാട്ടങ്ങൾ

**നിയമങ്ങളെയും പൊതുമര്യാദകളെയുംകുറിച്ചു തീരെ ധാരണയും ജീവിതപരിചയവുമില്ലാത്ത കുട്ടികളും മുതിർന്നവരും സമൂഹമാധ്യമങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന കുറ്റകൃത്യങ്ങളെയും അപക്വസമീപനങ്ങളെയുംകുറിച്ച്:**



**അഡ്വ. അപർണ എം.**

**നി**യമം അറിയില്ലെന്നത് നിയമലംഘനത്തിനുള്ള ന്യായീകരണമായി ഇന്ത്യൻ നിയമവ്യവസ്ഥ അംഗീകരിക്കുന്നില്ല. ഓരോ ഇന്ത്യക്കാരനും ഇന്ത്യയിൽ പ്രവർത്തിക്കുന്ന വിദേശികളും ഇന്ത്യൻനിയമങ്ങൾ അറിഞ്ഞിരിക്കാനും അവ അനുസരിക്കാനും ബാധ്യസ്ഥരാണ്.

കൊവിഡ് കാലത്തിനുമുമ്പ് യുവാക്കളായിരുന്നു സോഷ്യൽ മീഡിയയിൽ സജീവമായിരുന്നത്. ഇന്നു സ്കൂൾകുട്ടികളാണധികം. നിയമങ്ങളെയും പൊതുമര്യാദകളെയുംകുറിച്ച് തീരെ ധാരണയില്ലാത്ത കുട്ടികൾ സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കുന്ന പലതും ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളിൽപ്പെടുന്നതാണ്. കലാപാഹ്വാനം, ഭീഷണി, പോലീസിന്റെ കൃത്യനിർവഹണം തടസ്സപ്പെടുത്താനുള്ള ആഹ്വാനം എന്നിങ്ങനെ ഇന്ത്യൻ പീനൽ കോഡ് സെക്ഷൻ 153, 506, 117, 353 എന്നിവയുടെ പരിധിയിൽ വരുന്നതരം വാചകങ്ങളും വീഡിയോകളും സോഷ്യൽ മീഡിയയിൽ പോസ്റ്റു ചെയ്യുന്നതുവഴി നിയമത്തെക്കുറിച്ചു കുട്ടികളുടെ അപകടകരമായ അജ്ഞതയാണ് വ്യക്തമാകുന്നത്.

യുട്യൂബ് കമന്റുകൾ, ഫേസ്ബുക് പോസ്റ്റുകൾ, വാട്സാപ്പ് ഗ്രൂപ്പുകൾ എന്നിവയിലൊക്കെ കാണുന്ന അഭിപ്രായപ്രകടനങ്ങളിലുമുണ്ട് കുട്ടികളുടെ ശബ്ദം.

സ്കൂൾവിദ്യാർത്ഥികളുടെ വളർച്ചയിൽ ആധുനികടെക്നോളജികൾ വരുത്തുന്ന മാറ്റം വ്യാപകമായി പഠനവിധേയമാക്കുന്നുണ്ട്. പൂർണമായും ആധുനികവത്കരിക്കപ്പെട്ട സമൂഹമാണിത്. എല്ലാ ആധുനികോപകരണങ്ങളും ചെറുപ്പംമുതൽ കൈകാര്യം ചെയ്യുന്ന കുട്ടികളുടെ ബുദ്ധിയും വികാസവും വിവിധ തലങ്ങളിൽ നിരീക്ഷിച്ച് എത്തിച്ചേരുന്ന കണ്ടെത്തലുകൾ ഭാവിയിലെ ടെക്നോളജിയുമായി ബന്ധപ്പെട്ട നയങ്ങളിലും നിയമങ്ങളിലുംവരെ മാറ്റങ്ങൾ വരുത്തിയേക്കാം.

**ഇന്റർനെറ്റ് അഡിക്ഷൻ**

കേരളത്തിലെ ഒരു സ്കൂൾ വിദ്യാർത്ഥി പാഠപുസ്തകങ്ങളോടൊപ്പം വിജ്ഞാനസ്രോതസായി അംഗീകരിച്ചിരിക്കുന്ന മാധ്യമമാണ് ഇന്റർനെറ്റ്. യൂട്യൂബ് വീഡിയോകൾ, പഠനസഹായകരമായ ആപ്ലിക്കേഷനുകൾ എന്നിവവഴി അറിവിന്റെ വൻശേഖരംതന്നെ ഇ-ലോകത്ത് ലഭ്യവുമാണ്. ശാസ്ത്രീയമായ രീതിയിൽ വളരെ വർഷത്തെ അധ്യാപനപരിചയമുള്ള അധ്യാപകർ ഉൾപ്പെട്ട സമിതികൾ തയ്യാറാക്കിയ പാഠ്യപദ്ധതിയാണ് ടെക്സ്റ്റുബുക്കുകളുടെ രൂപത്തിൽ വിദ്യാർത്ഥികൾക്കു ലഭ്യമാകുന്നത്. അധ്യാപകൻ മുഖേന ഈ പുസ്തകം പഠിക്കുമ്പോൾ കേൾവി, ശ്രദ്ധ എന്നിവയിലൂടെ പഠിക്കാനും ഓർമിക്കാനുമുള്ള കഴിവുണ്ടാകുന്നു.

പുസ്തകങ്ങളും നോട്ടുബുക്കുകളും പേനയും അധ്യാപകരും ബോർഡും ക്ലാസ്മുറികളും ഉൾപ്പെട്ട പഠനസമ്പ്രദായത്തോടൊപ്പം പുതിയ മാർഗങ്ങളും എന്ന രീതിയാണ് ആരോഗ്യകരമായ പഠനത്തിനും ബുദ്ധിവളർച്ചയ്ക്കും അഭിലഷണീയം. കുറച്ച് ആശയങ്ങൾ പഠിച്ച് ഉയർന്ന മാർക്കുകൾ വാങ്ങുന്നതു മാത്രമല്ല, ശാരീരികവും മാനസികവുമായ വളർച്ചയുടെ തുടർപ്രക്രിയയാണ് വിദ്യാഭ്യാസം എന്ന തിരിച്ചറിവ് അതിപ്രധാനമാണ്.



വ്യക്തിപരമായ വിഷയങ്ങളെ സാമൂഹികവിഷയങ്ങളായി തെറ്റിദ്ധരിക്കുകയും ഭരണ-നിയമസംവിധാനങ്ങളെക്കുറിച്ചു വ്യക്തമായ ധാരണയില്ലാതെ അപക്വമായി പ്രതികരിക്കുകയും ചെയ്ത ഉദാഹരണങ്ങൾ അടുത്ത കാലത്ത് പൊതുശ്രദ്ധയിൽ നിറഞ്ഞിരുന്നു. ഇത്തരം അപക്വത ഉടലെടുക്കുന്നത് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള അറിവില്ലാത്തതിനാലാണ്. സ്വതന്ത്രമായി സമൂഹമാധ്യമങ്ങൾ ഉപയോഗിക്കാൻ കേവലപ്രായപരിധി പതിമ്മൂന്നു വയസാണെന്നതും പ്രധാന വസ്തുതയാണ്. മുതിർന്നവരുടെ മേൽനോട്ടത്തിലല്ലാതെ എല്ലാത്തരത്തിലും പ്രായത്തിലുമുള്ള ആളുകൾ ഉൾപ്പെടുന്ന മേഖലയിൽ ജീവിതപരിചയമില്ലാത്ത കുട്ടികൾ ഇടപെടുന്നതും ചിന്തിക്കുന്നതും അവരെ ദോഷകരമായി ബാധിച്ചേക്കാം. മനഃശാസ്ത്രജ്ഞരും അധ്യാപകരും എല്ലായ്പോഴും ഓർമിപ്പിക്കുന്ന വസ്തുതകളാണിത്. പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത് ഓൺലൈൻ ക്ലാസുകൾ കൂടി വന്നതോടെ വിദ്യാർത്ഥികളെ ഇന്റർനെറ്റ് ഉപയോഗത്തിന്റെ സാധ്യതകളെയും ദോഷങ്ങളെയുംകുറിച്ച് തുടർച്ചയായി ബോധവത്കരിച്ചേ മതിയാകൂ എന്നാണ്. പ്രകോപനപരമായ പരാമർശങ്ങളിൽനിന്നും അതിവൈകാരികപ്രകടനങ്ങളിൽനിന്നും ഒഴിവായി, ആരോഗ്യകരമായ രീതിയിൽ ഇന്റർനെറ്റ് സ്രോതസ്സുകൾ ഉപയോഗിക്കാൻ പതിമ്മൂന്നു വയസ്സുള്ള ഒരു കുട്ടി സ്വയം പക്വത പ്രകടിപ്പിക്കേണ്ട കാലമാണിത്. ഫോണും കമ്പ്യൂട്ടറും സമയബന്ധിതമായി ഉപയോഗിച്ച് മാതൃക കാണിക്കാൻ മുതിർന്നവർക്കു സാധ്യമാകാത്തിടത്തോളം 'ടെക്നോളജി അഡിക്ട്' ആകുന്ന കുട്ടികളെ ബോധവത്കരിക്കുക ക്ലേശകരമാണ്.

മറ്റൊന്ന്, രക്ഷിതാക്കൾതന്നെ സമൂഹമാധ്യമങ്ങളിലെ അപക്വമായ വിനോദങ്ങളിൽ ഉൾപ്പെടുന്നതും അതിലേക്കു കുട്ടികളുടെ ശ്രദ്ധ വിളിച്ചുവരുത്താൻ ശ്രമിക്കുന്നതുമാണ്. ശ്രദ്ധപിടിച്ചുപറ്റാനും പണമുണ്ടാക്കാനും ഇത്തരം വേദികളിൽ കുട്ടികളെ അവതരിപ്പിക്കുമ്പോൾ അവരിൽ യഥാർത്ഥ സമൂഹത്തെക്കുറിച്ചു തെറ്റായ ധാരണ നൽകുകയാണ്. ഇത്തരം കാര്യങ്ങളിൽ മുഴുകുന്ന കുട്ടികൾ ക്രമേണ സമൂഹമാധ്യമങ്ങളിലെ അഭിപ്രായപ്രകടനങ്ങൾക്ക് അമിതപ്രാധാന്യം നൽകാൻ തുടങ്ങുന്നു. എങ്ങനെയും ശ്രദ്ധ പിടിച്ചുപറ്റുകയെന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കാൻ തുടങ്ങുന്നു.

കുട്ടികളുടെ അവകാശലംഘനമാണ് ഇത്തരം പ്രവൃത്തികളിലൂടെ നടക്കുന്നത്. സ്വന്തമായി അക്കൗണ്ട് എടുക്കാൻ പതിമ്മൂന്നു വയസ് എങ്കിലും വേണമെന്നിരിക്കേ, കുട്ടികളെ സമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കുന്നവരിൽ രക്ഷിതാക്കൾത്തന്നെയാണു മുന്നിൽ. കുട്ടികൾക്കു തങ്ങൾ പ്രദർശനവസ്തു ആക്കപ്പെടുകയാണ് എന്ന ബോധ്യംപോലും ഇല്ലാത്ത പ്രായത്തിൽ അവരുടെ അഭിപ്രായസ്വാതന്ത്ര്യവും സ്വകാര്യതയും ലംഘിക്കപ്പെടുകയാണ്. ശക്തമായ സൈബർനിയമങ്ങളുടെ അഭാവവും അതോടൊപ്പം ഇന്റർനെറ്റും അനുബന്ധമാധ്യമങ്ങളും പക്വതയില്ലാതെ ഉപയോഗിക്കുന്ന രക്ഷിതാക്കളുംതന്നെയാണ് ഇത്തരം ബാലാവകാശലംഘനങ്ങൾക്കു കാരണമാകുന്നത്.

മോട്ടോർവാഹനനിയമപ്രകാരം നിയമലംഘനങ്ങൾക്ക് കേരള പോലീസ് കസ്റ്റഡിയിൽ എടുത്ത പ്രതികൾക്ക് അനുകൂലമായി രംഗത്തു വന്നവരിൽ ഭൂരിഭാഗവും പതിനെട്ടു വയസ്സു പൂർത്തിയാകാത്ത കുട്ടികളായിരുന്നു. മോട്ടോർവാഹനവകുപ്പിനെയും പോലീസിനെയും അധിക്ഷേപിക്കുന്ന തരത്തിലും കലാപാഹ്വാനവുംവരെ എത്തിയപ്പോൾ പോലീസധികാരികൾ തന്നെ രംഗത്തുവരേണ്ടിവന്നു എന്നതിൽനിന്നു മനസ്സിലാക്കാം സാഹചര്യത്തിന്റെ ഗൗരവം.

സമൂഹമാധ്യമങ്ങളുടെ ദുർവിനിയോഗത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ട അപക്വതയും നിലവാരത്തകർച്ചയും സമൂഹത്തിലേക്കും തലമുറകളിലേക്കും വ്യാപിച്ചുതുടങ്ങിയിരിക്കുന്നു. പ്രസ്തുത സംഭവത്തിൽ അനുകൂലിച്ചു പ്രത്യക്ഷപ്പെട്ട കുട്ടികളുപയോഗിച്ച ഭാഷയും അവർ പ്രകടിപ്പിച്ച സംസ്കാരവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പ്രവൃത്തികൾ കുറ്റകരമാണെന്നതും അവർ കാണുന്ന ലോകത്തിനുമപ്പുറമാണ് യഥാർത്ഥ ലോകമെന്നും, അവിടെ സമൂഹമാധ്യമത്തിലെ 'ഫാൻസ്' ഒന്നും യഥാർത്ഥത്തിൽ അസ്തിത്വമുള്ള ഘടകങ്ങളല്ലെന്നും ബോധ്യപ്പെട്ടാൽ മാത്രമേ കുട്ടികളുൾപ്പെടുന്ന ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കാൻ കഴിയൂ.

**നോമൊഫോബിയ**

വിദ്യാർത്ഥികൾ ഇന്റർനെറ്റ് അമിതമായി ഉപയോഗിക്കുമ്പോൾ ബുദ്ധിവളർച്ച മുരടിക്കുക മാത്രമല്ല, പെരുമാറ്റ വൈകല്യങ്ങളും സംഭവിക്കുന്നു. പലപ്പോഴും ചുറ്റുപാടും മറന്നു ഗെയിമിലോ ഇന്റർനെറ്റ് വിനോദങ്ങളിലോ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ഇത്തരം വൈകല്യങ്ങൾ വളരാൻ സാധ്യത ഏറെയാണ്.


ഇന്നു വളരെയധികം ആളുകൾ 'നോമൊഫോബിയ' എന്ന ഓമനപ്പേരിൽ വിളിക്കുന്ന 'മൊബൈൽ ഫോണില്ലാത്ത അവസ്ഥയെക്കുറിച്ചുള്ള പേടി' അനുഭവിക്കുന്നവരാണ്. ഫോൺ അടുത്തില്ലെങ്കിൽ അസ്വസ്ഥത തോന്നുന്നവർ ഇത്തരം വൈകല്യങ്ങളുടെ ലക്ഷണമായി ആ അസ്വസ്ഥതയെ മനസ്സിലാക്കി പരിഹാരം കാണേണ്ടത് അനിവാര്യമാണ്.

മൊബൈൽ ആപ്പുകൾ വഴി പണം നഷ്ടമായ അനേകം കേസുകൾ പോലീസും കോടതിയും കൈകാര്യം ചെയ്യുന്നുണ്ട്. അതിനു കാരണം ഓൺലൈൻ ബാങ്കിങ്ങും മറ്റും മുതിർന്നവർപോലും സുരക്ഷിതമായി ഉപയോഗിക്കാൻ ബുദ്ധിമുട്ടുന്നു എന്നതാണ്. ഓൺലൈൻ തട്ടിപ്പിന് ഇരയാകുന്നവരിൽ സമൂഹത്തിലെ എല്ലാത്തലത്തിലുമുള്ള ആളുകളുണ്ട്. പല കേസുകളിലും അന്വേഷണമെത്തുന്നത് കുട്ടികളിലേക്കാണ്. ഓൺലൈൻ ക്ലാസുകളുടെ സൗജന്യത്തിൽ കിട്ടുന്ന സമയം ഗെയിമിങ്, ട്രേഡിങ് എന്നിവയിൽ ഇടപെട്ട് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചോർന്ന് അനേകം തട്ടിപ്പുകൾ നടക്കുന്നുണ്ട്. ഫോണിൽ ചൈൽഡ് ലോക്ക് നിർബന്ധമാക്കുകയാണ് ഇതിനു പരിഹാരം. സുരക്ഷിതമല്ലാത്ത ആപ്ലിക്കേഷനുകളിൽനിന്നും സൈറ്റുകളിൽനിന്നും ഇതുവഴി കുട്ടികൾ സുരക്ഷിതരായിരിക്കും.

നിയന്ത്രണം നഷ്ടമാകുമ്പോളാണ് ആധുനികോപകരണങ്ങൾ എത്രയേറെ അപകടകരമാണെന്ന് നാം തിരിച്ചറിയുക. സമൂഹമാധ്യമത്തിൽ നടത്തിയ ഒരു പ്രസ്താവനയോ, പങ്കുവച്ച ഒരു ചിത്രമോ എന്തിന്, വെറുതെ വിനോദത്തിനായി എടുത്ത ഒരു സ്വകാര്യചിത്രംപോലുമോ നാളെ രൂപവും ഭാവവും മാറി സമൂഹത്തിൽ അപകീർത്തി പരത്തും വിധം പ്രചരിച്ചേക്കാം.

സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ കൂടിവരുന്ന കാലമാണിത്. പഠനങ്ങളും നിയമനിർമാണവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അബദ്ധങ്ങൾ ആവർത്തിക്കപ്പെടുന്നത് ദുഃഖകരമാണ്. ■

**വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ**



# ഞങ്ങൾക്കു വേണ്ടതെല്ലാം സ്വർഗത്തിലുള്ള അപ്പൻ തരും



ആഷ്‌ലി ടെസ് ജോൺ

**തലകൊണ്ടു ജീവിക്കുന്ന പുരുഷനും ഹൃദയംകൊണ്ടു ജീവിക്കുന്ന സ്ത്രീയും ഒരുമിച്ചൊരുക്കുന്ന ചില ആരാമവസന്തങ്ങൾ കണ്ണുകൾക്കു കുളിരും കാതുകൾക്കു തേൻമഴയുമാണ്. അങ്ങനെയുള്ള ചില കുടുംബങ്ങളെ കേട്ടെഴുതുകയാണ് ഈ പംക്തിയിൽ.**

"ക്രിസ്തു അണിയത്തുണ്ടെങ്കിലും ചിലപ്പോഴൊക്കെ നമ്മുടെ വഞ്ചി ഉലയുകതന്നെ ചെയ്യും. പക്ഷേ, തകരാതെ അവിടുന്നു കാക്കും. ഇളയ കുട്ടിക്കു പനിയായി ആശുപത്രിയിലായിരുന്ന സമയത്ത് അഞ്ചാംക്ലാസുകാരിയായ മരിയ എല്ലാക്കാര്യങ്ങളിലും വല്യമ്മച്ചിയെ സഹായിച്ചു." ഇതു പറയുമ്പോൾ നിഷയുടെ സ്വരത്തിന് അഭിമാനത്തിന്റെ തെളിച്ചമുണ്ടായിരുന്നു; വാത്സല്യത്തിന്റെ തൊങ്ങലും! "മുതിർന്ന കുട്ടികൾ, രണ്ടുപേരും അൾത്താരശുശ്രൂഷകരായിരുന്നു. ഇളയ കുഞ്ഞുങ്ങളുടെ കാര്യങ്ങളൊക്കെ അവർ നോക്കിക്കൊള്ളും. ഭക്ഷണം കൊടുക്കാനും സ്കൂളിൽ പോകുമ്പോൾ ഒരുക്കാനും എല്ലാം അവരെപ്പോഴും എനിക്കു സഹായമാണ്." പറയുന്തോറും പുഴപോലെ ഒഴുകി അഴകേറുകയാണ് നിഷയുടെ വാക്കുകൾക്ക്. അല്ലെങ്കിൽത്തന്നെ മക്കളെപ്പറ്റിപ്പറയുമ്പോൾ ഏതമ്മയുടെ നാവാണ് തോരുക, അതും അഞ്ചു മക്കളുള്ള ഒരു കുഞ്ഞിയമ്മയാവുമ്പോൾ.

"എന്റെ അമ്മയുടെ വീട്ടിൽ അവർ പതിനൊന്നു മക്കളായിരുന്നു. അതുകൊണ്ടായിരിക്കാം, എനിക്ക് നേരത്തേമുതൽ കുട്ടികളെ ഒത്തിരി ഇഷ്ടമാണ്." കോശി പറഞ്ഞു. കോശിയുടെ ആഗ്രഹങ്ങൾ നിഷയുടേതുകൂടിയായപ്പോൾ പാലാ ഐങ്കൊമ്പ് പാലത്തിങ്കൽചാലിൽ കോശിയുടെയും നിഷയുടെയും പ്രണയവല്ലരിയിൽ വിരിഞ്ഞത് അഞ്ചു പൂക്കൾ. പ്ലസ്ടു വിദ്യാർത്ഥി ജോസഫ്, പത്താം ക്ലാസുകാരൻ ജേക്കബ്, അഞ്ചാം ക്ലാസുകാരി മാഗ്ലൈൻ, രണ്ടാം ക്ലാസുകാരി മരിയ, ഒന്നരവയസ്സുകാരൻ ജെറോം.

പാലാ പിഴക് നിർമല പബ്ലിക് സ്കൂളിലെ അധ്യാപിക ഇത്ര എളുപ്പത്തിൽ എങ്ങനെ വളർത്തിയെടുത്തു ഈ അഞ്ചുകുട്ടികളെ എന്നു വിചാരിക്കും മുമ്പ് നിഷ പറഞ്ഞു: "കുട്ടികൾക്കൊക്കെ മൂന്നുമാസം തികഞ്ഞപ്പോഴേ ഞാൻ ജോലിക്കു പോയിത്തുടങ്ങി. കോശിയുടെ അമ്മച്ചി സെലിനും അപ്പച്ചൻ പി.ഒ. ജോസഫും എപ്പോഴും കുഞ്ഞുങ്ങൾക്കു കരുതലായി കൂടെയുണ്ടായിരുന്നു. കുട്ടികളുടെ എണ്ണം കൂടിയപ്പോഴും അമ്മച്ചി ഒരു പരാതിയും പറഞ്ഞില്ല, സന്തോഷത്തോടെ എല്ലാവരെയും വളർത്തി." പത്തു സഹോദരങ്ങളുടെ ഇടയിൽ അടിച്ചു കളിച്ചു വളർന്ന സെലീനാമ്മയോടാണോ കളി അല്ലേ? അല്ലെങ്കിലും പതറാതെ സഹിക്കാനുള്ള കൃപ എല്ലാവർക്കും ലഭിക്കാറില്ലല്ലോ. "ഇന്ന് ഈ അഞ്ചുമക്കൾ ഇത്രമേൽ സ്നേഹം പകരുമ്പോൾ അപ്പച്ചനും അമ്മച്ചിക്കുമല്ലാതെ മറ്റാർക്കാണ് ഞാൻ നന്ദി പറയേണ്ടത്?" നിഷ ചോദിക്കുന്നു. മാതാപിതാക്കളുടെ വൻമരത്തണലുകളിൽ ജീവിതത്തിന്റെ ഊടും പാവും നെയ്തെടുക്കുന്നവർക്ക്, എല്ലാം അനുഗ്രഹമായി മാറുകയാണ്.



പാലാ ഐങ്കൊമ്പ് പാലത്തിങ്കൽചാലിൽ കോശിയും നിഷയും മാതാപിതാക്കളോടും മക്കളോടുമൊപ്പം

*കുട്ടികൾ പരാതി പറയാറുണ്ടോ കുറവുകളെപ്പറ്റി, ഇല്ലായ്മകളെപ്പറ്റി, അവകാശങ്ങളെപ്പറ്റി?*

"ഒരിക്കലുമില്ല. രണ്ടു കുട്ടികൾ മാത്രമായിരുന്നെവെങ്കിൽ, എന്തൊക്കെ അവർക്കു കിട്ടിയിരിക്കുമോ, അതൊക്കെ ഇപ്പോഴും അവർക്കു കിട്ടുന്നുണ്ട്." ചോദ്യത്തിനുള്ള നിഷയുടെ ഉത്തരം പെട്ടെന്നായിരുന്നു. "എല്ലാക്കാര്യങ്ങളും മുകളിലുള്ളവൻ ക്രമീകരിക്കുന്നുണ്ട്. കുട്ടികളുടെ എണ്ണമേറുമ്പോൾ, കൂടുതൽ കരുതാൻ അവൻ മറക്കുന്നില്ല. അതുകൊണ്ടുതന്നെ സമ്പത്തിന്റെ അളവുകോലുകൾ ഞങ്ങളെ ആകുലരാക്കുന്നതേയില്ല." കുടുംബനാഥന്റെ വാക്കുകൾക്ക് ആത്മീയതയുടെ നിറവും ഉറപ്പും. മഴയത്തും വെയിലത്തും ബസ് കാത്തു നിൽക്കുമ്പോൾ, ടൂവീലറിൽ യാത്ര ചെയ്യുമ്പോൾ, നമ്മളെന്താ ഒരു കാറ് വാങ്ങാത്തത് എന്നു മക്കൾ ചോദിക്കും. അപ്പോൾ കോശി പറയും: "എന്നോടു പറഞ്ഞിട്ടെന്തു കാര്യം? സ്വർഗത്തിലുള്ള അപ്പനോടു പറയൂ. നിങ്ങൾക്കു വേണ്ടതാണെങ്കിൽ അവിടുന്നു തരും. ഇല്ലെങ്കിൽ നമുക്കതാവശ്യമില്ലെന്നു കരുതണം. ചില കുറവുകളും എളിമകളും തന്നില്ലെങ്കിൽ നമ്മൾ ചീത്തയായിപ്പോയാലോ?" കോശി ചിരിക്കുകയാണ്.

കോശിച്ചേട്ടന്റെ വാക്കുകൾ കേട്ടപ്പോൾ മനസ്സിലേക്കു വന്നത് കബീറിന്റെ വരികളാണ്; "പ്രഭോ, എനിക്കിത്ര മതി. കുടുംബവും ഞാനും, പശിയടക്കാൻ; പിന്നെ, ഭിക്ഷ യാചിക്കുന്നോന് കൊടുത്തിടാനും.

ഈ കെ.എസ്.ആർ.ടി.സി. കണ്ടക്ടറുടെ കൈയിൽ ബസ് മാത്രമല്ല, കുടുംബവും ഭദ്രമാണ്. അല്ലെങ്കിൽത്തന്നെ, ഇടത്തോട്ടു തിരിയുമ്പോഴും വലത്തോട്ടു തിരിയുമ്പോഴും ഇതാ, നിന്റെ വഴി എന്നു മന്ത്രിക്കാൻ ക്രിസ്തു കൂടെയുണ്ടെങ്കിൽ പേടിയെന്തിന്? ■

## കൗൺസലിങ് പഠനം

പാലാ: പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന സെന്റ് ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി സ്റ്റഡീസ് എന്ന സ്ഥാപനത്തിൽ കൗൺസലിങ്ങിന്റെ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ക്രിസ്റ്റ്യൻ ചെയറാണ് കോഴ്സ് സംഘടിപ്പിക്കുന്നത്. എല്ലാ മാസത്തിലും നാല് പൂർണദിവസങ്ങളിലായാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക: ഡോ. പി.എം ചാക്കോ (പ്രിൻസിപ്പൽ) – 9746085144, 9074034419. ഫാ. ജോസ് കുറ്റിയാങ്കൽ (ഡയറക്ടർ) – 8078154099.

# ചരിത്രത്തെ ചിത്രവധം ചെയ്യുന്നവർ

*1-ാംപേജ് തുടർച്ച*

'ആസാദി കാ അമൃത് മഹോത്സവ്' എന്ന പേരിലുള്ള സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഡിജിറ്റൽ പോസ്റ്ററിൽ നിന്നാണ് പ്രഥമപ്രധാനമന്ത്രിയും സ്വാതന്ത്ര്യ ചരിത്രത്തിലെ പ്രധാനിയുമായ പണ്ഡിറ്റ് നെഹ്റുവിനെ കേന്ദ്രം ഒഴിവാക്കിയത്. മഹാത്മാഗാന്ധി, നേതാജി സുഭാഷ് ചന്ദ്രബോസ്, ഭഗത്സിംഗ്, ഡോ. ബി.ആർ. അംബേദ്കർ, സർദാർ വല്ലഭ്ഭായി പട്ടേൽ, രാജേന്ദ്രപ്രസാദ്, മദൻ മോഹൻ മാളവ്യ എന്നിവരുടെയും വി.ഡി. സവർക്കറുടെയും ഫോട്ടോകൾ ഉൾപ്പെടുത്തിയ പോസ്റ്ററിലാണ് നെഹ്റുവിനെ പുറത്താക്കിയതെന്നതാണു തമാശ.

ഐസിഎച്ച്ആർ വെബ്സൈറ്റിലെ പോസ്റ്ററിൽനിന്നു ഫോട്ടോ ഒഴിവാക്കിയാൽ ഇല്ലാതാവുന്നതല്ല രാഷ്ട്രശില്പിയായ ജവഹർലാൽ നെഹ്റുവിന്റെ സംഭാവനകളെന്നു മുൻ പ്രതിരോധമന്ത്രി എ.കെ.ആന്റണി പറഞ്ഞതാണു ശരി. കേന്ദ്രസർക്കാരിന്റെ ചട്ടുകമാവുകയാണു ചരിത്രകൗൺസിൽ. സ്വാതന്ത്ര്യ സമരത്തിൽ നെഹ്റുവിനു പങ്കില്ലെന്നു വരുത്തിത്തീർക്കാനുള്ള അപഹാസ്യമായ ശ്രമങ്ങളാണു മോദി സർക്കാർ അധികാരത്തിൽ വന്നതുമുതൽ തുടരുന്നതെന്ന എ.കെ. ആന്റണിയുടെ വാക്കുകളിലും കഴമ്പുണ്ട്.

വിദ്വേഷം, മുൻവിധി തുടങ്ങിയവയ്ക്കുമുന്നിൽ തലകുനിച്ച ശേഷം പരിഹാസ്യമായ വിശദീകരണവുമായി വരാതെ ഐസിഎച്ച്ആർ വായടച്ചിരിക്കുകയാണു നല്ലതെന്നു പി. ചിദംബരം പറഞ്ഞതു ശ്രദ്ധേയമായി. മോട്ടോർ കാറുകളുടെ പിറവി ആഘോഷിക്കുമ്പോൾ ഹെൻട്രി ഫോർഡിനെയോ വിമാനയാത്രയുടെ ചരിത്രം ആഘോഷിക്കുമ്പോൾ റൈറ്റ് സഹോദരന്മാരെയോ ഇന്ത്യൻ ശാസ്ത്രത്തിന്റെ ആഘോഷത്തിൽനിന്ന് സി.വി. രാമനെയോ ഒഴിവാക്കുമോയെന്നു മുൻ കേന്ദ്രധനമന്ത്രി ചോദിച്ചു.

**മതേതരമാകണം രാഷ്ട്രസങ്കല്പം**

സ്വാതന്ത്ര്യവാർഷികാഘോഷത്തിലെ പോസ്റ്ററിൽനിന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുൻനിരശബ്ദമായിരുന്ന ജവഹർലാൽ നെഹ്റുവിനെ ഒഴിവാക്കിയ പോസ്റ്റർ പ്രസിദ്ധീകരിച്ചതു തീർത്തും നിസ്സാരമായൊരു പിഴവായി കാണാനാകില്ല. രാഷ്ട്രീയ, മത താത്പര്യങ്ങൾക്കായി ചരിത്രനിന്ദ നടത്തുന്നത് അംഗീകരിക്കാനാകില്ല. ഗുരുതരമായ തെറ്റിന്റെ പേരിൽ ക്ഷമാപണം നടത്താൻ പ്രധാനമന്ത്രിയോ കേന്ദ്രസർക്കാരോ തയ്യാറായതുമില്ല.

മലബാർ കലാപത്തിലെ നായകരായ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, ആലി മുസലിയാർ എന്നിവരടക്കം 387 പേരുകൾ സ്വാതന്ത്ര്യസമരരക്തസാക്ഷികളുടെ പട്ടികയിൽ നിന്നു നീക്കാൻ ശിപാർശ ചെയ്തതിനു തൊട്ടുപിന്നാലെയാണ് ഇന്ത്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ പുതിയ വിവാദനടപടി.

സ്വാതന്ത്ര്യസമരനായകരെയും സേനാനികളെയും അപമാനിക്കുന്നതു രാജ്യസ്നേഹികളായ പൗരന്മാരെയെല്ലാം വേദനിപ്പിക്കും. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ, മതേതര രാജ്യമായ ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി മാറ്റാനുള്ള ശ്രമങ്ങളിലെ അപകടങ്ങൾ വലുതാണ്. അഫ്ഗാനിസ്ഥാന്റെ തകർച്ചയും താലിബാന്റെ വളർച്ചയും ആ രാജ്യത്തിനുപോലും സമാധാനം നൽകിയില്ല. ഐഎസും അൽഖ്വയ്ദയും അടക്കമുള്ള മനഃസാക്ഷി മരവിപ്പിക്കുന്ന കൊടുംഭീകരതയ്ക്കു വളമാകുന്നതും മതരാഷ്ട്രങ്ങളാണെന്നു തീവ്രമതവാദികൾ വിസ്മരിക്കരുത്. ■

# ലൈഫ് പദ്ധതി വെന്റിലേറ്ററിലോ?



പ്രിൻസ്‌രാജ്

ഒന്നാം പിണറായി സർക്കാരിന് ഒരേസമയം നേട്ടവും തലവേദനയുമായി മാറിയ ബൃഹത്പദ്ധതിയായ ലൈഫ് ഭവനപദ്ധതിയുടെ നിലവിലെ അവസ്ഥ തികച്ചും പരിതാപകരമാണ്. ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യമിട്ട് 2016 ൽ ആരംഭിച്ച ക്ഷേമപദ്ധതിയാണിത്. അഞ്ചു വർഷത്തിനകം ലക്ഷ്യം കൈവരിക്കുമെന്നായിരുന്നു പ്രഖ്യാപനം. പ്രഖ്യാപനവും ലക്ഷ്യപ്രാപ്തിയും തമ്മിൽ ഇനിയും ദൂരമേറെ. ഇതുവരെയുള്ള കണക്കുപ്രകാരം 2.63 ലക്ഷം വീടുകൾ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചു. അതിനർത്ഥം 2.63 ലക്ഷം കുടുംബങ്ങൾക്കു ഭവനമുണ്ടായി എന്നാണല്ലോ. ഏറെ അഭിനന്ദനാർഹമായ കാര്യം.

മിന്നുന്ന തിരഞ്ഞെടുപ്പുവിജയവുമായി പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാമതും ഇടതുസർക്കാർ അധികാരത്തിലേറി നൂറുദിനം പിന്നിട്ടുകഴിഞ്ഞു. ആദ്യപിണറായി സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പദ്ധതിയുടെ ങ്ങൾ പിന്നീടു കടന്നുവന്നെങ്കിലും ഭരണ-പ്രതിപക്ഷഭേദമെന്യേ എം.എൽ.എ.മാർ ഏറെ പ്രാധാന്യത്തോടെ സമീപിച്ച പദ്ധതി. ഭവനരഹിതർ ഇല്ലാത്ത കേരളം എന്ന ലക്ഷ്യത്തിന്റെ പ്രാധാന്യവും സാമൂഹികമായ ആവശ്യകതയുമായിരുന്നു ലൈഫ്പദ്ധതിയുടെ സ്വീകാര്യതയ്ക്കു കാരണം.

സ്വന്തമായി ഒരു വീട് എന്നതു സ്വപ്നം കാണാൻപോലും ആവതില്ലാത്ത ലക്ഷക്കണക്കിനു കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട് എന്നതു വസ്തുത. വാടകവീടുകളിൽ കഴിയുന്നവർ ജീവിതകാലമത്രയും അങ്ങനെതന്നെ തുടരുന്നു. ഓരോ വർഷം കഴിയുന്തോറും ഭൂമിക്കും നിർമാണസാമഗ്രികൾക്കും വില ഭീമമായി വർദ്ധിക്കുന്നതും കൂലിച്ചെലവ് അനിയന്ത്രിതമായി ഉയരുന്നതും അതിന് ആനുപാതികമായി വരുമാനം വർദ്ധിക്കാത്തതുമാണു കാരണം. വരുമാനത്തിന്റെ നല്ലൊരു പങ്ക് മാസാമാസം വാടകയായി നൽകേണ്ടിവരുന്നു. അങ്ങനെയുണ്ടാവുന്ന സാമ്പത്തികപ്രാരബ്ധങ്ങളെത്തുടർന്നു കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന ഉന്നതവിദ്യാഭ്യാസം നൽകാനോ മുതിർന്നവർക്ക് ആവശ്യമായ മികച്ച ചികിത്സ ലഭ്യമാക്കാനോ കഴിയാതാവുന്നു. കുടുംബങ്ങൾ എല്ലാക്കാലത്തും ഇല്ലായ്മയിൽ തുടരുന്നു. അത്തരം പരാധീനതകളുടെ ചുഴിയിൽനിന്ന് അവരെ കൈപിടിച്ചു കയറ്റാനുള്ള ഒരേയൊരു പോംവഴി സ്വന്തമായി ഒരു വീട് എന്നതു മാത്രമാണ്. അതിലൂടെ ദാരിദ്ര്യനിർമാർജനവും സാമൂഹികനീതിയും കുടുംബസുരക്ഷിതത്വവും സാധ്യമാകും. അതിനുള്ള മഹത്തായൊരു ഉദ്യമമായിരുന്നു ലൈഫ് പദ്ധതി.

സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഭീമമായ ചെലവുള്ള ക്ഷേമപദ്ധതിയാണിത്. അതുകൊണ്ടുതന്നെ കൊവിഡ്കാല പ്രതിസന്ധിയിൽപ്പെട്ടു സാമ്പത്തികനില താറുമാറായ ഈ സാഹചര്യത്തിൽ ആയിരക്കണക്കിനു കോടി രൂപ ചെലവു വരുന്ന ലൈഫ് പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഏറെ വിഷമകരമാണ്. അക്ഷരാർത്ഥത്തിൽ വെന്റിലേറ്ററിൽ ആയിരിക്കുന്നു ലൈഫ് പദ്ധതി. അത് ആരോഗ്യവും ആയുസ്സും വീണ്ടെടുക്കേണ്ടത് സ്വന്തമായി ഒരു വീട് ഇപ്പോഴും വിദൂരസ്വപ്നമായിത്തുടരുന്ന ലക്ഷക്കണക്കിനു കുടുംബങ്ങളുടെ ശോഭനജീവിതത്തിന് അത്യാന്താപേക്ഷിതമാണ്. പ്രതികൂലസാഹചര്യമാണെങ്കിൽപ്പോലും, സർക്കാരിൽ വിശ്വാസമർപ്പിച്ചു കാത്തിരിക്കുന്ന ജനലക്ഷങ്ങളെ ഗൗനിക്കാതിരിക്കുക ജനാധിപത്യസർക്കാരിനു ഭൂഷണമല്ലല്ലോ.



സ്ഥിതി വിലയിരുത്തപ്പെടുത്തുന്നത് ഈ സാഹചര്യത്തിൽക്കൂടിയാണ്. 8,94,906 അപേക്ഷകളാണ് ലൈഫ് പദ്ധതിയിൽ പരിഗണനയ്ക്കുള്ളത്. അതിനർത്ഥം ഒമ്പതു ലക്ഷത്തോളം കുടുംബങ്ങൾ, പ്രതീക്ഷയർപ്പിച്ചു കാത്തിരിക്കുന്നുവെന്നാണ്. ആ അപേക്ഷകളിന്മേൽ പ്രാഥമികനടപടിപോലും സ്വീകരിച്ചിട്ടില്ല എന്നുവേണം കരുതാൻ. അക്ഷരാർത്ഥത്തിൽ പ്രതീക്ഷയ്ക്കു വകയില്ലാത്ത സ്ഥിതി. പാലങ്ങൾക്കു ചുവട്ടിലും വെളിമ്പ്രദേശങ്ങളിലും മറ്റും കൂര കുത്തി, ഒട്ടും സുരക്ഷിതത്വമില്ലാതെ കഴിയുന്ന നിരാലംബരും പരമദരിദ്രരുമായ പതിനായിരക്കണക്കിനു കുടുംബങ്ങളുടെ പ്രതീക്ഷകൾ ഈ അപേക്ഷക്കൂമ്പാരത്തിൽ കിടന്നു ശ്വാസംമുട്ടുന്നു. ഓരോ അപേക്ഷയിലും ഒട്ടനവധി മനുഷ്യജീവിതങ്ങൾ കുരുങ്ങിക്കിടക്കുന്നുണ്ടെന്ന് അഞ്ചു വർഷങ്ങൾക്കുമുമ്പ് ആദ്യമായി മുഖ്യമന്ത്രിപദമേറ്റ അവസരത്തിൽ ഉദ്യോഗസ്ഥരോടു പറഞ്ഞ പിണറായി വിജയൻതന്നെയാണ് ഇപ്പോഴും മുഖ്യമന്ത്രി. അദ്ദേഹത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുള്ള പദ്ധതിയുടെ അവസ്ഥയാണിത്. കൂട്ടുത്തരവാദിത്വത്തിനപ്പുറം വ്യക്തിപരമായ ഉത്തരവാദിത്വം അദ്ദേഹത്തിനുണ്ടെന്നു സാരം.

രാഷ്ട്രീയഭേദമെന്യേ ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയ പദ്ധതിയാണ് ലൈഫ് ഭവനപദ്ധതി. അഴിമതി-കോഴയാരോപണ

■

---

**കേരളത്തിലെ കാട്ടുമൃഗങ്ങൾ**

■ മാത്യൂസ് ആർപ്പൂക്കര

# നാടൻകുരങ്ങ്

കേരളത്തിലെ കാടുകളിലും നാട്ടിൻപുറത്തുമൊക്കെ നാടൻകുരങ്ങുകളെ കണ്ടുവരുന്നു. സുപരിചിതമായൊരു കാട്ടുമൃഗം. ഭയമില്ലാതെ മനുഷ്യരുമായി അടുക്കുന്നു. ആപത്തുവരുമ്പോൾ ആക്രമിക്കാതിരിക്കുകയുമില്ല. വനമേഖലയിലൂടെ യാത്രപോകുന്ന യാത്രികരുടെ വിശ്രമനേരത്ത് അവരുടെ തീറ്റസാധനങ്ങളോ മറ്റോ എന്തിന് ബാഗുകൾവരെ ഇക്കൂട്ടർ കൈക്കലാക്കി മരങ്ങളിൽ കയറി സ്ഥലംവിടാറുണ്ട്. ഇവറ്റ ഇരുപതോളം വരുന്ന കൂട്ടമായിട്ടാവും കാണപ്പെടുക. നന്നായി നീന്താനും പറ്റും.



പണ്ടുകാലത്ത് നാട്ടിൻപുറങ്ങളിൽ ഇവ ധാരാളമുണ്ടായിരുന്നു. കൃഷികളും മറ്റും നശിപ്പിക്കാൻ തുടങ്ങിയതോടെ മനുഷ്യർ ഇവയെ വേട്ടയാടാൻ തുടങ്ങി. അങ്ങനെ ഇവ നാട്ടിൻപുറങ്ങളിൽ അപൂർവമായി മാറി. ഇപ്പോൾ നമ്മുടെ വനപ്രദേശങ്ങളിൽ ധാരാളമായി ക്കാണാം. പക്ഷേ, മഴക്കാടുകൾ ഈ വർഗക്കാർക്ക് തീരെ പിടിക്കില്ല. ഉഷ്ണമേഖലയിലെ ഇലപൊഴിയുംകാടുകളാണ് ഇഷ്ടം. വനത്തിന്റെ പ്രാന്തപ്രദേശങ്ങളാണ് കൂടുതലിഷ്ടം. അതായത്, കാടിനോടു ചേർന്ന ജനവാസമേഖലകളാണ് ഈ കുരങ്ങന്മാർക്കു വിഹരിക്കാൻ പ്രിയം.

ഏകദേശം 60 സെ.മീറ്റർ ഉയരവും 6 മുതൽ 9 കിലോഗ്രാം വരെ ഭാരവുമുള്ള ചെറിയ കുരങ്ങുവർഗമാണിത്. രണ്ടരവർഷം കൊണ്ടു വളർച്ച പൂർത്തിയാക്കുന്നു. ആയുസ് 12 മുതൽ 15 വരെ കൊല്ലം മാത്രം. ഇവയുടെ മുതുകുഭാഗം ഇരുണ്ട മഞ്ഞനിറത്തിലാണ്. വയറിന് മഞ്ഞകലർന്ന വെള്ളനിറവും മുഖത്തിന് ചുവപ്പുനിറവും കാണുന്നുണ്ട്. തലയിൽ ഒരു ചുഴിയുണ്ട്. ശരീരം രോമാവൃതമാണ്. വാലിന് ഒന്നരയടിയോളം നീളമുണ്ട്.

വെജിറ്റേറിയനെന്നോ നോൺവെജിറ്റേറിയനെന്നോ വ്യത്യാസമൊന്നും നോക്കാതെ വിശന്നാൽ എന്തും കഴിക്കുന്ന കൂട്ടരാണ്. കായും പഴവും ഇലയും പൂവും എല്ലാം നാടൻകുരങ്ങുകൾക്ക് വലിയ ഇഷ്ടംതന്നെ. പ്രാണികളെയും ഷഡ്പദങ്ങളെയും ചെറുജീവികളെയും ചിലപ്പോൾ ഉരഗങ്ങളെ വരെ ഇവ ഭക്ഷണമാക്കും. വനമേഖലയോടു ചേർന്നുള്ള പട്ടണങ്ങളിൽ ഉയർന്നുനില്ക്കുന്ന ഫ്ളാറ്റുകളിലെ തുറന്നിട്ട ജാലകംവഴി കുരങ്ങുദമ്പതികൾ അടുക്കളയിലും മറ്റും കടന്നുചെന്ന് പലഹാരങ്ങളും ബിസ്കറ്റും പഴങ്ങളുമൊക്കെ മോഷ്ടിക്കാറുണ്ട്. മണിപേഴ്സ്, മൊബൈൽ ചാർജർ, പേന എന്നിവയൊക്കെ തട്ടിക്കൊണ്ടുപോകുന്ന സ്വഭാവവും ഇവയ്ക്കുണ്ട്. മനുഷ്യരുമായി ഇണങ്ങിപ്പോകുന്ന പ്രകൃതംതന്നെയാണ് ഈ കുരങ്ങന്മാർക്ക്.

വെള്ളമന്തി എന്നു പേരുകൂടി നാടൻകുരങ്ങിനുണ്ട്. മക്കാക്കറേ ഡിയറ്റ എന്നാണു ശാസ്ത്രനാമം.

■

---

**കാർഷികം**

**ജോഷി മുഞ്ഞനാട്ട്**

# വേങ്ങമരം

ഇല കൊഴിയുന്ന മരങ്ങളിൽപ്പെടുന്ന വേങ്ങ ഉഷ്ണമേഖലയിൽ നല്ലതുപോലെ വളരുന്നു. ഇന്ത്യ, ശ്രീലങ്ക എന്നിവിടങ്ങളിൽ സാധാരണമായി കാണപ്പെടുന്നു. 40 മീറ്റർവരെ ഉയരത്തിൽ വളരുന്ന ഇതിന്റെ പൂക്കാലം മേയ് - സെപ്റ്റംബർ വരെയാണ്. ചിത്രശലഭത്തിന്റെ ആകൃതിപോലെയുള്ള ഇതിന്റെ പൂക്കൾക്ക് നല്ല മണമുണ്ട്. കാറ്റിലൂടെയും കിളികൾ വഴിയുമാണ് ഇവയുടെ വിത്തുവിതരണം. നേരിട്ട് വെയിലേൽക്കുന്ന വിത്തുകൾ മുളയ്ക്കാറില്ല. ചുവപ്പുനിറത്തിലുള്ള ഒരു കറ ഈ മരത്തിനുണ്ട്.



വേങ്ങയുടെ തടിക്ക് ഈടും ഉറപ്പുമുണ്ട്. തടിയുടെ വെള്ളയ്ക്ക് ഇളം മഞ്ഞനിറവും കാതലിന് മഞ്ഞകലർന്ന കറുപ്പുനിറവുമാണ്. ഫർണീച്ചർ, വാഹനങ്ങൾ, റെയിൽവേ സ്ലീപ്പർ എന്നിവയുടെ നിർമാണത്തിനും മറ്റും ഉപയോഗിക്കുന്നു. തൊലിയും കാതലും ഔഷധഗുണമുള്ളതാണ്. വേങ്ങക്കാതൽ ദശമൂലാരിഷ്ടത്തിൽ ഉപയോഗിക്കുന്നു. നമ്മുടെ കൃഷിയിടത്തിൽ വേങ്ങമരത്തിനുകൂടി സ്ഥാനം കൊടുക്കുന്നതു നല്ലതാണ്.

■

# ആണാകലും പെണ്ണാകലും

പ്രണയപാഠാവലി



94

ഡോ. ആന്റണി ജോസ്

'പെണ്ണാകൽ' പുരുഷനിലും 'ആണാകൽ' സ്ത്രീയിലും വികാസം പ്രാപിക്കേണ്ട ഒരു പുരോഗമനധർമ്മമാണ്. അതിന് അസ്തിത്വപ്രതിസന്ധിയുമായി ബന്ധമൊന്നുമില്ല. വൈശിഷ്ട്യങ്ങളെ പങ്കാളിയിൽനിന്നു കൈക്കൊണ്ട് വ്യക്തിത്വം പുഷ്കലമാക്കുക. കുടുംബത്തിന്റെ ക്ഷേമൈശ്വര്യങ്ങൾ കാംക്ഷിക്കുന്നവർ, പരസ്പരമുള്ള ഈ ആദാനപ്രദാനങ്ങൾ ഒരു സർഗക്രിയയാക്കി മാറ്റുന്നു. എളിമയും ശുഭാപ്തിവിശ്വാസവും ഇതിനു പ്രചോദനമായി നിലകൊള്ളുകയും ചെയ്യുന്നു.

ഹൃദയങ്ങളുടെ വായനയിൽനിന്നാണ് ഈ പ്രക്രിയ പ്രോദ്ഘാടനം ചെയ്യപ്പെടുക. സ്വാത്മവായന പരിമിതികളെ തിരിച്ചറിയാൻ സഹായിക്കുന്നു. അതേസമയം, അപരാധ്യയനമാകട്ടെ, തന്നിലേക്കാനയിക്കപ്പെടേണ്ട നിറസ്രോതസ്സുകളെ തേടിപ്പിടിക്കുന്നു.

മനുഷ്യനിൽ ഒരു വികാരപ്രപഞ്ചംതന്നെ ചേർന്നിരിക്കുന്നു. അതിൽ ഭാവാത്മകമായ വാത്സല്യം, സന്തോഷം, നിഷേധാത്മകമായ ക്ഷോഭം, ശോകം, ചാപല്യസൂചകങ്ങളായ കൊഞ്ചൽ, ശൃംഗാരം ഇതൊക്കെ സ്ഥാനം പിടിച്ചിട്ടുണ്ടാവും. എന്നാൽ മാതൃകാപരമായ, വസ്തുതാബോധമുള്ള ഒരു കുടുംബജീവിതത്തിൽ ഇത്തരം വികാരഗണന സാധുവാകുന്നില്ല.

സ്വത്വങ്ങൾ പരസ്പരം ഊടും പാവും തീർക്കുന്നത് യുക്തിയുടെ തറിയിന്മേലല്ല. വികാരങ്ങളുടെ പശിമകൂടി അതിനാവശ്യമാണ്. അലകളൊഴിഞ്ഞ പ്രശാന്തമായ വൈകാരികതയുടെ ഓളപ്പരപ്പിൽ ഞൊടിനേരത്തേക്കുയരുന്ന ഒരു നെടുവീർപ്പല്ലേ യുക്തി? യുക്തിവാദിയായ പുരുഷൻ സ്വയം ചോദിക്കേണ്ട ചോദ്യമാണിത്. അപ്പോൾ സദ്വികാരങ്ങളെ ആഗിരണം ചെയ്ത്, നിഷേധാത്മകങ്ങളായവയെ വിസർജിക്കുന്നതുകൊണ്ട് എല്ലാം യുക്തിഭദ്രമാകുന്നില്ല എന്നു വരുന്നു.

ഇവിടെയാണ് വൈകാരിക സംവേദനത്വം എന്ന സിദ്ധിക്ക് ഇടം കിട്ടേണ്ടത്. നൈസർഗികമായി അവൾ അതിന്റെ ഗർഭഗൃഹമാണ്. വൈകാരികതയുടെ ഉച്ചനീചത്വങ്ങൾ കിടമത്സരത്തിലേർപ്പെട്ടാലും വിദൂരത്തിലല്ലാതെ അവൾക്കൊരു ആശാബിംബമുണ്ട്; പ്രണയം! പ്രണയത്തിന്റെ മോതിരവളയത്തിൽ വൈകാരികതയുടെ അംഗുലീതാളങ്ങൾ ചിട്ടപ്പെടുത്താൻ അവളെയാരും പഠിപ്പിക്കേണ്ട. തളർച്ചയിൽ തിരിവെട്ടമേകി, വിജയത്തിൽ തിലകം ചാർത്തി, സമ്മർദങ്ങളിൽ നിസ്സംഗതയുടെ തടയണ തീർത്ത് അവൾ എത്തും. നിങ്ങളുടെ ചപലമോഹങ്ങൾക്കു ചിറകുകൾ തുന്നുമ്പോൾ അതിശയിക്കേണ്ട. ഒന്നേ അവൾ തിരികെ ആവശ്യപ്പെടുന്നുള്ളൂ: രസമുള്ള വൈകാരികദോലനങ്ങളോടുള്ള സഹാനുഭൂതി, അതു മാത്രം. പെണ്ണാകൽചടങ്ങിനു പുരുഷൻ അഭ്യസിക്കേണ്ട ആദ്യപാഠമാണത്.



'കരയാതെ കാര്യം പറയെടീ...' എന്ന് അക്ഷമനാകുന്നവൻ അറിയണം ആ മിഴിനീരിന്റെ ഉറവക്കണ്ണോളം നിങ്ങൾ ചെല്ലേണ്ടതുണ്ടെന്ന്. അവളൊന്നു പൊട്ടിത്തെറിക്കുമ്പോൾ അതിനെ പ്രതിരോധിക്കുന്നത്, ആസുരതയുടെ പത്മവ്യൂഹം തീർത്താണോ? അതവളുടെ അഹത്തെ നിർമലീകരിക്കുമായിരുന്നില്ലേ? കപടപക്വതയുടെ ചായംതേച്ച് മുഖം മിനുക്കി, അവളുടെ കൊഞ്ചൽമൊഴിക്കു നേരേ കാതടച്ചതു നീതിയാണോ?

അവനു വൈകാരികസംവേദനത്വമുണ്ടാകട്ടെ... കുടുംബത്തിലും സമൂഹത്തിലും അവൻ സ്വീകാര്യനാകും.

അവളുടേത് കൂട്ടുത്തരവാദിത്വമുള്ള ഈഗോയാണ്. സ്വസമൂഹത്തിന്റെ ഉന്നതിക്കും ഐശ്വര്യത്തിനുമുള്ള ജാഗ്രത അതിലുണ്ട്. ഭർത്താവും മക്കളുമടങ്ങുന്ന വേദിയിലാണ് അവൾ വില കണ്ടെത്തുക. ഒറ്റയ്ക്കു വീരവാദം പറയുന്നവൻ, സ്വസമൂഹത്തിന്റെ ബാനറിൽ മേനി പറയട്ടെ. കുടുംബാംഗങ്ങളുടെ സംഘാതത്തിലെ ഒരു കണ്ണിയാണ് താനുമെന്നറിയുമ്പോൾ, അവനിൽ സ്ത്രൈണതയുടെ തുടിതാളം മുഴങ്ങുകയായി.

നിസ്സാരമെന്നോ ചെറുതെന്നോ പഴയതെന്നോ ഭേദമില്ലാതെ എല്ലാക്കാര്യങ്ങളിലും അവൾക്കു കണ്ണുണ്ട്, ആലോചനയുണ്ട്; വീട്ടിലും വീട്ടിലുള്ളവരുടെ കാര്യത്തിലും. ആസ്തിയുടെയും ആഭിജാത്യത്തിന്റെയും പിന്നാലെ പരക്കം പായുമ്പോൾ അവഗണിക്കേണ്ടതല്ല കൊച്ചുകാര്യങ്ങൾ. അവളുടെ കഥയും കഥയില്ലായ്മയും അവന്റെ മുൻഗണനാപട്ടികയിലുണ്ടാകണം. സ്വസമൂഹത്തിന്റെ ഓരോ ശ്വാസവും അവന്റെതുംകൂടിയാണ്. ഈ തിരിച്ചറിവ് പൗരുഷത്തിന്റെ ശിലാസ്തംഭങ്ങളെ ഉരുക്കിവാർക്കുന്നു. തനിച്ചു സുഖിക്കുകയെന്ന മനോഭാവം മുളയിലേ നുള്ളണം. സന്തോഷകരമായ മുഹൂർത്തങ്ങൾ ഒരുമിച്ചാകട്ടെ. അവൾ അതേറ്റവും ഇഷ്ടപ്പെടുന്നു. പങ്കാളിയെ ഒഴിവാക്കിയുള്ള ഉല്ലാസയാത്രകൾ, എന്തു ന്യായം പറഞ്ഞായാലും, അവൾക്കു നൊമ്പരമാകും. പുകവലി, മദ്യപാനം, മറ്റു ലഹരിവസ്തുക്കളോടുള്ള താത്പര്യം ഇതൊക്കെ അനാരോഗ്യകരമാണെന്നു മാത്രമല്ല, സ്വാർത്ഥസുഖപരത എന്ന ഒറ്റ ലക്ഷ്യത്തിലേക്കാണു കൊണ്ടുപോകുന്നത്. സന്തോഷങ്ങൾ കുടുംബത്തിലെല്ലാവർക്കും വിരുന്നാകട്ടെ. ഒരേ മേശയിൽ, ഭക്ഷണം കഴിച്ചുകൊണ്ട് ഈ പാഠം പ്രായോഗികമാക്കിത്തുടങ്ങാവുന്നതേയുള്ളൂ.

ഒടുവിൽ, സെക്സിനെക്കുറിച്ചൊരു വാക്ക് - പ്രണയിച്ചു സെക്സിലെത്തുക. നിങ്ങൾക്കിടയിൽ രൂപപ്പെടുന്ന വൈകാരിക അടുപ്പത്തെ പറിച്ചെറിയാൻ, പിന്നെ ആർക്കാണു സാധിക്കുക? പ്രണയത്തിന്റെമേൽ അവൾ നൽകുന്ന അമൂല്യമായ സമ്പത്താണ് സെക്സ് എന്നു കരുതിയാലും തെറ്റില്ല.

■

കവിത



## ഇരുളറുത്തു വെട്ടമേകണേ

തെരേസ പീറ്റർ

ലോകമിന്നു ഭീതിയിൽ കഴിഞ്ഞിടുന്നഹോ
'കൊറോണ'ബാധയേറ്റു നാം കരഞ്ഞിടുന്നുവോ?
എത്ര ദാരുണം സ്ഥിതി എത്ര ഭീകരം
ഇതിനറുതി വേണ്ടയോ? കരേറ്റമാവില്ലേ?

ലോകാരംഭകാലം തൊട്ടേ രോഗപീഡകൾ
വ്യാപനകാഠിന്യവും കണ്ട കാലമേ
ലോകജനത ജീവഹാനിയാൽക്കുറഞ്ഞതും
കണ്ടുകാലം ദൃഢതയാർന്നജയ്യനായതും,

ഓർത്തിടുന്നുവെങ്കിലും കൊറോണമാരിയെ
സൗഖ്യമാക്കി ലോകരക്ഷ സാധ്യമാക്കിടാൻ
ലോകതാതൻ തന്നെ വന്നനുഗ്രഹിക്കണം
മറുമരുന്നു കണ്ടതുമനുഗ്രഹമഴ.

സത്യധർമ-നീതി-കരുണ തത്ത്വശാസ്ത്രങ്ങൾ
പുല്ലുപോലെ വലിച്ചെറിഞ്ഞു വിജയഭേരിയോ?
ലോകത്തെ കീഴടക്കാൻ ശക്തിയാർന്നവർ
എന്തിനുമേതിനും കരുത്തരായവർ.

ഈയൊരു അഹന്തയാൽ വിജയകാഹളം
മുഴക്കിയങ്ങു മാനവൻ കുതിച്ചുപോകവേ
'ഈ പോക്കു നല്ലതല്ല'യെന്ന ഓതലിൽ
അന്ധമായ തേരോട്ടത്തിന്നറുതി വന്നതോ?

ലോകം പാപയിരുളിലാണ്ടു കെട്ടുപോകരു-
തെന്ന ദൃഢദൈവചിന്തയാൽ ഭവിച്ചതോ?
കേവലമൊരണുവിൻ വരവൊക്കെ മാറ്റിയോ?
ജനം ഞെരിപിരികൊള്ളും കാലം വന്നുവോ?

മാനവന്റെ അഹന്തതൻ കെട്ടുകളൊക്കെ
അഴിഞ്ഞിവിടെ ജീവനായി കേണിടുംകാലം
പ്രാണവായു കിട്ടാതങ്ങു ജീവസഞ്ചയം
പ്രാണനറ്റു വീണടിഞ്ഞു തീരും കാഴ്ചകൾ

ഇതിനൊരന്ത്യം വരണം ലോകനാഥാ, നിശ്ചയം
ലോകകെടുതി നീക്കി നീ പ്രകാശമേകണം
സൃഷ്ടി തന്ന നാഥൻതന്നെ രക്ഷയേകണം
പാപമക്കൾ പതനഹേതുവായിയെങ്കിലും.

അകക്കണ്ണിൽ വെട്ടമേകി ഇരുളകറ്റണം
നേർവഴികൾ കണ്ടുനീങ്ങാൻ വെളിച്ചമേകണം
സ്നേഹവും നീതിയും കരുണയുമൊത്ത
സുപ്രഭാതമൊന്നു നീ വരുത്തി വയ്ക്കണം.

അകവെളിവിൽ ശാന്തിപൂകിയുള്ള ജീവിതം
ആസ്വദിപ്പാൻ ലോകമക്കൾ പാകമായിടാൻ
ഇക്കാലദുരന്തമഴയ്ക്കറുതി വരുത്തിടാൻ
രക്തക്കണ്ണീരൊഴുക്കിയിതാ പ്രാർത്ഥിക്കുന്നിവർ.

ഇക്കൂരിരുൾ നീങ്ങി വെട്ടം വന്നിടും
താമസംവിനായൊക്കെ സംഭവിച്ചിടും
ആശയറ്റുപോയിടാതെ കാത്തുനിന്നിടാം
അർച്ചന - പ്രതീക്ഷതൻ കൊടിയുമേന്തിടാം.

മിനിക്കഥ

ഉണ്ണി വാരിയത്ത്

## അതിജീവിച്ചത്

എന്തിനും ഏതിനും ഒരു അന്ത്യമുണ്ടെന്നു പറയാറുണ്ടല്ലോ. പക്ഷേ, കഥകൾ ഒരിക്കലും ഇല്ലാതാവുകയില്ല.

അതെന്താണങ്ങനെയെന്നു സംശയിക്കേണ്ട കാര്യമില്ല. കഥകൾ പണ്ടേ ഉണ്ടായത്, ഇപ്പോഴും ഉള്ളത്, ഇനിയും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. കാരണം, കാലാകാലങ്ങളെ അതിജീവിച്ചത് കാലഗതി പ്രാപിക്കില്ലല്ലോ. കഥ കാലംതന്നെയെന്നു ചുരുക്കം.




നോവൽ 6

## വിനായക് നിർമ്മൽ

വണ്ടിയിൽനിന്നു പുറത്തേക്കിറങ്ങിയത് ഫാ. സെബാസ്റ്റ്യനും ഫാ. മാത്യുവും അലോഷ്യസുമായിരുന്നു. സനൽ ജോലി ചെയ്യുന്ന സ്കൂളിലെ പ്രിൻസിപ്പലാണ് ഫാ. സെബാസ്റ്റ്യൻ. മാനേജരാണ് ഫാ. മാത്യു. അലോഷ്യസ് സനലിന്റെ സഹപ്രവർത്തകനും അടുത്ത സുഹൃത്തുമാണ്.

പാത്രത്തിലേക്കിട്ട കരം സനൽ പിൻവലിച്ചു. പാത്രം അയാൾ രോഷ്നിക്കു നേരേ നീട്ടി. രോഷ്നി ഒരു ദീർഘനിശ്വാസത്തോടെ അതു വാങ്ങി അടുക്കളയിലേക്കു പോയി. സനൽ എണീറ്റു ചെന്ന് അതിഥികളെ സ്വീകരിച്ചു.

"ഗുഡ് ഈവനിങ്" ദയ അച്ചന്മാർക്കും അലോഷ്യസിനും നേരേ കൈകൾ കൂപ്പി

"ഗുഡ് ഈവനിങ് ദയ." ഫാ. സെബാസ്റ്റ്യൻ ദയയുടെ ശിരസ്സിൽ തലോടി.

ബെഞ്ചമിനും അവരെ അഭിവാദ്യം ചെയ്തു.

"ഗുഡ് ഈവനിങ്."

കൈയിലിരുന്ന മിഠായി ബോക്സ് ഫാ. മാത്യു ബെഞ്ചമിനു നേരേ നീട്ടി. ബെഞ്ചമിൻ അല്പം പരുങ്ങലോടെയാണ് അതു വാങ്ങിയത്.

"താങ്ക്സ് പറയ്." ദയ ഓർമിപ്പിച്ചു.

''താങ്ക്സ്.'' ബെഞ്ചമിൻ ആവർത്തിച്ചു.

"മിടുക്കൻ.'' അഭിലാഷും വൈദികരും സ്വീകരണമുറിയിലെ ഇരിപ്പിടങ്ങളിൽ ഇരുന്നു.

''വാ, ചോദിക്കട്ടെ.'' ഫാ. മാത്യു കുട്ടികളെ തന്റെ അടുക്കലേക്കു വിളിച്ചു.

''പഠിക്കണ്ടേ നിങ്ങൾക്ക്. എന്തുമാത്രം കാര്യങ്ങളാ ടീച്ചേഴ്സ് നിങ്ങളെ പഠിപ്പിച്ചിരിക്കുന്നത്. അല്ലേ സാറേ?"

പിന്തുണയ്ക്കാനായി ഫാ. മാത്യു അലോഷ്യസിനെ നോക്കി.

"പിന്നേയ്. ഒരുപാട് പഠിപ്പിച്ചിട്ടുണ്ട്. നിങ്ങടെ ഫ്രണ്ട്സും നിങ്ങളെ തിരക്കുന്നുണ്ട്. വേഗം സ്കൂളിലേക്കു വന്നേക്കണം. പപ്പയോടു പറയണം സ്കൂളിൽ പോകണമെന്ന്. അതു പറയാനാ ഞങ്ങളെല്ലാവരുംകൂടി വന്നെ." അലോഷ്യസ് പറഞ്ഞു.

സംസാരം കേട്ടുനില്ക്കുകയായിരുന്ന സനൽ നെടുവീർപ്പിട്ടു. അച്ചന്മാരെയും അലോഷ്യസിനെയും കണ്ടപ്പോൾതന്നെ അയാൾ അക്കാര്യം ഗ്രഹിച്ചിരുന്നു. ആരെയും കാണാതെ ആരുടെയും നോട്ടമെത്താതെ എവിടെയെങ്കിലും ഒളിച്ചിരിക്കാനാണ് സനൽ ആഗ്രഹിച്ചിരുന്നത്. ഇപ്പോഴിതാ അതു സാധിക്കാതെ വന്നിരിക്കുന്നു. തന്നെ പിടികൂടാൻ വന്നിരിക്കുന്ന ഏതോ ഭടന്മാരെപ്പോലെയാണ് അയാൾക്ക് അവരെ തോന്നിയത്.

വൈദികർ വന്നതറിഞ്ഞ് ജോസഫും അന്നാമ്മയുംകൂടി മുറിയിലേക്കു വല്ലവിധേനയും വന്നു.

"യ്യോ, അപ്പച്ചനും അമ്മച്ചീം കൂടി എന്തിനാ എണീറ്റ് വന്നെ. ഞങ്ങള് മുറീലോട്ടു വരുമായിരുന്നല്ലോ.'' ഫാ. സെബാസ്റ്റ്യൻ ചെന്ന് ഇരുവരുടെയും കൈയ്ക്കു പിടിച്ചു.

"അച്ചോ, ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ."

"ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ."

അച്ചൻ ഇരുവരെയും കൈപിടിച്ച് സോഫയിലേക്കിരുത്തി.

"ഞങ്ങളുടെ കുടുംബം ഇല്ലാതായച്ചോ." അന്നാമ്മ പെട്ടെന്ന് കരഞ്ഞുതുടങ്ങി.

"എന്റെ കുഞ്ഞ് ഇതെങ്ങനെ സഹിക്കുമെന്റെ അച്ചോ. കർത്താവ് ഇത്ര കണ്ണീച്ചോരയില്ലാത്തോനായി പോയല്ലോ.. കുഴീലോട്ടു കാലുംനീട്ടി ഇന്നോ നാളെയോ എന്നു പറഞ്ഞിരിക്കുന്ന ഞങ്ങളെ ആരെയെങ്കിലും വിളിക്കാൻ മേലായിരുന്നോ കർത്താവിന്." അന്നാമ്മ സങ്കടത്തോടെ ചോദിച്ചു.

ശരിയാണ്, മനുഷ്യന്റെ യുക്തികൊണ്ടു ചിന്തിച്ചാൽ അങ്ങനെയൊക്കെ തോന്നും. പക്ഷേ, ദൈവത്തിന്റെ തീരുമാനമെന്താണെന്ന്, അവിടുത്തെ മനസ്സിലെന്താണെന്ന് ആരറിയുന്നു?



ജീവിതചക്രം പൂർത്തിയാക്കിയവരാണ് ജോസഫും അന്നാമ്മയും. ഇനി അവരിൽനിന്ന് ഈ സമൂഹത്തിനോ കുടുംബത്തിനോ പ്രത്യേകമായി ഒരു സംഭാവനയും പ്രതീക്ഷിക്കാനില്ല. അതുകൊണ്ടുതന്നെ അവരുടെ മരണം വലിയൊരു ആഘാതമോ വിടവോ സൃഷ്ടിക്കുകയില്ല. ഏറ്റവും അടുത്തുനില്ക്കുന്നവരുടെ മനസ്സിൽ മാത്രം വേദന സൃഷ്ടിക്കാവുന്ന മരണങ്ങൾ.

പക്ഷേ, അതുപോലെയല്ല സ്മിതയുടെ മരണം. അവളുടെ ജീവിതം പാതിപോലും എത്തിയിരുന്നില്ല. അവൾ കുടുംബത്തിന്റെ നാഥയായിരുന്നു. അവൾക്കൊരു ഭർത്താവുണ്ടായിരുന്നു. ചിറകു മുളയ്ക്കാത്ത മക്കളുണ്ടായിരുന്നു. ഭാവിയെക്കുറിച്ച് അവൾക്കൊരുപാടു സ്വപ്നങ്ങളുണ്ടായിരുന്നു. അവളിൽനിന്ന് ഈ സമൂഹത്തിനും കുടുംബത്തിനും ഏറെ സംഭാവനകൾ ലഭിക്കാനുണ്ടായിരുന്നു. അതെല്ലാം പാതിവഴിയിൽ അവസാനിപ്പിച്ചുകൊണ്ടാണ് സ്മിത വിടവാങ്ങിയിരിക്കുന്നത്. ആ മരണത്തെ ഉൾക്കൊള്ളുക അത്ര എളുപ്പമല്ല. ദൈവത്തിന്റെ ചില തീരുമാനങ്ങൾ മനുഷ്യനു മനസ്സിലാവുന്ന വിധത്തിലുള്ളവയല്ല. പ്രായക്കൂടുതലുള്ളവർ വീട്ടിലിരിക്കെ ഏറ്റവും പ്രായം കുറഞ്ഞവരെ ദൈവം മരണത്തിലൂടെ തിരികെ വിളിക്കുന്നു. രാവും പകലും അദ്ധ്വാനിച്ചിട്ടും ചിലരൊക്കെ എന്നും ദാരിദ്ര്യത്തിൽ ജീവിക്കുമ്പോൾ എളുപ്പവഴിയിലൂടെ പണം സമ്പാദിച്ച ചിലർ സന്തോഷത്തോടെ ജീവിക്കുന്നു. മറ്റുള്ളവരെ ചൂഷണം ചെയ്ത് അവരുടെ അദ്ധ്വാനത്തിന്റെ ഫലം കൈപ്പറ്റി ജീവിച്ചിട്ടും ചിലരുടെ ജീവിതത്തിൽ അപകടങ്ങളൊന്നും ഉണ്ടാകുന്നില്ല. സാധാരണക്കാർ അപ്പോഴൊക്കെ ചോദിക്കും, ഇതൊന്നും ദൈവം കാണുന്നില്ലേ. ദൈവം അറിയാതെയാണോ ഇതെല്ലാം?

അന്നാമ്മയുടെ വാക്കുകളുടെ മുഴക്കം ഫാ. സെബാസ്റ്റ്യന്റെ ചിന്തയിൽ അലകളുണർത്തി. ജീവിതനഷ്ടങ്ങളുടെ കണക്കെടുപ്പുകൾക്കു മുമ്പിൽ എല്ലാവരും ദൈവത്തെ ചോദ്യം ചെയ്യും. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു. അതിനുമാത്രം താനെന്താണു പാപം ചെയ്തിരിക്കുന്നത്? എന്നാൽ, ജീവിതനേട്ടങ്ങളുടെ മുമ്പിൽ അവരിൽ പലരും ദൈവത്തെക്കുറിച്ച് ആലോചിക്കുന്നതേയില്ല. നേട്ടങ്ങളെല്ലാം സ്വന്തമാക്കി അവർ അഭിമാനിക്കുന്നു. നഷ്ടത്തിന്റെ പേരിൽ ദൈവത്തെ കുറ്റം വിധിക്കുന്നവർ ലാഭങ്ങളുടെ പേരിൽ ദൈവത്തോടു കൂടുതൽ നന്ദിയുള്ളവരാകേണ്ടതല്ലേ. പക്ഷേ, അങ്ങനെയൊന്നു സംഭവിക്കുന്നില്ല.

"ദൈവത്തിന്റെ തീരുമാനം അതാണെങ്കിൽ നമുക്കെന്തു ചെയ്യാൻ കഴിയും അമ്മച്ചീ?'' ഫാ. സെബാസ്റ്റ്യൻ ചോദിച്ചു.

"പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളെ അംഗീകരിച്ചല്ലേ പറ്റൂ. മരണം അങ്ങനെയൊരു വിഷയമാ അമ്മച്ചി."

പരിഹരിക്കാൻ കഴിയാത്ത പ്രശ്നം. സനൽ ദീർഘമായി നിശ്വസിച്ചു.

"സനൽ," ഫാ. മാത്യു സനലിന്റെ തോളത്ത് കൈകൾ വച്ചു "ഞങ്ങളു വന്നതിന് ഒരു പ്രത്യേക ഉദ്ദേശ്യംകൂടിയുണ്ട്. സനലിനെ സ്കൂൾ മിസ് ചെയ്യുന്നുണ്ട്."

"എത്ര ദിവസമാ ഇങ്ങനെ ഇവിടെത്തന്നെ... പിള്ളേരേം സ്കൂളിൽ വിടാതെ... സനൽ സ്കൂളിലേക്കു വാ... അവിടെ സ്റ്റുഡന്റ്സുമായി കഴിയുമ്പോ ഈ സങ്കടങ്ങൾക്കൊക്കെ ഒരു ആശ്വാസം കിട്ടും. നമുക്ക് ഒഴിവാക്കാൻ പറ്റാത്ത പലതുമുണ്ട് ഈ ലോകത്തിൽ. ഇഷ്ടമുള്ളതു മാത്രമല്ല ഇഷ്ടമില്ലാത്ത പലതും ജീവിതത്തിൽ സംഭവിക്കും. അതിനെയെല്ലാം ഫേയ്സ് ചെയ്യാൻ കഴിയണം. അവിടെയാ നമ്മുടെ കഴിവ്. യാഥാർത്ഥ്യങ്ങളിൽനിന്ന് ഒളിച്ചോടാൻ ആർക്കും പറ്റും. എന്നാൽ, നേരിടാൻ കരുത്തുള്ളവർക്കേ കഴിയൂ."

അച്ചൻ പറഞ്ഞതൊക്കെയും സനൽ തലകുനിച്ചു നിന്നു കേട്ടു.

ഒരു ടീച്ചർ എന്ന നിലയിൽ സനലിന് സ്റ്റുഡന്റ്സിനോടും ഒരു കമ്മിറ്റ്മെന്റ് ഉണ്ട്. ഫാ. സെബാസ്റ്റ്യൻ ഓർമിപ്പിച്ചു.

"എക്സാം അടുത്തുവരികയല്ലേ. പോർഷൻസ് കവർ ചെയ്യണ്ടേ? മൺഡേമുതൽ സനൽ സ്കൂളിലെത്തണം. കുട്ടികളെയും കൊണ്ടുവരണം. മരിച്ചുപോയവരാരും തിരിച്ചുവരില്ല. ജീവിച്ചിരിക്കുന്നവർക്ക് ജീവിക്കാതിരിക്കാനുമാവില്ല. ഇതൊക്കെ എല്ലാവരുടെയും ജീവിതത്തിൽ സംഭവിക്കുന്നവയാണ്. ഇന്നല്ലെങ്കിൽ നാളെ. സനലിന്റെ ജീവിതത്തിൽ അത് ഇത്തിരി നേരത്തെയായയെന്നേയുള്ളൂ. സനൽ ഇങ്ങനെ തളർന്നിരുന്നാൽ ഈ കുട്ടികളുടെ കാര്യമെന്താവും. പ്രായം ചെന്ന പേരന്റ്സിന്റെ അവസ്ഥ എന്താകും? സനൽ വേണ്ടേ ഇവർക്കെല്ലാം ധൈര്യം കൊടുക്കാൻ?"

ഫാ. മാത്യു ചോദിച്ചു.

അപ്പോഴേക്കും രോഷ്നി ചായയും മധുരപലഹാരങ്ങളുമായി എത്തി.

"ആരാ മനസ്സിലായില്ലല്ലോ..." മാത്യു അച്ചൻ സംശയിച്ചു.

"തൊട്ടയൽവക്കത്തെ കൊച്ചാ... ഇവളാ ഇപ്പോ വീട്ടുകാര്യങ്ങളെല്ലാം നോക്കുന്നെ..."

അന്നാമ്മ അറിയിച്ചു.

"അതു നല്ല കാര്യമായി. നല്ല ചായ." ചായ ഊതിക്കുടിക്കവേ സെബാസ്റ്റ്യൻ അച്ചൻ അഭിനന്ദിച്ചു.

"അച്ചന്മാര് വന്നത് നന്നായി.. സനൽ മാഷിനോടു പറഞ്ഞുപറഞ്ഞു ഞാൻ മടുത്തു, വീടിന് പുറത്തേക്കും ഇറങ്ങില്ല, ആരോടും വർത്തമാനവും ഇല്ല. ഇപ്പോ ഈ വിഷയംതന്നെയാ ഞാൻ പറഞ്ഞോണ്ടിരുന്നെ." രോഷ്നി പറഞ്ഞു.

"നമ്മളെല്ലാവരുംകൂടി ഒരുമിച്ചുനിന്നാൽ സനൽസാറിനെ നമുക്ക് പഴയതുപോലെയാക്കാമെന്നേ." അച്ചൻ ഉറപ്പുപറഞ്ഞു.

"സനൽ സാറെന്താ ഒന്നും മിണ്ടാത്തത്. എന്തെങ്കിലുമൊക്കെ പറയ്." അലോഷ്യസ് സനലിന്റെ കൈവിരലുകൾക്കിടയിലൂടെ തന്റെ വിരലുകൾ കോർത്തു.

''എനിക്ക്... എനിക്ക്...'' സനൽ തൊണ്ട തടവി. വാക്കുകൾ തൊണ്ടയിൽ ഒട്ടിപ്പിടിച്ചിരിക്കുന്നതുപോലെ സനലിനു തോന്നി.

"ഒക്കെ ശരിയാകും സാറേ... പതുക്കെപ്പതുക്കെ എല്ലാം നോർമലാകും."

അലോഷ്യസ് പറഞ്ഞു. അച്ചന്മാർ കുറച്ചുസമയം കൂടി ചെലവഴിച്ചതിനു ശേഷമാണ് അവിടെനിന്നു യാത്രയായത്. അവർ പോയിക്കഴിഞ്ഞപ്പോൾ സനൽ രോഷ്നിയോടു ചോദിച്ചു.

"ഇന്നേതാ ദിവസം?"

"ഇന്ന് വെള്ളി."

തിങ്കളാഴ്ചയിലേക്ക് ഇനി അധികദൂരമില്ലെന്ന് സനലിനു മനസ്സിലായി. തനിക്ക് സ്കൂളിൽ പോകാൻ കഴിയുമോ.. പഴയതുപോലെ ക്ലാസെടുക്കാൻ കഴിയുമോ... കുട്ടികളെ എങ്ങനെ സ്കൂളിൽ അയ്ക്കും? അടുക്കള ജോലികൾ ചെയ്യാൻ തനിക്ക് അറിയില്ലല്ലോ.

സനലിന്റെ മനസ്സിൽ പലവിധ അസ്വസ്ഥചിന്തകൾ പടർന്നു പന്തലിക്കുകയായിരുന്നു

(തുടരും)

# ഐക്യത്തിനാവശ്യം ഐകരൂപ്യം

ഒന്നാം പേജ് തുടർച്ച

2019 ഓഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചുകൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ഓഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരുധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസനത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അദ്ഭുതപ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻപ്രകാരം 2020 മേയ് നാലിന് അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ട് 2020 നവംബർ 9 ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9 ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐകരൂപ്യം വ്യക്തമാക്കുന്ന നിർദേശങ്ങൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെത്തുടർന്നാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പതന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായവിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇത് സീറോ മലബാർസഭ മുഴുവനുംവേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ, ഈ കത്തിലെ നിർദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോ മലബാർ വിശ്വാസിക്കും കടമയുണ്ട്.

ഈ പശ്ചാത്തലത്തിൽ, 2021 ഓഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാവിശ്വാസപാരമ്പര്യമുള്ള സീറോ മലബാർസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവത്രികസഭയോടും മാർപാപ്പായോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോസിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും (*cum Petro et sub Petro*) സഭാതലവനോടും രൂപതാമെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നുതന്നിട്ടുള്ളത്. 1934 ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവ് മാർപാപ്പായ്ക്ക് എഴുതിയത്, "തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണമായും സ്വീകാര്യമാണ്" എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്നു നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (*CCEO*, c. 45). ആരാധനക്രമത്തെ സംബന്ധിച്ച കാര്യങ്ങൾ അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (*SC*, 22). മാർപാപ്പാ തീർപ്പുകല്പിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (*SC*, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദേശം നടപ്പാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ് (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുകയെന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവഹണവും പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധനക്രമത്തിൽ ഐകരൂപ്യമല്ല ഐക്യമാണു വേണ്ടതെന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാനഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രംതന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി(ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്വാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (*DV*, 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതുതന്നെയാണ്.



നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്ന്, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടി വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതിനാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്നു നിർദേശിച്ചിരിക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യസഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനിന്നിരുന്ന ഈ വിശുദ്ധപാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കുന്നതുകൊണ്ടാണു കുർബാനസ്വീകരണത്തിനുശേഷമുള്ള കൃതജ്ഞതാപ്രാർത്ഥനകളും സമാപനാശീർവാദവും ജനങ്ങളുടെ നേരേ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിച്ചിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിനർപ്പിക്കുന്ന ബലിയാണ്. അതിനാൽ, സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലംമുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു (*alter Christus et altera Ecclesia*). ക്രിസ്തീയജീവിതം സ്വർഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നത്. ഒരേസമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ കർത്താവിലേക്കു തിരിയുന്നതായി (*conversi ad Dominum*) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ, നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭംമുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനമെന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടി നമുക്കു ദൈവതിരുമുമ്പിൽ ഏറ്റുപറയാം. അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല എന്ന ബെനഡിക്റ്റ് മാർപാപ്പായുടെ ചിന്ത നമുക്കു മാർഗദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവുശൈലി മാറ്റുമ്പോഴുള്ള പ്രായോഗികബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു.

അതിനാൽ, പരിശുദ്ധ പിതാവു നിർദേശിച്ചപ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (*editio typica*) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തീയതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ചമുതൽ നമ്മുടെ സഭയിൽ നടപ്പാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരു മനസ്സോടെ ഈ തീരുമാനം നടപ്പാക്കണമെന്നു സിനഡുപിതാക്കന്മാർ സഭാംഗങ്ങളെല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ഒരു മാസം ഉപവസിച്ചു പ്രാർത്ഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർത്ഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസ്സോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടത്തെ മൗതികശരീരമായ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നതകളുടെ മതിലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്കു സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവ് മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ. കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!




**സെപ്റ്റംബർ 12**
**ഏലിയ സ്ലീവാ മൂശ**
**മൂന്നാം ഞായർ**

**നിയ 7:12–16**
**ഏശ 32:1–8**
**ഫിലി 1:12–25**
**മത്താ 13:24–30**

# കളയാകാതെ കതിരാകാം



**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

പ്രപഞ്ചത്തിന്റെ പ്രകാശനാളമായവനു കത്തിപ്പടർന്നു നില്ക്കാൻ കാൽവരിയാകുന്ന കൽവിളക്കിൽ കാലം നെയ്തുവച്ച നെയ്ത്തിരിയായ പരിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ് (സെപ്റ്റംബർ 14) ഈ ആരാധനാകാലത്തിന്റെ ആധാരബിന്ദു. കുരിശുപോലെ പൂജിക്കപ്പെടാൻ പാർത്തലത്തിൽ നരകരനിർമ്മിതമായ മറ്റെന്താണുള്ളത്?

ഒന്നാം വായനയിലെ ചിന്തകൾ ശപഥം കാക്കുന്ന ശക്തനായ കർത്താവിനെ കൂടെക്കൂട്ടാൻ നമ്മെ പ്രചോദിപ്പിക്കുന്നു. അവിടുന്ന് ഒരേസമയം കരുണാമയനും കർക്കശനുമാണ്. നിവ്യന്മാരിലൂടെ താൻ നല്കിയിട്ടുള്ള നിയമങ്ങളുടെ നിരത്തിലൂടെ നടക്കുന്നവർക്കും, അവ അനുസരിക്കുന്നവർക്കുമാണ് അവിടുന്ന് അളവുകളില്ലാത്ത അനുഗ്രഹങ്ങൾ നല്കുക. വീട്ടുവളപ്പിലുള്ള കൂട്ടിലെ കാലിക്കൂട്ടങ്ങളിലേക്കുവരെ നീളുന്ന വരനിരയാണത്. വിശുദ്ധ കല്പനകളുടെ വെള്ളാരംകല്ലുകൾ പാകിയ പാതയിലൂടെ നീങ്ങിയാൽ നമ്മെ ഭയപ്പെടുത്തുന്ന മഹാമാരികൾപോലും മാറിപ്പോകുമെന്നുള്ള ഉറപ്പും നിയമപാലനത്തിന്റെ ആവർത്തനം നിത്യരക്ഷയും നിയമലംഘനത്തിന്റെ ആവർത്തനം നിത്യശിക്ഷയുമാണെന്ന നോവിക്കുന്ന നിനവും ഈ വചനവരികൾക്കുണ്ട്.

രണ്ടാം വായനയിലെ ചിന്തകൾ നീതിയിലധിഷ്ഠിതമായ അധികാരവിനിയോഗത്തെക്കുറിച്ചുള്ള ശക്തമായ ഒരു ഓർമ്മപ്പെടുത്തലാണ്. അധികാരം അധമകാര്യങ്ങൾക്കായുള്ളതല്ല; മറിച്ച്, ആത്മാർത്ഥമായ സേവനത്തിനായുള്ളതാണ്. അനീതിയുടെ അഭിഭാഷകരും ദുഷ്ടതയെ ഇരിപ്പിടമാക്കുന്നവരും ഏതൊരു കാലഘട്ടത്തിന്റെയും ശാപമായിരിക്കും. നമ്മുടേതായ ജീവിതമേഖലകളിൽ സത്യസന്ധരും കുലീനരുമായി വർത്തിക്കാൻ ഉദ്യമിക്കേണ്ടത് അത്യാവശ്യമാണ്.

മൂന്നാം വായനയിലെ ചിന്തകൾ പൗലോസ് ശ്ലീഹായുടെ വ്യക്തിപരമായ ചില അവബോധങ്ങളുടെ ആഴങ്ങളിലേക്കു വേരൂന്നവയും, അവിടെനിന്നു ചില പ്രചോദനശകലങ്ങൾ നമ്മുടെ വിശ്വാസജീവിതത്തിലേക്ക് പ്രദാനം ചെയ്യുന്നവയുമാണ്. ക്രിസ്തുവിനെ സ്വന്തം ജീവിതശൈലിയാക്കാൻ ധൈര്യപ്പെടുന്നവർക്ക് ഒന്നിനെപ്പറ്റിയും ലജ്ജിക്കേണ്ടതായി വരില്ല. ബാഹ്യമായ ബന്ധനാവസ്ഥകളിലും അവന്റെ ആത്മാവു നല്കുന്ന ആന്തരികമായ സ്വാതന്ത്ര്യം അനുഭവിക്കാൻ അവർക്കാകും. നിര്യാണംപോലും നേട്ടമായി പരിണമിക്കുന്നത് അത്തരക്കാർക്കാണ്. നമ്മുടെ ജീവിതകുരിശിൽ ക്രൂശിതനെ നാം ചേർത്തുപിടിച്ചിട്ടുണ്ടോ? ജീവിതം ഇനിയും ക്രിസ്തുവായി മാറിയിട്ടുണ്ടോ?




സുവിശേഷത്തിലെ ചിന്തകൾ കളകളാകാതിരിക്കാനുള്ള താക്കീതാണു തരുന്നത്. നന്മ നൂറു മേനി വിളയുന്ന വയലാണ് സ്വർഗരാജ്യം. ആകാശമേഘങ്ങൾക്കപ്പുറത്തുള്ള ഒരു സാങ്കല്പികസ്ഥലമല്ല സ്വർഗം. ഭൂമിയിൽത്തന്നെ അനുഭവവേദ്യമാക്കാൻ കഴിയുന്ന അവസ്ഥയാണത്. നെഞ്ചിനുള്ളിൽ നേരും നെറിയുമുള്ള ആർക്കും അതു സ്വന്തമാക്കാൻ സാധിക്കും. മനുഷ്യപുത്രൻ വിരാമമില്ലാതെ വിതയ്ക്കുന്ന നൂറുമേനി വിളയുന്ന വിത്തുകൾ ജീവിതവയലിൽ സ്വീകരിക്കാനും, അവയ്ക്കു മുളയെടുത്തു വളരാനുള്ള അന്തരീക്ഷം ഒരുക്കിക്കൊടുക്കാനും, വിതക്കാരന്റെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കു മനുസരിച്ചുള്ള ഫലങ്ങൾ പുറപ്പെടുവിക്കാനും ക്രിസ്തുവിശ്വാസികൾക്കു കടമയുണ്ട്. അതിനോടു പരിപൂർണ വിശ്വസ്തത പുലർത്തുന്നവരാണ് മണ്ണിൽ വിണ്ണു പണിയുന്നവരായി മാറുക. 'സ്വർഗത്തിന്റെ സന്തതികൾ' എന്നതാണു നമ്മുടെ അടിസ്ഥാനപരമായ വ്യക്തിത്വം. ഇതേക്കുറിച്ചു നമുക്കുള്ള അജ്ഞതയും വിശ്വാസജീവിതത്തിലെ അലസതയുമൊക്കെയാണ് ചിലപ്പോഴെങ്കിലും നാം കളകളായി പരിണമിക്കാനുള്ള കാരണങ്ങൾ. കളകൾ കള്ളനായ സാത്താന്റെ സന്താനങ്ങളാണെന്ന് ക്രിസ്തു വ്യക്തമാക്കുന്നു. നന്മയുടെ വിത്താകാനും നാശത്തിന്റെ വിത്താകാനുമുള്ള മനുഷ്യജീവിതത്തിലെ രണ്ടു സാധ്യതകളിലേക്കാണ് ചിന്തകൾ നമ്മെ നയിക്കുന്നത്. നമ്മുടെ തീരുമാനങ്ങളും തിരഞ്ഞെടുപ്പുകളും ഇവിടെ നിർണായകമാണ്. കൊയ്ത്തുകാലത്തു നിശ്ചയമായും നടക്കാൻ പോകുന്ന ഒരു 'ശേഖരണ'ത്തിലാണ് അവ നമ്മെ കൊണ്ടെത്തിക്കുക. അറപ്പുരയ്ക്കും അഗ്നിക്കുംവേണ്ടിയുള്ള ഇരട്ടയിടങ്ങളിൽ എവിടെയായിരിക്കും അന്തിമമായി നാം വാരിക്കൂട്ടപ്പെടുക? ഓർക്കണം, കതിരാണെങ്കിൽ മാത്രമേ കലവറയിൽ കയറാനൊക്കൂ. കളയാണെങ്കിൽ കത്തിക്കരിയുകയേ ഉള്ളൂ. കതിരുകൾ സ്വർഗത്തിൽ കനകസൂര്യനെപ്പോലെ പ്രശോഭിക്കുകയും, കളകൾ എരിതീയിൽ പ്രലപിക്കുകയും ചെയ്യും.

കളകളായാണോ നമ്മുടെ വളർച്ച എന്നു കണ്ടെത്താനുള്ള രണ്ടു മാനദണ്ഡങ്ങൾ കർത്താവുതന്നെ കാട്ടിത്തരുന്നുണ്ട്. അവ പാപത്തിന്റെയും പാപകാരണത്തിന്റെയുമാണ്. തിന്മ പ്രവർത്തിക്കുകയും തിന്മയ്ക്കായി മറ്റുള്ളവരെ പ്രേരിപ്പക്കുകയും ചെയ്യുമ്പോൾ നാം കളകളായി വളരുന്നു. നാളിതുവരെയുള്ള നമ്മുടെ വളർച്ച കതിരിന്റെയോ, കളയുടെയോ? വിശ്വാസജീവിതത്തിൽ നമ്മെ കളകളാക്കുന്ന സകല പൈശാചികബന്ധനങ്ങളിൽനിന്നും വിമുക്തരാകാൻ ശക്തിയാർജിക്കാം. വിനാശകരമായവയിൽനിന്നെല്ലാം സുരക്ഷിതമായ അകലം പാലിക്കാം. സ്വയം ഇടറാതിരിക്കാനും ആരുടെയും ഇടർച്ചയ്ക്കു ഹേതുവാകാതിരിക്കാനും സൂക്ഷിക്കാം. കതിരാകാനുള്ള വിളിക്ക് കാതോർക്കാം. കളയായി ആയുസ്സു കളയാതിരിക്കാം. ദൗർഭാഗ്യവശാൽ, സ്വർഗം ഭൂമിയിൽ വിതച്ചു വളർത്തുന്ന നന്മയുടെ നെന്മണികൾക്കിടയിൽ കളകൾ പാകാനുള്ള ദുഷ്ടന്റെ ഗൂഢപദ്ധതികൾ പെരുകിവരുന്ന സാഹചര്യങ്ങളിലൂടെയാണ് വിശ്വാസിസമൂഹം കടന്നുപോകുന്നത്. വിവിധ തലങ്ങളിൽനിന്നു ക്രൈസ്തവവിശ്വാസത്തിന്റെയും സഭയുടെയും നേർക്ക് വർദ്ധിച്ചുവരുന്ന ആസൂത്രിതാക്രമണങ്ങളും അവഹേളനങ്ങളും ഇതിനു മതിയായ തെളിവുകളാണ്. എന്നാൽ, ഒരു 'കുറാത്ത്' സിനിമാസംവിധായകനും, 'ചേര' നിർമാതാവിനും, സാത്താന്റെ കറുത്ത സേവകർക്കും ക്രിസ്തുവിന്റെ സഭയുടെ സാർവത്രികമായ രക്ഷാകരശക്തിയെ നീർവീര്യമാക്കാനോ പൊരുതിത്തോല്പിക്കാനോ, പാർത്തലത്തിൽനിന്നു സുവിശേഷപുണ്യങ്ങളുടെ കതിർച്ചെടികളെ പിഴുതെറിയാനോ ഒരു കാലത്തും സാധിക്കില്ല. കഴുത്തിലണിയുന്ന കുരിശെന്ന കഴുമരത്തെ കൂട്ടുപിടിച്ചുകൊണ്ട്, വിഭാഗീയതയും വിമതമനോഭാവവും വെടിഞ്ഞ്, ക്രിസ്ത്യാനികൾ കൂടുതൽ സംഘടിതരാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ■

> **വിശ്വാസജീവിതത്തിൽ നമ്മെ കളകളാക്കുന്ന സകല പൈശാചികബന്ധനങ്ങളിൽനിന്നും വിമുക്തരാകാൻ ശക്തിയാർജിക്കാം. വിനാശകരമായവയിൽനിന്നെല്ലാം സുരക്ഷിതമായ അകലം പാലിക്കാം. സ്വയം ഇടറാതിരിക്കാനും ആരുടെയും ഇടർച്ചയ്ക്കു ഹേതുവാകാതിരിക്കാനും സൂക്ഷിക്കാം.**


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**




**മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.**

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**ഒരു വിശ്വാസി,**
**കോഴിക്കോട്**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.**

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**ഒരു വിശ്വാസി, വലവൂർ**
**താമസിച്ചതിനു ക്ഷമാപണം**



## യാത്ര

സാംസൺ പാലാ



# കൊക്കരബെല്ലൂർ പക്ഷിസങ്കേതം



**സൈ**ബീരിയയിൽനിന്നും മറ്റ് ഉഷ്ണമേഖലാ പ്രദേശങ്ങളിൽനിന്നും ആറായിരത്തിൽപ്പരം കിലോമീറ്ററുകൾ താണ്ടി തങ്ങൾക്കു യോജിച്ച പാർപ്പിടം തേടിയെത്തുന്ന ദേശാടനപ്പക്ഷികൾ ഒരദ്ഭുതംതന്നെയാണ്. അവയുടെ യാത്ര, വർഷങ്ങളായി വളരെ കൃത്യതയോടെ നടക്കുന്നു.

അപൂർവയിനം പക്ഷികളാൽ സമ്പന്നമാണ് കർണാടകത്തിലെ മാണ്ഡ്യജില്ലയിൽ മഥൂർ താലൂക്കിലുള്ള കൊക്കരബല്ലൂർ. ഗ്രാമവാസികൾ പക്ഷികളുമായി ഇണങ്ങിക്കഴിയുന്നു. പക്ഷികൾ ഗ്രാമത്തിന്റെ സർവൈശ്വര്യവും ഭാഗ്യവുമാണെന്നവർ വിശ്വസിക്കുന്നു. ഉയർന്ന പുളിമരങ്ങളിലും വൻവൃക്ഷങ്ങളുടെ തലപ്പത്തും ഇവ കൂടുകെട്ടി മുട്ടയിട്ട് അടയിരിക്കുന്നു. ഗ്രാമവാസികൾ തന്നെയാണ് ഇവയുടെ സംരക്ഷകർ. കാഴ്ചക്കാരുടെമേൽ എപ്പോഴും അവരുടെ കണ്ണുണ്ടാകും. ഒരു പറവയെപ്പോലും തൊടാനോ ഉപദ്രവിക്കാനോ അവർ സമ്മതിക്കുകയില്ല.

കൊക്കരബല്ലൂർ എന്ന ഈ ഗ്രാമത്തിന്റെ പേര് രണ്ടു വാക്കുകളിൽനിന്നുണ്ടായതാണ്; കൊക്ക് എന്നർത്ഥം വരുന്ന കൊക്കരയിൽനിന്നും ശർക്കരയുടെ ഗ്രാമം എന്നർത്ഥമുള്ള ബല്ലൂരിൽനിന്നും. കന്നടഭാഷയിൽ കൊക്കുകളെ കൊക്കര എന്നാണു വിളിക്കുന്നത്. സ്പോട്ട് ബിൽഡ് പെലിക്കൻ, റോസി പെലിക്കൻ, പെയിന്റഡ് സ്റ്റോർക്ക് സ്പൂൺ ബേർഡ്, വിവിധയിനം ദേശാടനപ്പറവകൾ എന്നിവ ഈ ഗ്രാമത്തിൽ വന്നുപോകുന്നു. മരത്തലപ്പുകളിൽ അടുത്തടുത്തു കൂടുകളുണ്ടാക്കി പതിനഞ്ചും ഇരുപതും ജോടികളായി ഒരുമിച്ചു ജീവിച്ച് തിരിച്ചുപോകുന്ന ഇവ അടുത്ത വർഷവും ഇതേ കൂട്ടിൽത്തന്നെ മുട്ടയിടാറുണ്ടെന്ന് ഗ്രാമവാസികൾ പറയുന്നു. മരക്കൊമ്പിന്റെ ചില്ലകളിൽ കൂട്ടമായി സദാസമയവും വലിയ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഇവ ഗ്രാമവാസികൾക്കു തലവേദനയാണെങ്കിലും അതവർ സന്തോഷത്തോടെ സഹിക്കുന്നു. ഇന്ത്യയിലെ 21 പക്ഷി പ്രജനനകേന്ദ്രങ്ങളിൽ കൊക്കരബല്ലൂർ ഗ്രാമവും ഉൾപ്പെടുന്നു.

ദക്ഷിണഭാരതത്തിലെ ഏറ്റവും വലിയ നദികളിലൊന്നായ കാവേരിയുടെ പോഷകനദിയായ ഷിംസാ നദി ഈ ഗ്രാമത്തെ ചുറ്റിയൊഴുകുന്നു. ധാരാളം മത്സ്യങ്ങളുള്ള ഈ നദിയിൽ എപ്പോഴും നിരവധി ദേശാടനപ്പക്ഷികളെ കാണാം. മൈലുകൾ താണ്ടിയുള്ള അവയുടെ വരവിനു പിന്നിൽ ഈ മത്സ്യസമ്പത്തും ഒരു കാരണമാകാം. കൂടാതെ, ഗ്രാമത്തെച്ചുറ്റി അനവധി കുളങ്ങളുണ്ട്. അതിൽ ചിലതാണ് തൈലൂർ കേരെ, മധൂർ കേരെ എന്നിവ. കുളത്തിലുള്ള മത്സ്യങ്ങൾ പക്ഷികളുടെ ആഹാരത്തിനായി ഗ്രാമവാസികൾ വിട്ടുകൊടുക്കുന്നു. പക്ഷികൾക്കു കൂടൊരുക്കുന്നതിനു സൗകര്യപ്രദമായ പുളിമരങ്ങളും പടർന്നു പന്തലിച്ച വൻമരങ്ങളും ഇവിടെ ധാരാളം.

നാഗരികത ഒട്ടും കടന്നുവരാത്ത പാവങ്ങളുടെ ഗ്രാമമാണ് കൊക്കരബല്ലൂർ. പച്ചമണ്ണുകൊണ്ടു നിർമിച്ച ഒറ്റമുറി വീടുകളാണധികവും. ചെന്നെത്താനുള്ള റോഡുകളും പൊട്ടിപ്പൊളിഞ്ഞ നിലയിൽത്തന്നെ. റോഡിന്റെ ഇരുവശങ്ങളിലും കരിമ്പ്, റാഗി, കടല, ചോളം, മല്ലി എന്നിവ കൃഷി ചെയ്തിരിക്കുന്നു. പുളിമരങ്ങൾ ഗ്രാമവാസികളുടെ വരുമാനമാർഗമായിരുന്നു. പറവകളുടെ വരവോടെ അതു നിലച്ചു. മണ്ണിലെ കൃഷികളും മുടങ്ങി. പക്ഷികൾ കൂടു കൂട്ടുന്ന മരങ്ങൾ മുറിക്കുന്നത് നിയമം മൂലം തടഞ്ഞിട്ടുണ്ട്. ഇവയെ പരിപാലിക്കുന്നതിനും അവയ്ക്കു കൂടു കൂട്ടുന്നതിനും മറ്റുമായി കൂടുതൽ സഹായം ഗ്രാമവാസികൾ ചെയ്തു കൊടുക്കുന്നതിനുവേണ്ടി തദ്ദേശഗ്രാമതലത്തിലുള്ള ഒരു സംഘത്തിന് കർണാടക ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്, മാണ്ഡ്യ ജില്ലാ പഞ്ചായത്ത്, ജലസേചനവകുപ്പ്, മത്സ്യഡിപ്പാർട്ട്മെന്റ് എന്നിവ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.

ഗ്രാമവാസികൾക്കു കൃഷിനാശത്തിനു നഷ്ടപരിഹാരമായി തുല്യമായ തുക നൽകുന്നുണ്ട്. ഗ്രാമവന സംഘത്തിനു പക്ഷികളെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും അവയുടെ കാഷ്ഠം ശേഖരിച്ച് വളമായി ഉപയോഗിക്കുന്നതിനും പണം ഗ്രാന്റായി നൽകുന്നു. പക്ഷിക്കാഷ്ഠത്തിൽനിന്നു വൻതോതിൽ ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ ലഭിക്കുന്നതിനാൽ അതും ഗ്രാമവാസികൾക്കു വരുമാനമാർഗമാണ്. ഗ്രാമത്തിൽക്കൂടി ചുറ്റിസഞ്ചരിച്ചാൽ തലങ്ങും വിലങ്ങും, വലുതും ചെറുതുമായ പെലിക്കൻ പക്ഷികളും പെയന്റ് സ്റ്റോർക്കുകളും പറക്കുന്നതു കാണാം. എല്ലാ വൃക്ഷങ്ങളിലുംതന്നെ നിറയെ പറവകളുണ്ടാകും. ഇവയുടെ ചലനങ്ങളോരോന്നും വളരെ കൗതുകം നിറഞ്ഞതാണ്. പക്ഷികളുടെ ഫോട്ടോ എടുക്കുന്നവർക്ക് ഈ സ്ഥലം ഏറെ പ്രിയങ്കരമാണ്. ഏഷ്യയിലെ പല രാജ്യങ്ങളിലായി മുപ്പതിനായിരത്തോളം ദേശാടനപ്പറവകൾ വന്നുപോകുന്നതായി കണക്കാക്കപ്പെടുന്നു. 2006 ലെ കണക്കനുസരിച്ച് തെക്കേയിന്ത്യയിലെ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാ എന്നിവിടങ്ങളിൽ മാത്രമായി ഏകദേശം അയ്യായിരം പക്ഷികളുണ്ടായിരുന്നു.

ശക്തിയായ കാലവർഷത്തിനുശേഷം സെപ്റ്റംബർ മാസത്തോടെ ഈ പറവകൾ കൂട്ടമായി എത്തുന്നു. കൂടുകൂട്ടി ഒക്ടോബർ, നവംബർ മാസങ്ങളിൽ മുട്ടയിട്ട് അടയിരിക്കുന്നു. മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾക്കു ചിറകു മുളയ്ക്കാൻ മൂന്നു മാസമെടുക്കും. വേനൽക്കാലംവരെ കുഞ്ഞുങ്ങൾക്കു തീറ്റകൊടുത്തു വളർത്തും. വേനലിന്റെ കൊടുംചൂടു തുടങ്ങുമ്പോൾ ഏപ്രിൽ, മേയ് മാസം മുതൽ ഇവ സ്വന്തം നാട്ടിലേക്കു പറന്നകലും. ഇത് കാലാകാലങ്ങളിൽ നടക്കുന്ന ഒരു പ്രക്രിയയാണ്. തത്കാലത്തേക്കെങ്കിലും പക്ഷികളുടെ ഈ കൂടുമാറ്റത്തിൽ ഗ്രാമവാസികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ദുഃഖമുണ്ട്.

പക്ഷികളെ കാണുന്നതിനുള്ള ഏറ്റവും നല്ല സമയം ഡിസംബർ, ജനുവരി മാസങ്ങളാണ്. ഈ സമയം ടൂറിസ്റ്റുകളുടെ തിരക്കാണ്. ഗ്രാമമദ്ധ്യത്തിലുള്ള മരങ്ങളിൽ വളരെ സ്വതന്ത്രമായി വിഹരിക്കുകയും മനുഷ്യരുമായി സൗഹൃദത്തിൽ ജീവിക്കുകയും ചെയ്യുന്ന ഈ പറവകൾക്കു വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. മരക്കൊമ്പിലെ കൂടുകളിൽനിന്നു ചിലപ്പോൾ കുഞ്ഞുങ്ങൾ താഴെ വീഴാറുണ്ട്. ഗ്രാമവാസികൾ അവയെ പരിചരിക്കും. ഇവയുടെ കൂടുകൾ സംരക്ഷിക്കുന്നതിനും മറ്റുമായി മൈസൂർ അമച്വർ നാച്വറലിസ്റ്റ് (മോൻ) എന്ന സംഘടന ഗ്രാമവാസികളോടു ചേർന്നു പ്രവർത്തിക്കുന്നു. മൈസൂറിൽനിന്നു ശ്രീരംഗപട്ടണത്തിലുള്ള രംഗണത്തിട്ടു പക്ഷി സങ്കേതത്തിലേക്ക് 18 കിലോമീറ്റർ ദൂരമുണ്ട്. ഇവിടെയുള്ള പറവകൾ കൊക്കരബല്ലൂരിലേക്കും കൊക്കരബല്ലൂരുള്ളവ രംഗണത്തിട്ടുവിലേക്കും ഷട്ടിൽ സർവ്വീസു നടത്തുന്നതു കാണാം.

ബാംഗ്ലൂർ സിറ്റിയിൽനിന്നു ബാംഗ്ലൂർ-മൈസൂർ ഹൈവേയിൽ 83 കിലോമീറ്റർ (52 മൈൽ) സഞ്ചരിച്ച് അവിടെനിന്ന് കൊക്കരബല്ലൂർ എന്നെഴുതിയ ബ്രാഞ്ച് റോഡിൽ 13 കിലോമീറ്റർ യാത്ര ചെയ്താൽ പറവകളുടെ ഗ്രാമമായ കൊക്കരബല്ലൂരിലെത്താം. ബസിലാണെങ്കിൽ കോഫിഡേ എന്ന ലാൻമാർക്ക് ഹോട്ടലിനു മുന്നിലിറങ്ങണം. ബാംഗ്ലൂരിൽനിന്നു മൈസൂറിലേക്ക് ഓരോ മൂന്നു മിനിറ്റിലും സർവീസുണ്ട്. അടുത്ത റെയിൽവേ സ്റ്റേഷൻ മാണ്ഡ്യയും മധൂരുമാണ്. 2007ൽ വന്യജീവി സംരക്ഷണനിയമപ്രകാരം കൊക്കരബല്ലൂരിനെ കമ്മ്യൂണിറ്റി റിസർവ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ■

---

**മിനിക്കഥ** — ഡോ. സി. വെള്ളരിങ്ങാട്ട്

## പെൺകുട്ടിയുടെ സത്യസന്ധത

ലണ്ടനിലെ ഒരു അപ്രധാന തെരുവിന്റെ അരികുചേർന്ന് ഒരു പെൺകുട്ടി എന്തോ തിരയുന്നു. ആ വഴി വന്ന മാന്യൻ കാര്യം തിരക്കി. "അമ്മ തന്ന നാണയം കൈയിൽനിന്ന് ചാടിപ്പോയി.'' കുട്ടി സങ്കടത്തോടെ പറഞ്ഞു. സഹതാപം തോന്നിയ അയാളും നാണയം കണ്ടെത്താൻ പരിശ്രമിച്ചു. പക്ഷേ, കിട്ടിയില്ല. അവസാനം അയാൾ സ്വന്തംപോക്കറ്റിൽനിന്ന് ഒരു നാണയം എടുത്തുകൊടുത്ത് കുട്ടിയെ സമാധാനിപ്പിച്ചശേഷം നടകൊണ്ടു. പക്ഷേ, കുട്ടി ആ നാണയം സ്വീകരിച്ചെങ്കിലും സ്വന്തം നാണയത്തിനായി തിരച്ചിൽ തുടർന്നു. തന്റെ അമ്മ പറഞ്ഞിട്ടുണ്ടായിരുന്നു, എന്തെങ്കിലും കാണാതെ പോയാൽ പരി. കന്യകാമാതാവിനോട് പ്രാർത്ഥിച്ച് 'എത്രയും ദയയുള്ള മാതേ' എന്ന പ്രാർത്ഥന ചൊല്ലി അന്വേഷിച്ചാൽ നഷ്ടപ്പെട്ട സാധനം കണ്ടെത്താമെന്ന്.

അവൾ പ്രാർത്ഥന ചൊല്ലിക്കൊണ്ട് തെരച്ചിൽ തുടർന്നു. ഒരു ഇലയുടെ കീഴിൽ കിടന്ന നാണയം കണ്ടെടുത്തു. സന്തോഷത്തോടെ അവൾ ആ മാന്യന്റെ പിന്നാലെ ഓടി. അയാൾ അത്ര ദൂരത്തല്ലായിരുന്നു. അടുത്തുചെന്ന് അവൾ വിളിച്ചുപറഞ്ഞു: "സർ, എനിക്ക് എന്റെ നാണയം കിട്ടി. ഇതാ നിങ്ങളുടെ നാണയം.'' അവൾ നാണയം അയാളുടെ നേർക്കു നീട്ടി!



(നിങ്ങളാണെങ്കിൽ അതു കൊടുക്കുമോ/സ്വീകരിക്കുമോ?)

# ഇതു നമ്മുടെ വീട്

സിനിമ



ആൻസി സാജൻ

ഒരു വീട് ചിത്രമാവുകയാണ്. സാധാരണ കാഴ്ചകൾ. മിക്ക വീടുകളും ഇങ്ങനെയാണിന്ന്. വീട് വീടാക്കാൻ അവശത മറന്ന് ഏന്തിനടക്കുന്ന അമ്മയും ആരോഗ്യം കുറഞ്ഞ അതിസാധാരണക്കാരൻ അച്ഛനും. മക്കൾ അവരവരുടെ പുതിയ ലോകങ്ങളിൽ ഓവർസ്മാർട്ടായി ഒഴുകി നടക്കുന്നവർ. ഭക്ഷണം, വസ്ത്രം എല്ലാം മുറയ്ക്കു വീട്ടിൽ കിട്ടുന്നതുപയോഗിക്കുകയും സ്വന്തമായ രാജ്യങ്ങളുള്ളവരെന്നു വിചാരിച്ച് ഉയർന്നുനിൽക്കുകയും അപ്ഡേഷനില്ലാത്ത അച്ഛനമ്മമാരെ സഹതാപത്തോടെ നോക്കുകയും ചെയ്യുന്നവർ. അവരുടെ ചിന്തകളിലും ചിറകുകളിലും പാറിയെത്താൻ കഴിവില്ലാത്തവരാണ് അച്ഛനമ്മമാർ എന്നൊരു ധാരണയോടെ ഒഴിഞ്ഞുനടക്കുന്ന മക്കൾ, അനുഭവങ്ങളിലൂടെ അവരിലേക്കുതന്നെ മടങ്ങിയെത്തുന്ന കഥയാണ് 'ഹോം.'

റോജിൻ തോമസ് എന്ന സംവിധായകന്റെ ഏഴുവർഷം നീണ്ട ശ്രമങ്ങൾക്കും അധ്വാനങ്ങൾക്കുമൊടുവിലാണ് 'ഹോം' യാഥാർത്ഥ്യമായത്. ഈ നവസംവിധായകനെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇത് അദ്ദേഹത്തിന്റെ സ്വന്തം ജീവിതവും ചേർന്നതാണോ എന്നു തോന്നിപ്പോകും. ആദ്യസിനിമ സൂപ്പർ ഹിറ്റാക്കിയ യുവസംവിധായകനെ പുതിയ സിനിമ ചെയ്യാനേല്പിക്കുകയാണ് മണിയൻപിള്ള രാജുവിന്റെ കഥാപാത്രമായ നിർമാതാവ്. കൊച്ചിയിലെ ഫ്ളാറ്റിൽ എഴുതാനിരിക്കുന്ന ശ്രീനാഥ് ഭാസിയുടെ കഥാപാത്രത്തിന് എഴുത്തു മുന്നോട്ടു നീക്കാനാവുന്നില്ല. ഫ്ളാറ്റിൽ ഭക്ഷണാവശിഷ്ടങ്ങളും ചുരുട്ടിക്കൂട്ടിയ കടലാസുകെട്ടുകളും കണ്ട് സഹികെട്ട നിർമാതാവ് ആദ്യചിത്രത്തിന്റെ സ്ക്രിപ്റ്റ് എവിടിരുന്നാണ് എഴുതിയതെന്നു ചോദിക്കുന്നു. അപ്പോഴാണ് അയാൾ തന്റെ വീടിനെക്കുറിച്ച് ഓർക്കുന്നത്. അങ്ങോട്ടു പോകാൻ അയാൾ തീരുമാനിക്കുകയാണ്. ആ വീട് തന്നെ ചേർത്തുപിടിക്കുമെന്ന് അയാൾ തീർച്ചപ്പെടുത്തുന്നു.

വീടിന്റെ സ്വാഭാവികചലനങ്ങളാണ് പിന്നീട്. അസുഖങ്ങളുള്ള വൃദ്ധനായ അപ്പച്ചനും സ്മാർട്ട് ഫോൺ ഉപയോഗിക്കാനറിയാത്ത അപ്പനും വീട്ടുഭാരങ്ങൾ മുഴുവൻ തലയിലേറ്റുന്ന അമ്മ കുട്ടിയമ്മയും അനിയനുമടങ്ങുന്ന കുടുംബത്തിന്റെ ചിത്രങ്ങളാണു തുടർന്നുവരുന്നത്.

അദ്ഭുതാവഹമായ ശാന്തതകൊണ്ട് അദ്ഭുതപ്പെടുത്തുന്ന കഥാപാത്രമാണ് ഇന്ദ്രൻസിന്റേത്. 'അയ്യോ പാവം' പോലെ ഒരാൾ. ചിരിച്ചാലും കരഞ്ഞാലും ഒരുപോലെ. എന്നാൽ, ഒരു സീനിൽ അയാളൊരു ചിരി ചിരിക്കുന്നുണ്ട്. ഊറിയൂറിവന്ന് നിറഞ്ഞുതുളുമ്പുന്ന ചിരി. ഒലിവർ ട്വിസ്റ്റെന്നു പേരുള്ള ഈ സിനിമയിലെ ഇന്ദ്രൻസിന്റെ കഥാപാത്രം ശക്തമാകുന്നതിൽ അദ്ദേഹത്തിന്റെ രൂപഭാവങ്ങളും വേഷധാരണവും വലിയ സഹായമേകി. ഒരു കാർട്ടൂൺവരപോലെയാണ് ചില സീനുകളിൽ ഇന്ദ്രൻസെത്തുന്നത്. എന്നാൽ, വ്യത്യസ്തമായ ബനിയനുകളും ഒന്നാന്തരം പാന്റും ഫുൾ സ്ലീവ് ഷർട്ടുമൊക്കെയിട്ട് അമ്പരപ്പിക്കുന്ന ആകർഷണീയതയോടെയാണ് അദ്ദേഹം ചിത്രം കൈയടക്കിയത്. സുന്ദരക്കുട്ടപ്പൻമാരായ നായകൻമാർക്കു തരാൻ കഴിയാത്തത്ര അദ്ഭുതമാണ് വേഷവിധാനത്തിലൂടെ ഇന്ദ്രൻസ് പകരുന്നത്. അങ്ങനെ അദ്ദേഹത്തെ അണിയിച്ചൊരുക്കിയ കലാകാരന്റെ ഭാവനയ്ക്ക് അഭിവാദനങ്ങൾ! തലയിൽ മുടി അത്യാവശ്യത്തിനുപോലുമില്ലെങ്കിലും ആ ചീകിവയ്ക്കലും കൗതുകമാകുന്നു.

അതുപോലെ മഞ്ജു പിള്ളയുടെ കുട്ടിയമ്മ. ഇത്ര സാധാരണമായി മഞ്ജു ഇതിനുമുമ്പ് സീരിയലിലും സിനിമകളിലും പെരുമാറിക്കണ്ടിട്ടില്ല. പൊട്ടിച്ചിരികളും അമിതാഭിനയവും ഇടകലർന്നല്ലാതെയൊരു കഥാപാത്രമാവാൻ മഞ്ജുവിനും ഭാഗ്യം കിട്ടി. മുൻഭാഗത്തെ പല്ലുകൾ കുറച്ച് പൊന്തിച്ചപ്പോൾ കഥാപാത്രം കൂടുതൽ നന്നായി.

തണ്ണീർമത്തൻദിനങ്ങൾതൊട്ട് പ്രേക്ഷകർ നോട്ടമിട്ടതാണ് നെസ്ലൻ എന്ന കൗമാരക്കാരനെ. 'കുരുതി'യിലും ഉണ്ടായിരുന്നു അവൻ. എന്നാൽ, ഈ വീട്ടിലെത്തുമ്പോൾ കുറെക്കൂടി അരുമയാകുന്നു അയാൾ. ഇനിയും കുറെ കഥാപാത്രങ്ങൾക്കു വേണ്ട കാര്യങ്ങൾ അയാളിൽ ഒളിഞ്ഞും തെളിഞ്ഞും നിൽക്കുന്നുണ്ട്.

മക്കൾക്ക് മാതാപിതാക്കൾ പഴഞ്ചനാണ്. പുതിയ കാലത്തിന്റെ അതിവേഗങ്ങൾക്കൊത്ത്



നടക്കാനറിയാത്തവർ. അവരുടെ ജീവിതം എല്ലാക്കാലവും ഇങ്ങനെ ആയിരുന്നുവെന്നാണു മക്കളുടെ വിചാരം. എന്നാൽ, വളരെ അസാധാരണമായ

> **മക്കൾക്ക് മാതാപിതാക്കൾ പഴഞ്ചനാണ്. പുതിയ കാലത്തിന്റെ അതിവേഗങ്ങൾക്കൊത്ത് നടക്കാനറിയാത്തവർ. അവരുടെ ജീവിതം എല്ലാക്കാലവും ഇങ്ങനെ ആയിരുന്നുവെന്നാണു മക്കളുടെ വിചാരം. എന്നാൽ, വളരെ അസാധാരണമായ കാര്യങ്ങൾ അവരുടെ ജീവിതംകൊണ്ടും നേടാൻ കഴിഞ്ഞിട്ടുണ്ട് എന്നു മനസ്സിലാക്കുന്നിടത്ത് അവർ അദ്ഭുതംകൊള്ളുന്നു.**

കാര്യങ്ങൾ അവരുടെ ജീവിതംകൊണ്ടും നേടാൻ കഴിഞ്ഞിട്ടുണ്ട് എന്നു മനസ്സിലാക്കുന്നിടത്ത് അവർ അദ്ഭുതംകൊള്ളുന്നു. ഓരോ ജീവിതവും മഹനീയമാണെന്ന സന്ദേശമാണ് 'ഹോം' പകരുന്നത്. ഇത്ര ഹൃദയസ്പൃക്കായി വീടിന്റെ സ്പന്ദനങ്ങൾ ചിത്രീകരിച്ച സംവിധായകൻ അഭിനന്ദനമർഹിക്കുന്നു.

സിനിമ കണ്ട സമയം സന്തോഷമായിരുന്നു. വേറേ കുനുഷ്ടുകളൊന്നും ചിന്തിച്ചില്ല. എന്നാലിപ്പോൾ ഓരോന്നൊക്കെ കേൾക്കുമ്പോൾ കൺഫ്യൂഷനാകുന്നു. എഴുതിയ ആൾ സ്വപ്നത്തിൽപ്പോലും കരുതാത്തവിധം ആഗോളീകരണവും അടിയൊഴുക്കുകളും ചിന്താവ്യാപാരങ്ങളും പകർന്ന് ഒരു കലാസൃഷ്ടിയെ വേവലാതിപ്പെടുത്തുന്നതു കാണുമ്പോൾ വായിച്ചവരും കാഴ്ചക്കാരും അന്തംവിടുന്നതുപോലൊരനുഭവം ഈ സിനിമയ്ക്കുണ്ടാവാതിരിക്കട്ടെ.

പുട്ടിനു പീരപോലെ ഇത്തിരി സ്ത്രീവിരുദ്ധത, ഇത്തിരി മതം അല്ലെങ്കിൽ അതുപോലെ വേറെന്തെങ്കിലുമൊക്കെയിട്ടു സാമ്പാറാക്കണ്ട. കാണുന്നവർ കണ്ടോട്ടെ.

വീടു നോക്കുന്ന സ്ത്രീക്കു യഥാസമയം അതിനെ നിയന്ത്രിച്ചു നിർത്താൻ കഴിയുമെന്ന് കുട്ടിയമ്മ കാണിച്ചുതരുന്നുണ്ട്. അതുപോലെ, ശ്രീനിവാസനും ഉർവശിക്കും കൊടുക്കാനുദ്ദേശിച്ച കഥാപാത്രങ്ങളാണ് ഇന്ദ്രൻസ് – മഞ്ജു പിള്ളമാരിലേക്കു വന്നതെന്നും വായിച്ചു. അത് ഏതായാലും നന്നായി എന്നേ പ്രേക്ഷകർക്കു തോന്നുകയുള്ളൂ. വിചാരിക്കാത്തവിധം അർഹതയുള്ളിടത്തു കടന്നിരിക്കാൻ കാലം യഥാർത്ഥ പ്രതിഭയ്ക്ക് തുണ നിൽക്കുമെന്നതിന്റെ തെളിവാണീ ചിത്രം.

പ്രായവും അവശതകളുംകൊണ്ടു തളർന്നേകാന്തരായി കിടക്കുന്ന അച്ഛനും അമ്മയ്ക്കുമിടയിലേക്കു നൂണുകയറി അവരോടു ചേർന്നുറങ്ങുന്ന മക്കളുടെ ചിത്രം പുതിയ ലോകത്തിന്റെ ആശ്വാസചിത്രമാകുന്നു.

ഇന്ദ്രൻസ്, മഞ്ജു പിള്ള, ശ്രീനാഥ് ഭാസി, മണിയൻപിള്ള രാജു, ജോണി ആന്റണി, നെസ്ലൻ, കെ.പി.എ.സി. ലളിത തുടങ്ങി അഭിനേതാക്കളുടെ ആകർഷകമായ നിരതന്നെ ചിത്രത്തിലുണ്ട്. അനൂപ് മേനോൻ സിനിമാനടന്റെ വേഷത്തിലെത്തുന്നു. ഫ്രൈഡേ ഫിലിംസാണ് നിർമാണം. നിർമാതാവ് വിജയ് ബാബു ശ്രദ്ധിക്കപ്പെടുന്ന ഒരു കഥാപാത്രമായും പ്രത്യക്ഷപ്പെടുന്നു. മുമ്പെങ്ങും കാണാത്തവിധം ഒരു നല്ല സിനിമ അണിയിച്ചൊരുക്കുന്നതിൽ പിന്നണിപ്രവർത്തകർ വിജയിച്ചിരിക്കുന്നു.

Deepanalam Weekly
RNI No : 16998/68
Vol. 54 No. 23 Date of Publication 2 Sept 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും




**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008




ടേസ്റ്റിറ്റ്™
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

KTS PRODUCTS

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org